www.malankaralibrary.com

# മലങ്കര സുറിയാനി സഭ രണ്ടായി പിരിയുക

**ജനാഭിപ്രായം മാനിക്കുക**
**സഭാക്കേസുകൾ പിൻവലിക്കുക**
**പിതാക്കന്മാരുടെ വിശ്വാസം സംരക്ഷിക്കുക**




**നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ട്**
(ഉല്പത്തി 13:9)

**Prof. (Dr.) C. A. NINAN**
Trivandrum

www.malankaralibrary.com

www.malankaralibrary.com

# മലങ്കര സുറിയാനി സഭ രണ്ടായി പിരിയുക

ജനാഭിപ്രായം മാനിക്കുക
സഭാക്കേസുകൾ പിൻവലിക്കുക
പിതാക്കന്മാരുടെ വിശ്വാസം സംരക്ഷിക്കുക

**Prof. (Dr.) C. A. NINAN**
Trivandrum

www.malankaralibrary.com

www.malankaralibrary.com

# മലങ്കര സുറിയാനി സഭ രണ്ടായി പിരിയുക

## ജനാഭിപ്രായം മാനിക്കുക
## സഭാക്കേസുകൾ പിൻവലിക്കുക
## പിതാക്കന്മാരുടെ വിശ്വാസം സംരക്ഷിക്കുക

| | |
|---|---|
| By | പ്രൊഫ. (ഡോ.) സി. എ. നൈനാൻ<br>M.Sc., Ph.D., Th.D., D.D., D.Litt. |
| ഒന്നാം പതിപ്പ് | 2002 |
| കോപ്പി | 1000 |
| പ്രസാധകർ | ലോട്ടസ് പബ്ലിക്കേഷൻസ്, പ്ലാമൂട്,<br>തിരുവനന്തപുരം |
| പകർപ്പവകാശം | അനുമതിയോടുകൂടി മാത്രം |
| ടൈപ്പ് സെററിംഗും<br>അച്ചടിയും | ജിയോ പ്രിൻേറഴ്സ്, തിരുവനന്തപുരം |
| വില | 15 രൂപ |

Copies available from Dr. C. A. Ninan, T.C. 12/304, Lotus, Plammood, Pattom, Trivandrum. Ph : 303489, 300207



www.malankaralibrary.com

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

www.malankaralibrary.com

# ആമുഖം

ഒരു നൂററാണ്ടോളം പഴക്കമുള്ള മലങ്കര സുറിയാനി സഭാക്കേസുകൾ കോടതികളും, തെരുവുകളും താണ്ടി ശവക്കോട്ടകളിലേക്കും പള്ളികൾക്കുള്ളിലേക്കും എത്തിക്കഴിഞ്ഞു. സ്ഥിതിഗതികൾ അതീവഗുരുതരവും, അക്രൈസ്തവവും, നാണംകെട്ടതുമായ അവസ്ഥയിലേക്കു തിരിഞ്ഞിരിക്കുന്നു. വിശ്വാസികൾ പോലീസ് മർദ്ദനത്തിനിരയാകുന്നു. അടിയേററു പലരും ആശുപത്രികളിലായി. ആചാര്യന്മാർ അഴിക്കുള്ളിൽ; ശവപ്പെട്ടി അടിച്ചു താഴെ ഇടുന്നു. പോലീസുകാർ വിശ്വാസികളെ 'സംസ്ക്കരിക്കുന്നു'. ആചാര്യന്മാർക്കു ചേർന്ന ശവസംസ്ക്കാരം അവർക്കു ലഭിക്കുന്നില്ല. പട്ടക്കാർ മദ്ബഹാകളിൽ കാവലിരിക്കുന്നു. ജനം പള്ളികൾ കാക്കുന്നു ! പോലീസുകാർ ജനങ്ങളെയും !

ഇനിയും എന്തൊക്കെ സംഭവിപ്പാനിരിക്കുന്നു! ഈ ദുരവസ്ഥയുടെ കാരണം കണ്ടെത്തി അടിയന്തിരമായി പരിഹരിക്കപ്പെടുന്നില്ലെങ്കിൽ ഇതര ക്രൈസ്തവരുടെയും, അന്യമതസ്ഥരുടെയും മുമ്പിൽ കൂടുതൽ കൂടുതൽ പരിഹാസ പാത്രമായി ഈ സഭ (ഇരുകൂട്ടരും) പുറംതള്ളപ്പെടും. ദൈവനാമം ഇതുവഴി ദുഷിക്കപ്പെടുകയും ചെയ്യും. സത്യവിശ്വാസ സംഗതികളെ വികലവും വിവാദപരവുമാക്കുന്ന ചിലരുടെ പ്രവർത്തനങ്ങളുടെ പിന്നിലുള്ള ദുരൂഹത മനസ്സിലാക്കി ഇരുവിഭാഗങ്ങളിലെയും സഭാമക്കൾ ഉണർന്നു പ്രവർത്തിക്കുകയും, മററു പോംവഴികൾ ഇല്ലാത്തതിനാൽ ഇരുവിഭാഗങ്ങളും തെരുവു യുദ്ധം ഒഴിവാക്കി, സമാധാനപരമായി രണ്ടായി പിരിയുവാൻ തക്കവണ്ണം അധികാരികളുടെ മേൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യേണ്ടകാലം സമാഗതമായിരിക്കുന്നു.

മുകളിൽ പറഞ്ഞിരിക്കുന്നതു കൂടാതെ മററനവധി ഒററപ്പെട്ട അനിഷ്ടം സംഭവങ്ങൾ പലയിടത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നു. അഭ്യസ്ഥവിദ്യരും, സമൂഹത്തിൽ സ്ഥാനമുള്ളവരുമായ ഒട്ടനവധി മഹത്തുക്കൾ ഉള്ള ഈ കക്ഷികളിൽ ഇത്തരക്കാർ നിസ്സംഗരായി, അമർഷം കടിച്ചമർത്തി കഴിയുകയാണ്. ഈ അവസ്ഥയും മാറണം. "കാട്ടിലെ തടി, തേവരുടെ ആന, പിടിയെടാ പിടി" എന്നു സഭയോടു പറയരുത്. ഇറങ്ങി പ്രവർത്തിക്കുക. സമാധാനത്തിനു മാത്രമായിരിക്കണം ഈ പ്രവർത്തനം. സമരാഹ്വാനം മുഴക്കുന്ന മേൽപട്ടക്കാരെയും, പട്ടക്കാരെയും ഉപദേശിക്കുക. എടുത്തുചാട്ടക്കാരെ പിന്തിരിപ്പിക്കുക. ഇതു ചെയ്യാതിരുന്നാൽ നാമും അവർ ചെയ്യുന്ന തെററിനെല്ലാം കുററക്കാർ തന്നെ. ദുർവാശി കേററൽ പോലെ ദുർമൗനവും തെററാകുന്നു. ഈ പുസ്തകം എഴുതുവാനുള്ള എൻെറ ഉൾപ്രേരണയും ഇതു തന്നെയാകുന്നു. ആദ്യമായി കാര്യങ്ങൾ സത്യസന്ധമായി മനസ്സിലാക്കുക. വന്നുപോയ തെററുകൾ തിരുത്തുക (തിരുത്തുവാൻ ധാരാളം ഉണ്ട്). ഒരു മണിക്കൂർ കൊണ്ട് ഇതിന് നിങ്ങളെ ഈ പുസ്തകം സഹായിക്കും.

ഇതിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും എൻെറ ഉത്തമബോദ്ധ്യ പ്രകാരമുള്ളതാകുന്നു. ആരെയും വ്യക്തിപരമായി അവഹേളിക്കുന്നതിനു വേണ്ടിയുള്ളതല്ല. കാര്യങ്ങൾ തുറന്നുപറയുന്നത് സത്യത്തിൻെറ സംരക്ഷണത്തിനു വേണ്ടിമാത്രമാകുന്നു. സഭാമേലദ്ധ്യക്ഷന്മാരെ വ്യക്തി എന്ന നിലയിൽ ഞാൻ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നു. വിശ്വാസ കാര്യത്തിലുള്ള അഭിപ്രായവ്യത്യാസം മറച്ചു വയ്ക്കുന്നുമില്ല. ഇരുപക്ഷത്തുമുള്ള അയ്മേനികളും, പുരോഹിതരും സത്യം മാത്രം കണ്ടെത്തി സഭയിൽ ശാശ്വത സമാധാനം ഉണ്ടാക്കുവാൻ ഇതു സഹായകമാകണം എന്നാണ് എൻെറ ആഗ്രഹവും. രണ്ടുവിഭാഗങ്ങളായി പിരിഞ്ഞ് അന്യോന്യം സ്നേഹത്തിൽ കഴിയാനേ ഇനിയും സാധിക്കുകയുള്ളൂ. അതെത്രയും വേഗം ചെയ്യുന്നുവോ, അത്രയും നന്ന്.

**സി. എ. നൈനാൻ**



www.malankaralibrary.com

www.malankaralibrary.com



പാത്രിയർക്കാ അരമന കത്തീഡ്രലിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന ശ്രേഷ്ഠ കാതോലിക്ക ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവായുടെ സ്ഥാനാരോഹണ ശുശ്രൂഷ



www.malankaralibrary.com

www.malankaralibrary.com

# വിഷയ സൂചിക


1. സഭയുടെ ഉല്പത്തി
2. ഊർശ്ലേമിൻെറ ഒന്നാമത്തെ പ്രധാനാചാര്യൻ
3. തോമ്മാ ശ്ലീഹായും ശീമോൻ പത്രോസും
4. മലങ്കരസഭയിലെ കക്ഷി വഴക്ക്
5. സ്വതന്ത്രസഭാ വാദം
6. പൂട്ടപ്പെട്ട പള്ളികൾ
7. സഭാസ്ഥാപന സംഗതികൾ
8. പത്രോസിൻെറ ഉന്നതപ്പെട്ട സ്ഥാനം
9. മാർ തോമ്മായുടെ ഇടവക
10. ഇരുസിംഹാസന വാദം
11. മാർതോമ്മാ ശ്ലീഹായുടെ സിംഹാസനം എന്നൊന്നുണ്ടോ ?
12. നമ്പർ - 203 നേച്ചൊല്ലി
13. കഷ്ടതയുടെ സഭ
14. മാർ തോമ്മാ സിംഹാസനം ഉപേക്ഷിക്കുന്നു !
15. പരുമല തിരുമേനിയും പാത്രിയർക്കാ സിംഹാസനവും
16. വേദവിപരീതങ്ങൾ ദേവലോകം വഴി
17. കോതമംഗലത്തു ബാവാ മാർ തോമ്മാ സിംഹാസനത്തിലോ ?
18. മലങ്കരസഭാഭാസുരനേയും തിരുത്തുന്നുവോ ?
19. മാവേലിക്കര പടിയോലയിലെ സത്യങ്ങൾ മറക്കാമോ ?
20. നമസ്ക്കാരങ്ങൾ വികലമാക്കുന്നു
21. പുനരൈക്യ പരിഹാരം !
22. എം. എ. അച്ചനും തോമ്മാ സിംഹാസനവും
23. ഒരേ ഒരു പരിഹാരം മാത്രം
24. വിട്ടുവീഴ്ചയുടെ തുടക്കം തലസ്ഥാനത്താകട്ടെ
25. ധനമോഹം വെടിയുക
26. വിഭജനം ഏകപോംവഴി
27. സ്നേഹപുഷ്പങ്ങൾ വിടരട്ടെ
28. മനംമാററം ഉണ്ടാകണം
29. ഓർത്തഡോക്സ് കക്ഷിയിലെ നല്ല ശമര്യക്കാർ
30. പൊതുശത്രു പാളയത്തിനകത്ത്
31. ഉടനെ ചെയ്യേണ്ട കാര്യങ്ങൾ
32. അനുബന്ധങ്ങൾ
    - I. ഇതാ സഹോദരന്മാർ ....
    - II. സഭാതർക്കത്തിൽ ഏതുവിധി നടപ്പാക്കണം.
    - III. അമേരിക്കൻ അറിവുകേടിൻെറ ........
    - IV. പ. പരുമല തിരുമേനിയുടെ 100 വർഷം മുമ്പുള്ള കല്പന




www.malankaralibrary.com

www.malankaralibrary.com

## 1. സഭയുടെ ഉല്പത്തി

അന്ത്യോഖ്യൻ സുറിയാനിസഭ അറിയപ്പെടുന്നത് 'എല്ലാ സഭകളുടെയും മാതാവ്' (Mother of all Churches) എന്ന പേരിലാകുന്നു. 'സഭ' എന്ന പദം 'ഈദ്തോ' എന്ന സുറിയാനി പദത്തിൻെറ മലയാളമാകുന്നു. ഈദ്തോ എന്ന പദത്തിന് സഭ, പള്ളി എന്നീ രണ്ടു അർത്ഥങ്ങൾ ഉണ്ട്. 'ഈദ്തോ കാദീശ്ത്തോ' എന്നാണ് പറയുക. കാരണം, സഭ പരിശുദ്ധമാണ് - കർത്തൃ മണവാട്ടിയാണ്. പെന്തിക്കോസ്ത് ദിവസം പരിശുദ്ധാത്മാവ് അഗ്നിനാവുകളുടെ സാദൃശ്യത്തിൽ ശ്ലീഹന്മാരിൽ ഇറങ്ങി ആവസിച്ചതു മുതൽ ഈ സഭയുടെ പ്രവർത്തനം ആരംഭിച്ചു. പിറെറന്നാൾ ശ്ലീഹന്മാർ വി. മൂറോൻ തൈലം (Holy Chrism) വാഴ്ത്തി (കർത്താവിൻെറ കബറിൽ നിന്നും ശേഖരിച്ച സുഗന്ധ വസ്തുക്കളും ഒലിവെണ്ണയും ചേരുവകൾ) അതിൻെറ പിറെറന്നാൾ വി. യാക്കോബ് (കർത്താവിൻെറ സഹോദരൻ എന്നറിയപ്പെടുന്ന യൗസേഫിൻെറ മകൻ) സഭയിൽ ആദ്യമായി വി. കുർബ്ബാന അർപ്പിച്ചു. ആദ്യ കുർബ്ബാനയുടെ ദിവ്യ രഹസ്യങ്ങൾ വി. യാക്കോബ് കർത്താവിൽ നിന്നും വായ്മൊഴിയായി (നേരിട്ട്) സ്വീകരിച്ചിട്ടുള്ളതാണ് (അപ്പൊ. പ്രവൃ. 1.2). അതിൻെറ പിറെറ ദിവസം വി. യോഹന്നാൻ വി. കുർബ്ബാന അർപ്പിക്കുകയും ദൈവമാതാവായ വി. കന്യകമറിയാം വി. മാമോദീസാ ഏററ ശേഷം വി. കുർബ്ബാന കൈക്കൊള്ളുകയും ചെയ്തു. യെരുശലേമിലുള്ള മർക്കോസിൻെറ മാളികയിൽ വച്ച് ഇവ നടന്നു. ഇതാണ് ലോകത്തിലെ ആദ്യ ദൈവാലയം. ശ്ലീഹന്മാർ എല്ലാവരും കൂടിയാണ് ഇത് വി. കന്യക മറിയാമിൻെറ നാമത്തിൽ കൂദാശ ചെയ്തത്. ഈ മാളിക ഇപ്പോഴും പ. അന്ത്യോഖ്യൻ സിംഹാസനത്തിൻെറ വകതന്നെ.

## 2. ഊർശ്ലേമിൻെറ ഒന്നാമത്തെ പ്രധാനാചാര്യൻ

ഊർശ്ലേമിൽ പ. റൂഹായുടെ പ്രവർത്തനഫലമായി ഉണ്ടായ വി. സഭയുടെ ഒന്നാമത്തെ പ്രധാനാചാര്യൻ വി. യാക്കോബ് (കർത്താവിൻെറ സഹോദരൻ) ആയിരുന്നു. (ഇദ്ദേഹം എഴുതിയ വി. കുർബ്ബാന തക്സാ വി. സഭയിലെ ആദ്യത്തേതും ഏററം ശ്രേഷ്ഠവുമായി ഇന്നും കരുതപ്പെടുന്നു.) ഊർശ്ലേമിൽ നിന്നും അന്ത്യോഖ്യയിലേക്ക് വി. ശ്ലീഹന്മാർ പോവുകയും ഏക വിശുദ്ധ സഭയുടെ സത്യവിശ്വാസം പ്രസംഗിക്കുകയും ചെയ്തു. അവർക്ക് ക്രിസ്ത്യാനികൾ എന്ന പേരുണ്ടായത് അന്ത്യോഖ്യയിൽ വച്ചായിരുന്നു എന്ന് വി. വേദപുസ്തകത്തിൽ കാണുന്നു (അപ്പോ. പ്ര. 11:26). ശ്ലീഹന്മാരിൽ തലവനായ വി. പത്രോസ് യേറുശലേം, അന്ത്യോഖ്യാ, റോമാ എന്നീ സ്ഥലങ്ങളിൽ സുവിശേഷം അറിയിച്ചു. ക്രിസ്തുവിൻെറ ശരീരമായ സഭയുടെ സിംഹാസനം അന്ത്യോഖ്യയിൽ എ.ഡി. 37-ൽ സ്ഥാപിച്ചു*. റോമിൽ വെച്ച് രക്തസാക്ഷി മരണം പ്രാപിച്ചു (തലകീഴായി ക്രൂശിക്കപ്പെട്ടു). മററു ശ്ലീഹന്മാർ ലോകത്തിൻെറ നാനാഭാഗങ്ങളിലും സുവിശേഷം അറിയിച്ചു. യോഹന്നാൻ ഒഴികെ മറെറല്ലാവരും രക്തസാക്ഷി മരണം പ്രാപിക്കുകയും ചെയ്തു.

## 3. തോമ്മാശ്ലീഹായും ശീമോൻ പത്രോസും

നസ്റായനായ യേശുക്രിസ്തുവിൻെറ സുവിശേഷം മലങ്കരയിൽ എത്തിച്ചത് ക്രിസ്തുശിഷ്യനായ മാർ തോമ്മാശ്ലീഹായാകുന്നു എന്ന് പരമ്പരാഗതമായും അന്ത്യോഖ്യായിലെ പ. സഭാപിതാക്കന്മാരുടെ

* ഫെബ്രുവരി 22 - ആണ്ടുതോറും വി. പത്രോസിൻെറ സിംഹാസന തിരുനാളായി ആഘോഷിക്കുന്നു (മലയാള മനോരമ കലണ്ടർ - 2001)



www.malankaralibrary.com

www.malankaralibrary.com

നമസ്ക്കാരങ്ങൾ വഴിയായും നാം അറിയുന്നു. ചില ചരിത്രകാരന്മാർക്ക് ഇതൊരു സംശയകരമായ വസ്തുതയാണെങ്കിലും വി. സഭയുടെ വിശ്വാസത്തിൻെറയും സഭാചരിത്രത്തിൻെറയും ഭാഗമാണിത്.

കാതോലികം, അപ്പോസ്തോലികം, ഏകം, വിശുദ്ധം എന്നീ നാല് വിശേഷണങ്ങൾ വഴി അറിയപ്പെടുന്ന ആകമാന സഭയ്ക്ക് ഒരു സിംഹാസനമെ ഉള്ളൂ. അത് അറിയപ്പെടുന്നത് കർത്താവിൻെറ ശിഷ്യന്മാരിൽ തലവനായ വി. പത്രോസിൻെറ പേരിലും. ഇതാണ് ആദ്യസഭാസിംഹാസനമായ അന്ത്യോഖ്യാ സിംഹാസനം. ഈ വിശ്വാസ സത്യം ആദികാലം മുതൽ അംഗീകരിച്ചു പോന്ന മലങ്കര (യാക്കോബായ)* സുറിയാനി സഭയിൽ നിന്ന് 1912 ൽ വിഘടിച്ചു മാറിയ ഓർത്തഡോക്സ് വിഭാഗം ഇടക്കാലത്തായി ഉയർത്തി കൊണ്ടുവന്ന നവീന സിംഹാസന (തോമ്മാശ്ലീഹായുടെ) വാദമാണ്, ഇന്നത്തെ അസ്വസ്ഥതകളുടെ എല്ലാം മൂലകാരണം. വൈരുദ്ധ്യമെന്നു പറയണം, ഇന്നും വി. പത്രോസിൻെറ ശ്ലീഹാമുഖ്യൻ (റീശോ ദശലീഹോ) എന്ന സ്ഥാനം ഓർത്തഡോക്സുകാർ വി. കുർബ്ബാനയിലും*, പള്ളികൂദാശ, വി. മൂറോൻ കൂദാശ, ഭവന കൂദാശ* തുടങ്ങിയവകളിലും ഏററു പറയുന്നുമുണ്ട് !! ഇതു പിന്നാലെ കാണുക.

## 4. മലങ്കര സഭയിലെ കക്ഷി വഴക്ക്

ഏതാണ്ട് രണ്ടായിരം വർഷത്തോളം ചരിത്രവും, പാരമ്പര്യങ്ങളും ഉള്ള സുറിയാനി സഭ കഴിഞ്ഞ ഒരു ശതാബ്ദത്തോളമായി രണ്ടു വിഭാഗങ്ങളായി തിരിഞ്ഞു നിന്നു മത്സരിക്കുകയാണ്. ഇരുവിഭാഗങ്ങളുടെയും പ്രധാന തലവനാണ്, അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരിശുദ്ധ പത്രോസിന്നടുത്ത ശ്ലൈഹീക സിംഹാസനത്തിൻെറ പാത്രീയർക്കീസ് (ദമസ്ക്കോസ് ആസ്ഥാനം). അദ്ദേഹം കാനോനികമായി ഇപ്പോൾ വാഴിച്ച (കിഴക്കിൻെറ കാതോലിക്കാ) ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായും അവരെ അനുകൂലിക്കുന്ന ഇടവകകളും ജനങ്ങളും ഒരുവശത്തും* (ബാവാക്കക്ഷി), പ. പാത്രിയർക്കീസിൻെറ മേലധികാരത്തെ ഭരണഘടനയിൽ ഒതുക്കുകയും പരസ്യമായി എതിർക്കുകയും ചെയ്യുന്ന ഓർത്തഡോക്സ് കാതോലിക്കാ ബാവായും (ബസേലിയോസ് മാർ തോമ്മാ മാത്യൂസ് ദ്വിതീയൻ) അദ്ദേഹത്തെ അനുകൂലിക്കുന്ന പള്ളികളും ഇടവക ജനങ്ങളും (മെത്രാൻ കക്ഷി) മറുവശത്തുമായാണ് ഇപ്പോൾ സംഘട്ടനങ്ങൾ അരങ്ങേറുന്നത്.

ഇന്നത്തെ മാർത്തോമ്മാ മാത്യൂസ് ബാവ ഓർത്തഡോക്സ് വിഭാഗത്തിൻെറ 6-ാമത്തെ* കാതോലിക്കാ എങ്കിൽ ഇന്നത്തെ പാത്രീയർക്കീസായ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവാ പ. അന്ത്യോഖ്യാ സിംഹാസനത്തിലെ

---

* യാക്കോബായ സുറിയാനി ക്രിസ്ത്യാനി (Jacobite Syrian Christian) എന്ന മതപ്പേരാണ് എൻെറ സമപ്രായക്കാരായ (73) ഈ സഭാംഗങ്ങളുടെ (ഇരുവിഭാഗവും) എസ്.എസ്.എൽ.സി. ബുക്കിൽ ഇന്നും ഉള്ളത്. ഓർത്തഡോക്സ് എന്ന പേരില്ല. പ. പരുമല തിരുമേനി അന്ത്യോഖ്യാ പാത്രിയർക്കീസിന് സമർപ്പിച്ച ശൽമൂസായിലും യാക്കോബായ സഭ എന്ന പേരാണ് ചേർത്തിരിക്കുന്നത്.

* ശ്ലീഹന്മാരിൽ തലവന്മാരായ ഉന്നതപ്പെട്ട മാർ പത്രോസിനേയും.....

* ശ്ലീഹന്മാരിൽ തലവനായ ശെമവൂൻെറ പ്രാർത്ഥന ......

* വടക്കോട്ടുള്ള പല പള്ളികളിലും സത്യവിശ്വാസ സംരക്ഷണാർത്ഥം ഇവിടെ എത്തിയ അന്ത്യോഖ്യയിലെ പ. പിതാക്കന്മാരുടെ കബറുകൾ ഉണ്ട്. സഭയുടെ സത്യവിശ്വാസവും പാരമ്പര്യങ്ങളും യാതൊരു മാററവും കൂടാതെ സംരക്ഷിക്കപ്പെടുവാൻ ഈ കബറുകൾ പ്രചോദനം നല്കുന്നു. അന്ത്യോഖ്യ-മലങ്കര ബന്ധത്തിൻെറ ജീവനുള്ള കണ്ണികളായി ഇവ ഇന്നും നിലകൊള്ളുന്നു.



www.malankaralibrary.com

www.malankaralibrary.com

143-മത്തെ പാത്രിയർക്കീസാകുന്നു (ഒന്നാമൻ പ. പത്രോസ് ശ്ലീഹാ). ഇഗ്നാത്തിയോസ് (= തീക്കടുത്തവൻ) എന്ന സ്ഥാനപ്പേരുള്ള അന്ത്യോഖ്യാ പാത്രിയർക്കീസിനെ ഇരുവിഭാഗവും വി. കുർബ്ബാനയിൽ ഓർക്കുകയും, (പാത്രിയർക്കീസ് പക്ഷം മുഴുവൻ പേരും (ഇഗ്നാത്യോസ് സാഖാ ഇവാസ് ഒന്നാമൻ) പറഞ്ഞും, ഓർത്തഡോക്സുകാർ അവ്യക്തമായി ഇഗ്നാത്തിയോസ് എന്ന സ്ഥാനപ്പേരു മാത്രം പറഞ്ഞും), ഇരുവിഭാഗത്തിൻെറയും ഭരണഘടനയിൽ ആകമാന സഭയുടെ തലവനായി കാണിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഓർത്തഡോക്സ് വിഭാഗം പാത്രിയർക്കീസിനെ ഏകസഭയുടെ പ്രധാനതലവനായി ആത്മാർത്ഥമായി അംഗീകരിക്കുകയോ, യഥാവിധി ആദരിക്കുകയോ ചെയ്യുന്നില്ല. ഈ പാത്രിയർക്കീസിൻെറ ഇന്ത്യാ സന്ദർശനം (2000) ഗവൺമെൻറു തലത്തിൽ തടസ്സപ്പെടുത്തുകയും അവരുണ്ടാക്കിയ തടസ്സങ്ങൾ നീക്കി അദ്ദേഹം കേരളം സന്ദർശിച്ചപ്പോൾ നേരിൽ ഒന്നു കാണുവാനോ, സംസാരിക്കുവാനോ ഉള്ള സന്മനസ്സുപോലും ഇന്നത്തെ ഓർത്തഡോക്സ് കാതോലിക്കാബാവാ കാണിച്ചതുമില്ല. അതേസമയം പാത്രിയർക്കീസിനെ ബഹുമാനിക്കുന്നു എന്ന് വായ തോരാതെ പ്രസംഗിക്കുന്നുമുണ്ട്. ഒരു "സിറിയൻ പൗരൻ" എന്നും ചിലപ്പോൾ വിളിക്കുന്നു. ഭരണഘടന പ്രകാരമുള്ള സഭയുടെ പരമാദ്ധ്യക്ഷനെ ഇപ്രകാരമാണ് പ്രാദേശിക തലവൻ ആദരിക്കുന്നതെങ്കിൽ സഭ ഒന്നാകുമോ ? മറുഭാഗത്തെ ഭക്തജനം ഇതു സഹിക്കുമോ? ഭരണ ഘടനയുടെ ഒരുഭാഗം മാത്രം ബഹുമാനിച്ചാൽ മതിയോ?

## 5. സ്വതന്ത്രസഭാവാദം

വാസ്തവത്തിൽ പാത്രിയർക്കീസിൽ നിന്നും അന്ത്യോഖ്യാ സിംഹാസനത്തിൻെറ ആത്മീയ ആധിപത്യത്തിൽ നിന്നും അക്ഷരത്തിലും, അർത്ഥത്തിലും സ്വതന്ത്രമാകുക എന്നതാണ് ഓർത്തഡോക്സ് വിഭാഗത്തിൻെറ എക്കാലത്തേയും നിഗൂഢമായ ലക്ഷ്യം. ഇതിനുവേണ്ടി 'ദേശീയത' വരെ ഇവർ ചൂഷണം ചെയ്തു എതിർകക്ഷിയെ രാഷ്ട്രീയതലത്തിലും ഉപദ്രവിക്കുന്നു! എന്നാൽ പാത്രിയർക്കീസ് വിഭാഗത്തിൻെറ പ്രാണനും, ജീവശ്വാസവും അന്ത്യോഖ്യ സിംഹാസനമാകുന്നു. ശ്ലീഹന്മാരിൽ തലവനായ പ. പത്രോസിൽ തുടങ്ങുന്ന, രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള ഈ സിംഹാസനത്തെ ഒരുകാലത്തും, ഒരു കാരണവശാലും ഉപേക്ഷിക്കുവാനോ, തള്ളിപ്പറയുവാനോ, നിന്ദിക്കുന്നതു കേട്ടു സഹിക്കുവാനോ, പാത്രിയർക്കീസ് വിഭാഗത്തിലുള്ള ഒരു വ്യക്തിക്കും സാദ്ധ്യമല്ല. പാത്രിയർക്കാ നിന്ദ മുഖമുദ്രയാക്കിയിട്ടുള്ള ഓർത്തഡോക്സ് പൗരോഹിത്യവുമായി പിന്നെങ്ങിനെ അവർ ഒന്നിച്ചു പോകും? ഇതിനുള്ള ഏക പോംവഴി രണ്ടു വിഭാഗങ്ങളായി പിരിയുകയും കഴിയുന്നത്ര രമ്യതയിൽ ജീവിക്കുകയും ചെയ്യുക മാത്രമാകുന്നു. എന്നാൽ ഇപ്രകാരം പിരിയുവാൻ ഓർത്തഡോക്സ് വിഭാഗം സഹകരിക്കുന്നുമില്ല. പുല്ലു തിന്നുകയും വേണ്ട, തീററുകയും ഇല്ല !! ഫലമോ, ഇരുവരുടെയും നാശം ! ഇതിന് അറുതിവരുത്തിയെ മതിയാവൂ. ഒന്നുകിൽ ഒന്നായി സത്യവിശ്വാസം സംരക്ഷിക്കുക. അല്ല എങ്കിൽ സഭയെ രണ്ടായി വിഭജിക്കുക. ഓർത്തഡോക്സ് നേതൃത്വം ഇവ രണ്ടിനും എതിരാകുന്നു. ഇതു സമാധാനത്തിൻെറ വഴിയല്ല.

---

* 1912 സെപ്ററംബർ 15 ന് ഒന്നാമത്തെ കാതോലിക്കായായി മുറിമററം മാർ ഈവാനിയോസിനെ നിരണം പള്ളിയിൽ വച്ച് അബ്ദൽ മശിഹാ പാത്രിയർക്കീസ് (സ്ഥാനഭ്രഷ്ടൻ) വാഴിച്ചു.



www.malankaralibrary.com

www.malankaralibrary.com

## 6. പൂട്ടപ്പെട്ട പള്ളികൾ

മലങ്കര സഭയിലെ ഇടവകപ്പള്ളികൾ അതാതു ഇടവകക്കാർ അവരവരുടെ ചിലവിൽ പണിയിച്ചിട്ടുള്ളതാകുന്നു. എല്ലാ പള്ളികൾക്കും സ്ഥാപനോദ്ദേശവും ഉണ്ട്. ഇതു മാനിക്കപ്പെടുകയും വേണം. പാത്രിയർക്കീസ് പക്ഷത്തുള്ള പള്ളിക്കാർ അവയുടെ സ്ഥാപനോദ്ദേശപ്രകാരം അന്ത്യോഖ്യയിലെ പിതാക്കന്മാരുടെ സത്യ (orthodox)* വിശ്വാസം പാലിക്കുന്നതിനും അതിൻ പ്രകാരം സഭാജീവിതം നയിക്കുന്നതിനും തടസ്സം സൃഷ്ടിക്കുന്ന കാതോലിക്കാ വിഭാഗത്തിൻെറ പ്രവർത്തനമാണ് ഇപ്പോഴത്തെ സംഘർഷങ്ങളുണ്ടാകുവാൻ കാരണം. പാത്രിയർക്കീസ് പക്ഷത്തുള്ള പള്ളികൾ പൂട്ടിക്കുക എന്ന കുതന്ത്രമാണ് അന്നും ഇന്നും മറുഭാഗം സ്വീകരിച്ചിരിക്കുന്നത്. കഴിഞ്ഞകാല സമാധാനത്തിൻെറ പേരിൽ പല പ്രധാന പാത്രിയർക്കീസ് സ്ഥാപനങ്ങളും ഓർത്തഡോക്സുകാർ കൈവശമാക്കി (ഉദാ: ആലുവാ തൃക്കുന്നത്തു സെമിനാരിയും വസ്തുക്കളും, കട്ടപ്പുറത്തുപള്ളി (തിരുവല്ല), കുന്നംകുളം സിംഹാസനപ്പള്ളി, ഡൽഹി, ബാംഗ്ലൂർ പള്ളികൾ...). മററു പല പള്ളികളും കേസുകളിൽ കുടുക്കി പൂട്ടിക്കുകയും ചെയ്തിട്ടുണ്ട് (ഉദാ. കോലഞ്ചേരി, കടമററം, കുണ്ടറ, മുഖത്തല, ആലുവ, തൃക്കുന്നത്തു സെമിനാരിപ്പള്ളി, വാകത്താനം സെൻറ് മേരീസ്....). ഇപ്പോഴത്തെ ഓർത്തഡോക്സ് കാതോലിക്കാ ബാവാ കൊല്ലം ഭദ്രാസന മെത്രാനായിരിക്കുമ്പോൾ പൂട്ടിച്ച കുണ്ടറ യാക്കോബായ സുറിയാനിപ്പള്ളി ഈയിടെ കാണുവാനിടയായി. ദ്രവിച്ചഴുകി ക്കൊണ്ടിരിക്കുന്ന മേൽക്കൂര, റേഷൻ കണക്കിന് പൊഴിഞ്ഞു വീണുകൊണ്ടിരിക്കുന്നു. എത്രയോ ദുസ്സഹമായ കാഴ്ചയാണിത്. ബാവായും ഇതു കാണുന്നുണ്ടല്ലോ? പ. സഭയുടെ ആദിമുതലുള്ള കാതലായ വിശ്വാസ വൃക്ഷത്തിൻെറ കടയ്ക്കൽ കോടാലി വക്കുന്ന വിശ്വാസ വിപരീതമായ നവീന സംഗതികൾ അടിച്ചേല്പിക്കുവാനുള്ള ഓർത്തഡോക്സ് നേതൃത്വത്തിൻെറ തെററായ ശ്രമം വഴിയാണ് സഭയിൽ ഇതെല്ലാം ഉണ്ടായതും ഉണ്ടാകുന്നതും. ഓർത്തഡോക്സ് നേതൃത്വം ഇപ്പോൾ വരുത്തിക്കൊണ്ടിരിക്കുന്ന വിശ്വാസ വിപരീതങ്ങൾ ഇരുവിഭാഗത്തിലെയും ശുദ്ധഗതിക്കാരും, നല്ലവരുമായ സത്യവിശ്വാസികളെ അറിയിക്കുവാനാണ് ഇനിയും ശ്രമിക്കുന്നത്.

## 7. സഭാസ്ഥാപന സംഗതികൾ

1. സഭയുടെ സിംഹാസനം എന്നാൽ ദൈവപുത്രനായ ക്രിസ്തുവിൻെറ പുതുജീവപരിമളമായ പൗരോഹിത്യം തൻെറ ശരീരമായ വി. സഭയിൽ ഇടമുറിയാതെ പ്രവഹിപ്പിച്ചു നിലനിർത്തുന്ന അപ്പോസ്തോലിക പിന്തുടർച്ചയുടെ ഉറവിടമാകുന്നു. പൗരോഹിത്യം എന്നത് ശ്ലൈഹീകമായ കൈവെപ്പു വഴി മാത്രം പ്രവഹിക്കുന്ന പരിശുദ്ധാത്മ ദാനവുമാകുന്നു (Acts. 8:16-18; 19:6).

2. ഈ സിംഹാസനം (വി. സഭയിലെ ദൈവീക ജീവൻെറ ഉറവിടം) കർത്താവിൻെറ ശിഷ്യപ്രമുഖ്യനായ വി. പത്രോസാകുന്ന പാറമേൽ ദൈവപുത്രനായ ക്രിസ്തു തൻെറ രക്ഷാകരമായ മനുഷ്യാവതാര കാലത്തു തന്നെ കല്പിച്ചു വാഗ്ദാനം ചെയ്തു (മത്താ. 16:16). ക്രിസ്തു തിരുവായ്മൊഴിഞ്ഞ വി. സഭാസ്ഥാപന വാക്യങ്ങൾ താഴെ കാണുക.

1. ബർയോനാ ശീമോനെ, നീ ഭാഗ്യവാൻ;
2. ജഡരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എൻെറ പിതാവ് അത്രെ നിനക്കിതു

* right praise, true worship



www.malankaralibrary.com

www.malankaralibrary.com

വെളിപ്പെടുത്തിയത് (യേശു സാക്ഷാൽ ദൈവപുത്രനാകുന്നു എന്ന സത്യം) (മത്താ. 16:17)

3. നീ പത്രോസ് (പാറ) ആകുന്നു (ദൈവനാത്തിൽ പേർ വിളിക്കുന്നു*)
4. ഈ പാറമേൽ (നിൻെറ ആത്മാവിന്മേൽ - നാമതലം) ഞാൻ എൻെറ സഭയെ പണിയും; (1.കൊരി. 10:4)
5. പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല. (മത്താ. 16:18)
6. സ്വർഗ്ഗത്തിൻെറ താക്കോൽ ഞാൻ നിനക്ക് തരുന്നു. (മത്താ. 16:19)
7. നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും.
8. നീ ഭൂമിയിൽ അഴിക്കുന്നത് ഒക്കെയും സ്വർഗ്ഗത്തിൽ അഴിയപ്പെട്ടിരിക്കും. (മത്താ. 16:19)

3. വീണ്ടും കർത്താവ് തൻെറ ഉയർപ്പിന് ശേഷം വി. പത്രോസിന് പ്രത്യക്ഷനായി വി. സഭയുടെ ഇടയത്വവും (മൂന്നു പ്രാവശ്യം ആവർത്തിച്ച് പറഞ്ഞതു കൊണ്ടു) കല്പിച്ചേകുന്നു (മത്താ. 16.13-19). (പള്ളി കൂദാശയുടെ ഒന്നാം ക്രമം ഏവൻഗേലിയോൻ വായനക്കും ഉപയോഗിക്കുന്നത് ഈ ഭാഗം തന്നെ).

> അവർ പ്രാതൽ കഴിച്ച ശേഷം യേശു ശീമോൻ പത്രോസിനോട് : യോഹന്നാൻെറ മകനായ ശീമോനെ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. അതിനെ അവൻ ഉവ്വ്, കർത്താവേ! എനിക്ക് നിന്നോട് പ്രിയമുണ്ട് എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എൻെറ **കുഞ്ഞാടുകളെ** മേയിക്ക എന്ന് അവൻ അവനോട് പറഞ്ഞു. രണ്ടാമതും അവനോട് : യോഹന്നാൻെറ മകനായ ശീമോനെ, നീ എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. അതിന് അവൻ ഉവ്വ്, കർത്താവേ എനിക്ക് നിന്നോട് പ്രിയമുണ്ട് എന്ന് നീ അറിയുന്നുവല്ലോ എന്ന് പറഞ്ഞു. എൻെറ **ആടുകളെ** പാലിക്ക എന്ന് അവൻ അവനോട് പറഞ്ഞു. മൂന്നാമതും അവനോട് : യോഹന്നാൻെറ മകനായ ശീമോനെ, നിനക്ക് എന്നോട് പ്രിയമുണ്ടോ എന്ന് ചോദിച്ചു. എന്നോട് പ്രിയമുണ്ടോ എന്ന് മൂന്നാമതും ചോദിക്കയാൽ പത്രോസ് ദുഃഖിച്ചു: കർത്താവേ, നീ സകലവും അറിയുന്നു: എനിക്ക് നിന്നോട് പ്രിയം ഉണ്ട് എന്നും നീ അറിയുന്നുവല്ലോ എന്ന് അവനോട് പറഞ്ഞു. യേശു അവനോട് എൻെറ **ആടുകളെ** മേയ്ക്ക (യോഹ. 21.15-18).

4. മേല്പറഞ്ഞ പ്രകാരം, യേശു മറ്റൊരു ശിഷ്യനോടും അരുളി ചെയ്തിട്ടില്ല. ശീമോൻ പത്രോസിൻെറ നാമം ചൊല്ലി അവൻെറ ജീവാത്മാവിന്മേൽ (അൽ ശെമവൂൻ കീപ്പോ ബൻയോ) തൻെറ സഭയെ പണിതു, സ്വർഗ്ഗത്തിൻെറ താക്കോൽ അവനു നൽകി. ഇരു ലോകങ്ങളിലും കെട്ടുവാനും അഴിക്കുവാനും അധികാരം കൊടുത്തു. ആടുകളെ മേയ്ക്കുവാൻ ആജ്ഞാപിച്ചു. ഇപ്രകാരമുള്ള ആത്മീയവും ദൈവീകവുമായ അധികാര കേന്ദ്രമാണ് സഭാ സിംഹാസനം, ഒരു വ്യക്തിക്ക് ഒരിക്കലായി നല്കിയ സ്വർഗ്ഗീയ അധികാരപത്രം ! തൻെറ ഉയർപ്പിനുശേഷം മാളികയിൽ വച്ചും, സ്വർഗ്ഗാരോഹണ മലയിൽ വച്ചും മററു ശ്ലീഹന്മാർക്കും യേശുക്രിസ്തു പൗരോഹിത്യ നൽവരം സമൃദ്ധിയായി നല്കിയിട്ടുണ്ട്. പൗരോഹിത്യം ഉള്ളിടത്തെല്ലാം സിംഹാസനമില്ല. പൗരോഹിത്യത്തിൻെറ ഏകമായ ഉറവിടസ്ഥാനമാണ് സിംഹാസനം. അതു പത്രോസിന്നടുത്തതും തന്നെ എന്നു താഴെക്കാണുക.

* വി. മാമോദീസായിൽ സാത്താനെ ഒഴിപ്പിക്കലും (exorcism) സ്നാനാർത്ഥിയുടെ പേർ ചൊല്ലി വിളിക്കലും (enrollment of candidate) ഉള്ളതുപോലെ



www.malankaralibrary.com

www.malankaralibrary.com

## 8. പത്രോസിൻെറ ഉന്നതപ്പെട്ട സ്ഥാനം

ഓർത്തഡോക്സ് വിഭാഗം കാതോലിക്കാ ആയിരുന്ന ബസേലിയോസ് മാർ തോമ്മാ മാത്യൂസ് I (വട്ടക്കുന്നേൽ ബാവാ തിരുമേനി) പ്രസിദ്ധീകരിച്ച കുർബ്ബാനക്രമം (1959) മാത്രം മതി പത്രോസിന്മേലുള്ള സഭാസ്ഥാപന സത്യം തെളിയിക്കുവാൻ. ഇതിലെ ചില ഉദ്ധരണികൾ താഴെക്കാണുക. ഇന്നും ഈ ഗീതങ്ങൾ ഓർത്തഡോക്സുകാർ പാടി പറയുന്നതും തന്നെ. അവരുടെ പള്ളികളിലെല്ലാം ഈ പുസ്തകവും ഉണ്ട്. ഒന്നാംതരം ഒരു കുർബ്ബാന ക്രമമാണിത്.

കീപ്പാമേൽ* മോറാൻ - സ്ഥാപിച്ചാൻ പള്ളി
ഉച്ചത്തിൽ കർദൂ - ശൈലത്തെ വെല്ലും
മേലാകാശത്തിൽ - മേവീടും ശില്പി
പന്തീരാറാകും - സ്ഥംഭത്തിൽ നിർത്തി

ശെമവൂൻ കീപ്പാ എന്ന പത്രോസ് ശ്ലീഹായുടെ ജീവാത്മാവിന്മേൽ (നാമം ചൊല്ലി വിളിച്ച്) നമ്മുടെ കർത്താവ് (മോറാൻ) തൻെറ പള്ളി (സഭ) സ്ഥാപിച്ചു. കർദൂ പർവ്വതത്തേക്കാൾ ഉന്നതമേറിയ (വെല്ലുന്ന) സ്വർഗ്ഗോന്നതികളിൽ വാഴുന്ന ശില്പിയായ താൻ ഈ സഭയെ പന്തീരാറ് സ്തംഭങ്ങളിന്മേൽ (72 അറിയിപ്പുകാർ) നിർത്തി. അന്ത്യോഖ്യൻ സഭാപിതാക്കന്മാർ സുറിയാനി ഭാഷയിൽ രചിച്ചിട്ടുള്ള ഗാനങ്ങളുടെ പരിഭാഷ മാത്രമാണിവ. ഇവ അതേപടി അനുസരിച്ചിരുന്ന മലങ്കര ഓർത്തഡോക്സ് സഭയാണ് ഇന്ന് ഇതിനെ എതിർക്കുന്നത്.

കർത്താവിൻെറ ശ്ലീഹന്മാർ കുറിവീണതു പോലെ ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും സുവിശേഷം ഘോഷിപ്പാൻ പോയി എന്നും ഇതിൽ പറയുന്നുണ്ട്.

സുവിശേഷം പറവാൻ - കുറി വീണതു പോലെ
ശ്ലീഹന്മാരോരോ - ദേശം തോറും പോയ്
റോമാ ശെമവൂനും - ഇന്ത്യാ തോമ്മായ്ക്കും
മെസ്രേൻ മർക്കോസും - ഹാബീലാദായ്ക്കും
ബെസ്ക്കൽ ബീ - നന്ത്രേയോസിനും വീണു.

ഏക വിശുദ്ധ സഭയുടെ സുവിശേഷം അറിയിക്കുവാനാണ്, (അന്യോന്യം മല്ലിടുന്ന സ്വതന്ത്ര സിംഹാസനങ്ങൾ സ്ഥാപിക്കുവാനല്ല) ശ്ലീഹന്മാർ നാനാദേശങ്ങളിലേക്കും അയയ്ക്കപ്പെട്ടത്. ഏക സഭയെപ്പററി അവർ പഠിപ്പിച്ച സത്യങ്ങളിൽ ഒന്നു താഴെ കാണുക. (മേൽപ്പറഞ്ഞ വട്ടക്കുന്നേൽ ബാവായുടെ പുസ്തകത്തിൽ നിന്നും)

സഭയെ നിത്യം നിൻ - വാതിൽ കാവൽക്കാർ
സാത്താനിൽ നിന്നും - കാക്കുന്നു നിന്നെ
*ശീമോനാധാരം - പൗലുസോ ശില്പി
യൂഹാനോനിഷ്ടൻ - ശുശ്രൂഷക്കാരൻ ഹാ... ഹാ...
റൂഹാ തൻ വീണാ - നാദം ദാവീദാം.

---

* കീപ്പ-പാറ (പാറ എന്ന വാക്കിന് ആത്മീയതലത്തിൽ ആളത്വ സൂചന ഉണ്ട്. വേദപുസ്തകത്തിൽ പലയിടത്തും ദൈവത്തിൻെറ ആളത്വം സൂചിപ്പിക്കുന്നതും പാറ എന്ന വാക്കുവഴിയാകുന്നു. (1. കോരി. 10:4-അവരെ അനുഗമിച്ച ആത്മീയ പാറയിൽ നിന്നല്ലോ അവർ കുടിച്ചതും, ആ പാറ ക്രിസ്തു ആയിരുന്നു...) (സങ്കീ. 61:2, 62:2, 71:3, 95:1, 89:26)

* ശീമോൻ ആധാരശിലയായി പണിയപ്പെട്ടിരിക്കുന്ന സഭ.



www.malankaralibrary.com

www.malankaralibrary.com

ഓർത്തഡോക്സ് സഭയിലെ പേരുകേട്ട കാതോലിക്കായായിരുന്ന മേല്പറഞ്ഞ വട്ടക്കുന്നേൽ തിരുമേനി പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിൽ പറയും പ്രകാരം

1. ശീമോൻ പത്രോസ് - ഏകവിശുദ്ധ സഭയുടെ ആധാരം (foundation)
2. വി. പൗലൂസ് - സഭയുടെ ശില്പി (builder)
3. വി. യോഹന്നാൻ - സഭയുടെ ശുശ്രൂഷകൻ (service)
4. ദാവീദ് - പ. റൂഹായുടെ വീണ (harp of the Holy Spirit)

ഈ ലിസ്റ്റിൽ മററാരും ഇല്ല. തോമ്മാശ്ലീഹായും ഇല്ല. വി. സഭയുടെ ആധാരമായി മാർ തോമ്മാശ്ലീഹായെ ഒരിടത്തും വിശേഷിപ്പിച്ചിട്ടുമില്ല.

## 9. മാർ തോമ്മായുടെ ഇടവക

മലങ്കര മല്പാനായിരുന്ന കോനാട്ട് മാത്തൻ കോറെപ്പിസ്ക്കോപ്പായുടെ മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ പ്രാർത്ഥനാക്രമം പരിഭാഷയ്ക്ക് അന്ത്യോഖ്യായിലെ അബ്ദേദാലോഹോ പാത്രിയർക്കീസ് ബാവാ എഴുതിക്കൊടുത്ത അനുവാദ കല്പന താഴെക്കാണുക.

സർവ്വശക്തനായ സാരാംശപൂർണ്ണനായിരിക്കുന്ന ആദ്യന്തമില്ലാത്ത സ്വയംഭൂവിൻെറ തിരുനാമത്തിൽ തനിക്കു സ്തുതി.

അന്ത്യോഖ്യായുടെ ശ്ലീഹാക്കടുത്ത സിംഹാസനത്തിൻെറ രണ്ടാമത്തെ അബ്ദെദാലോഹൊ ആകുന്ന ബലഹീനനാകുന്ന ഇഗ്നാത്തിയോസ് പാത്രിയർക്കീസ് (മുദ്ര)

നമ്പർ 42

**മാർ തൊമ്മാശ്ലീഹായുടെ ഇടവകയിലുള്ള*** (1910-ലെ ഒന്നായിരുന്ന മലങ്കര യാക്കോബായ സഭ) നമ്മുടെ അനുഗ്രഹിക്കപ്പെട്ട പ്രിയ പുത്രന്മാരായ പട്ടക്കാരുടെ മേലും ശെമ്മാശന്മാരുടെമേലും ശേഷം ജനങ്ങൾ എല്ലാവരുടെയും മേലും ദൈവീക കൃപയും സ്വർഗ്ഗീയ വാഴ്വും വന്നു വസിക്കുമാറാകട്ടെ. കർത്താവിൻെറ വാഴ്വ് ദൈവമാതാവായ വിശുദ്ധ മറിയാമിൻെറയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ അവരുടെമേൽ ഇരിക്കുമാറാകട്ടെ. ആമ്മീൻ.

അനന്തരം നിങ്ങളുടെ സ്നേഹത്തോടു നാം അറിയിക്കുന്നതെന്തെന്നാൽ, നമ്മുടെ പുത്രനായ മലങ്കര മൽപ്പാൻ കാശീശോ മത്തായി അമ്മേനികളുടെ വകയ്ക്കായിട്ട് ഒരു പ്രാർത്ഥനാക്രമം ദൈവമാതാവിനോടും പരിശുദ്ധന്മാരോടും ഉള്ള പ്രാർത്ഥനകളും അനുതാപത്തിൻെറ പ്രാർത്ഥനകളും മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥനകളും മററും എടുത്ത് ചേർത്തു ക്രമപ്പെടുത്തി മലയാള ഭാഷയിൽ എഴുതിയുണ്ടാക്കുകയും അതിനെ സുറിയാനി ഭാഷയിലാക്കി നമ്മുടെ മുമ്പാകെ കൊണ്ടുവന്ന് കാണിക്കുകയും ചെയ്തു. നാം വായിച്ചു പരിശോധിച്ചതിൽ അത് അമ്മേനികൾക്കു പ്രാർത്ഥിപ്പാൻ നല്ലതെന്ന് കണ്ടിരിക്കുന്നു. എന്തെന്നാൽ ജനങ്ങൾക്ക് ഈ കാലത്ത് സുറിയാനി ഭാഷ അറിവാൻ പാടില്ലാത്തതിനാൽ പള്ളിയിൽ പട്ടക്കാർ പാടുകയും വായിക്കുകയും ചെയ്യുന്ന പ്രാർത്ഥനകളുടെ രസം അവർ അറിയാതെ പോകുന്നു. അതുകൊണ്ട് ഈ ദേശത്തെ ഈ ഭാഷ ഉന്നതി പ്രാപിക്കുന്നതുവരെ ഉപയോഗിപ്പാനായിട്ട് ടി. പ്രാർത്ഥനാക്രമത്തെ അച്ചടിച്ച് ജനങ്ങൾക്ക് കൊടുപ്പാൻ നാം അവനെ അനുവദിച്ചിരിക്കുന്നു. നമ്മുടെ കല്പനപ്രകാരം പുസ്തകം അച്ചടിച്ചു തുടങ്ങുകയും ചെയ്തു. ആയതുകൊണ്ട് ജനങ്ങളിൽ ഓരോരുവൻ ഓരോ പുസ്തകം വാങ്ങി അതിൻപ്രകാരം പ്രാർത്ഥിക്കണമെന്ന് നാം നിങ്ങളെല്ലാവരോടും ആജ്ഞാപിക്കുന്നു. നമ്മുടെ കർത്താവിൻെറ കൃപ നിങ്ങളെല്ലാവരേയും കാത്തുകൊള്ളുമാറാകട്ടെ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ... ഇത്യാദി
ക്രിസ്താബ്ദം 1910 ഇടവം 30 നു ശ്രായിപള്ളിയിൽ നിന്ന്.

---

* 1910 - ലെ ഒന്നായിരിക്കുന്ന മലങ്കര യാക്കോബായ സഭ.



www.malankaralibrary.com

www.malankaralibrary.com

(ഓർത്തഡോക്സ് വിഭാഗം ഉണ്ടാകുന്നതിന് 2 കൊല്ലം മുമ്പാണ് ഈ കല്പന എഴുതിയത്. മലങ്കരയെ മാർ തോമ്മായുടെ ഇടവക എന്നാണ് അന്നു വിളിച്ചിരുന്നത്. അതായത് പ. പത്രോസിന്നടുത്ത അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിലുള്ള മലങ്കര മഹാഇടവക)

രണ്ടു കക്ഷികളായി പിളരുന്നതിനു മുമ്പുള്ള ഈ സഭയെപ്പററി) പറയുന്നത് **മാർത്തോമ്മായുടെ ഇടവക (മറയീസോ) എന്നല്ലേ ?** എന്നാൽ ഇന്നു പറയുന്നത് എന്താണ് ? ഇടവക സഭ (ഈത്തോ) യല്ല. ഇടവകയ്ക്ക് പ്രത്യേകം സഭാസിംഹാസനവും ഇല്ല. കോനാട്ടു മല്പാനച്ചനും ഇതല്ലേ വിശ്വസിച്ചതും പഠിപ്പിച്ചതും ? പത്രോസും, തോമ്മായും തമ്മിലുള്ള ബന്ധം ഓർത്തഡോക്സ് കാതോലിക്കായും അവരുടെ ഇടവക മെത്രാന്മാരും തമ്മിലുള്ളതുപോലെ കണ്ടാൽ പോലും സമത്വമുള്ളതല്ലല്ലോ. പിന്നെന്തിനു സിംഹാസന സമത്വ മത്സരം ? ഇതുകൊണ്ട് ആർക്ക് പ്രയോജനം ? ഇതിനു വേണ്ടി സഭാമക്കളുടെ രക്തം ചിന്തിക്കണമോ ? ഇരുവിഭാഗം സഭാമക്കളും ഇതരസഭക്കാരുടെയും, അന്യമതസ്ഥരുടെയും പരിഹാസം ഏൽക്കണമോ ?

## 10. ഇരുസിംഹാസന വാദം

ഇന്ത്യയുടെ (കാവൽ പിതാവും) സുവിശേഷകനായിരുന്ന മാർ തോമ്മാ ശ്ലീഹാ ഒരു കാലത്തും പ. പത്രോസിൻെറ ശ്ലീഹന്മാരിൽ തലവൻ (റീശോ ദശലീഹോ) എന്ന ഉന്നതസ്ഥാനം അവഗണിക്കുകയോ, അതിനെതിരായി മറുതലിക്കുകയോ ചെയ്തിട്ടില്ല.

യേശുക്രിസ്തുവിൻെറ സുവിശേഷം പറയുവാൻ കൃഷ്ണവർണ്ണക്കാരുടെ രാജ്യമായ ഇന്ത്യയിലേക്കു പോകുവാൻ കുറിവീണ തോമ്മാശ്ലീഹാ ശിഷ്യപ്രമുഖനായ പത്രോസിൻെറയും സഭയുടെ ശുശ്രൂഷകനായ യോഹന്നാൻെറയും അടുക്കൽ ചെന്നു പറയുന്നു.

> രാജ്യത്തിൻെറ (സ്വർഗ്ഗരാജ്യം) താക്കോൽ പിടിച്ചിരിക്കുന്ന പത്രോസും നിർമ്മല വ്രതക്കാരനുമായ യൂഹാനോനുമെ! എനിക്കു വേണ്ടി നിങ്ങളുടെ ഗുരുവിനോട് പ്രാർത്ഥിപ്പിൻ.

ഇപ്പോഴും ഉപയോഗത്തിലുള്ള ഈ പ്രാർത്ഥന ഓർത്തഡോക്സ് വിഭാഗം കാതോലിക്കാബാവയും സുറിയാനി ഭാഷയിലും, സഭാ ശാസ്ത്രത്തിലും അത്യഗാധ പണ്ഡിതനുമായിരുന്ന ഔഗേൻ തിമോത്തിയോസ് ബാവായുടെ മലയാള പരിഭാഷയാണ്. മാത്രല്ല, ഓർത്തഡോക്സുകാർ ഇന്നും ഉപയോഗിക്കുന്ന പള്ളികൂദാശാ ക്രമത്തിൽ പറയുന്നു "പരിശുദ്ധ സഭേ! നിനക്ക് ഭാഗ്യം. **മൂലക്കല്ലായവൻ ശെമവൂൻ (പത്രോസ്) ഏററു പറഞ്ഞ വിശ്വാസത്തിന്മേൽ നിൻെറ അടിസ്ഥാനങ്ങൾ സ്ഥിരപ്പെടുത്തിയെന്ന പരിശുദ്ധ സഭേ! നീ ഭാഗ്യവതി".** (ഓർത്തഡോക്സ് പള്ളികൂദാശാ ക്രമം പരിഭാഷ, 2000, പേജ് 52). ഓർത്തഡോക്സുകാരുടെയും സഭാസിംഹാസന ബന്ധം ദൈവതിരുമുമ്പിൽ പത്രോസുമായിട്ടാകുന്നു എന്ന് ഇവിടെ കാണുക! ഇതാണ് ഇവർ ഇപ്പോൾ നിഷേധിക്കുന്നതും !



www.malankaralibrary.com

www.malankaralibrary.com

ദൈവവചനം പറയുന്നു:

> നിങ്ങളുടെ പിതാക്കന്മാരുടെ കാലം മുതൽ നിങ്ങൾ എന്റെ ചട്ടങ്ങളെ പ്രമാണിക്കാതെ തെററി നടന്നിരിക്കുന്നു; എന്റെ അടുക്കലേക്ക് മടങ്ങിവരുവിൻ; ഞാൻ നിങ്ങളുടെ അടുക്കലേക്കും മടങ്ങിവരും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. എന്നാൽ നിങ്ങൾ ഏതിൽ ഞങ്ങൾ മടങ്ങിവരേണ്ടു എന്നു ചോദിക്കുന്നു. മനുഷ്യന്നു ദൈവത്തെ തോല്പിക്കാമോ? എങ്കിലും നിങ്ങൾ എന്നെ തോല്പിക്കുന്നു. എന്നാൽ നിങ്ങൾ : ഏതിൽ ഞങ്ങൾ നിന്നെ തോല്പിക്കുന്നു എന്നു ചോദിക്കുന്നു. ദശാംശത്തിലും വഴിപാടിലും തന്നേ. നിങ്ങൾ, ഈ ജാതി മുഴുവനും തന്നേ, എന്നെ തോല്പിക്കുന്നതുകൊണ്ടു നിങ്ങൾ ശാപഗ്രസ്തരാകുന്നു.
> (മാലാ. 3:7-9)

ദൈവത്തെ തോല്പിക്കുന്ന ജാതിമുഴുവൻ ശാപഗ്രസ്തരാകുന്നു എന്നാണല്ലോ ദൈവവചനം (മാലാഖി 3:9). സഭാനാഥനായ ക്രിസ്തു പത്രോസിനായി വേർതിരിച്ചേർപ്പെടുത്തിയിരിക്കുന്ന 'സ്വസ്ഥാനത്തു' നിന്നും മാററി, അവിടെ മാർതോമ്മായെ നിയമിച്ചാക്കുന്നതും ഒരുതരം തോല്പിക്കലല്ലേ? പാത്രിയർക്കീസിനെയും പത്രോസിനെയുമല്ല, ഇവിടെ തോല്പിക്കുന്നത്. അവരെ നിയമിച്ചാക്കിയവനെയാകുന്നു.

മലങ്കര സഭാമക്കളിൽ 99 ശതമാനം ആളുകളും ദശാംശ കാര്യത്തിൽ ദൈവത്തെ തോല്പിക്കുന്നവർ തന്നെ. യഹോവയെ നിന്റെ ധനം കൊണ്ടും, എല്ലാ വിളവിന്റെയും ആദ്യഫലം കൊണ്ടും ബഹുമാനിക്ക (സദൃ.3:8) എന്ന ദൈവവചനം, കേസു നടത്താൻ പണം കൊടുത്താൽ നിറവേറപ്പെടുമോ?

ആദിമ സഭയിലെ ഒരു പ്രധാന വേദവിപരീതമായിരുന്നു, യേശു ക്രിസ്തുവിന്റെ ഇരുസ്വഭാവവാദം. ക്രിസ്തുവിന് രണ്ടു വ്യത്യസ്ഥ ആളത്വങ്ങൾ (ദൈവത്വവും, മനുഷ്യത്വവും) ഉണ്ട് എന്നവാദമാണിത്. ഏതാണ്ട് ഇതിനോട് സമാനമായ ഒരു വേദവിപരീതമാണ് ഓർത്തഡോക്സ് വിഭാഗം ഇപ്പോൾ പഠിപ്പിക്കുന്ന നിലപാടിൽ ഉള്ളത്. ഏകവിശുദ്ധസഭയുടെ തലവൻ ശ്ലീഹന്മാരിൽ തലവനായ പത്രോസും, ഓർത്തഡോക്സ് വിഭാഗത്തിന്റെ സഭാസിംഹാസനം തോമ്മാശ്ലീഹായുടെ പേരിലും! സഭ പത്രോസിന്മേൽ സ്ഥാപിതമാകുന്നു എന്നു പറഞ്ഞാൽ, സഭയുടെ പൗരോഹിത്യത്തിന്റെയും സത്യവിശ്വാസത്തിന്റെയും ആധാരശില പത്രോസാകുന്നു എന്നർത്ഥം*. ഇതാണ് പത്രോസിന്റെ സിംഹാസനം എന്നതിന്റെ പൊരുൾ. ഏകസഭയുടെ ഏക സിംഹാസനം പ. പത്രോസിന്റെ നാമത്തിൽ തന്നെ. തോമ്മാശ്ലീഹായും മറെറല്ലാ ശ്ലീഹന്മാരും പത്രോസിന്റെ മേൽ പണിയപ്പെട്ടിരിക്കുന്ന ഈ സഭാസൗധത്തിന്റെ കൂട്ടു പണിക്കാരും, കൂട്ടവകാശികളും ആകുന്നു. പക്ഷെ, പത്രോസിനെ തോമ്മാശ്ലീഹായെ ഉപയോഗിച്ച് തള്ളിക്കളയാനുള്ള തന്ത്രമായാണ് ഇന്ന് ഓർത്തഡോക്സുകാർ (മെത്രാൻ കക്ഷികൾ) തോമ്മാശ്ലീഹായുടെ സിംഹാസനം എന്ന പുത്തൻ (ബദൽ) ആശയം കണ്ടു പിടിച്ചത്. എന്നാൽ പ. പത്രോസിന്റെ സഭാസിംഹാസനത്തെ ഇപ്രകാരം അവഹേളിക്കുന്നതിന് ഒരു സത്യവിശ്വാസിക്കും കൂട്ടു നിൽക്കുവാൻ ആവില്ല. രണ്ടു ശ്ലീഹന്മാരെ ഒരേ സമയം ഒരു (സഭയുടെ) ഏക സിംഹാസനം ഉപയോഗിച്ച് കസേരകളിപ്പിക്കുന്ന ഈ നവീന തന്ത്രം

---

* ബുധൻ പ്രഭാത പ്രാർത്ഥനയിൽ എല്ലാ ഓർത്തഡോക്സ് പള്ളികളിലും ഇപ്പോഴും പാടിപ്പറയുന്നു : കീപ്പാപോൽ സഭതന്നാധാരം..... (കീപ്പ = പത്രോസ്) സഭാപിതാക്കന്മാരുടെ കൈമുത്തുമ്പോൾ – അൽ ശെമവൂൽ കീപ്പോ ബനിയോ (ശെവൂൻ കീപ്പമേൽ പണിയപ്പെട്ട സഭ എന്നാണ് പാടുന്നത്. (ഹ്ശീമാ നമസ്ക്കാരം പരിഭാഷ പേജ്. 158 (1998-അഞ്ചാം പതിപ്പ്). പിന്നെ തോമ്മാ സിംഹാസനത്തിന്റെ പ്രസക്തി എന്താണ് ?



www.malankaralibrary.com

www.malankaralibrary.com

വഞ്ചനാപരമാകുന്നു. ഒന്നുകിൽ പത്രോസിനെയും സത്യവിശ്വാസത്തെയും മുഴുവനായും തള്ളിക്കളയുക! അല്ലെങ്കിൽ വി. സഭയുടെ ശ്ലൈഹിക പാരമ്പര്യം അനുസരിച്ചും പ്രാർത്ഥനകളിൽ നിങ്ങൾ ഇന്നും പറയുംപ്രകാരവും പത്രോസിനെ ശ്ലീഹാമുഖ്യനായി അംഗീകരിക്കുകയും, പൊള്ളയായ തോമ്മാസിംഹാസനവാദം ഉപേക്ഷിക്കുകയും ചെയ്യുക! മാർത്തോമ്മാ ശ്ലീഹായെ ഇന്ത്യയുടെ അപ്പോസ്തോലനും കാവൽ പിതാവും, സുവിശേഷകനുമായി (സഭയുടെ പാരമ്പര്യം അനുസരിച്ച്) ആദരിക്കുക. ഇതാണ് വി. സഭയുടെ (പരിശുദ്ധ പരുമല തിരുമേനി ഉൾപ്പെടെയുള്ളവരുടെ) പാരമ്പര്യം. ഇതിനെതിരായി മത്സരിക്കുന്ന തെന്തിന് ? അതിനുള്ള തന്ത്രമല്ലേ മാർത്തോമ്മാ പോലും നിനച്ചിട്ടില്ലാത്ത സഭാസിംഹാസനവാദം? ഇതിൽ കാപട്യം ഉണ്ട്. ഇതാണ് ശരി എന്ന് പാവപ്പെട്ട സഭാമക്കളെ തെററായി ധരിപ്പിച്ചിരിക്കയാണ്. ഇതിൻെറ പേരിലാണ് ഇപ്പോൾ പോരിന് ആളുകളെ അണിനിരത്തുന്നതും! ഇതു ദൈവികമല്ല.

വീണ്ടും, ഓർത്തഡോക്സ് ഭരണഘടനയിൽ പോലും പറയാത്ത മാർത്തോമ്മായുടെ ഈ സിംഹാസനം പരിശുദ്ധ പത്രോസിൻെറ അന്ത്യോഖ്യാ സിംഹാസനത്തിനെതിരായും, ബദലായും ഉയർത്തിപ്പിടിച്ച് ഈ സഭയിൽ ഭിന്നത സൃഷ്ടിക്കുകയും സഭാവഴക്കുകൾ സജീവമായി നിലനിർത്തുകയും ചെയ്യുന്ന ഓർത്തഡോക്സ് കാതോലിക്കാ ബാവാ തന്നെ പത്രോസിൻെറ പേരിൽ സ്വീകരിക്കുന്ന അഭിവാദ്യവും (മൂറോൻ കൂദാശയുടെ ശുശ്രൂഷയിൽ) താഴെക്കാണുക :

അനന്തരം പ്രധാന പുരോഹിതൻ (കാതോലിക്ക) ബീമായിൽ സിംഹാസനത്തിന്മേൽ ഇരിക്കുന്നു. (ഇവിടെ പത്രോസിൻെറ സിംഹാസനം)!!

അർക്കദിയാക്കോൻ :

> ഭാഗ്യവാനായ പിതാവേ! സ്വാഗതം.... തിരുമേനിയുടെ വിനയം കണ്ടതിനാൽ ശ്ലീഹൂസായിൽ അവിടുത്തെ സമസ്ഥാനിയായ ശീമോനെപ്പോലെ (പത്രോസ്) തൻെറ ആടുകളെ മേയിക്കുവാൻ* ഉദരം മുതലേ കർത്താവ് അങ്ങയെ തിരഞ്ഞെടുത്തു. പിതാവെ ഉണർവോടെ എഴുന്നേററു ശെമഒാനുതുല്യം (പത്രോസ്) സ്വപദവിയിൽ (സ്വന്തം പദവി അഥവാ സിംഹാസനം-ഇവിടെ പത്രോസിൻെറത്) നിന്നു കൊണ്ട് അങ്ങയുടെ ആടുകളെ കൂട്ടിച്ചേർത്തു. തൊഴുത്തിൽ പ്രവേശിപ്പിക്കണമെ.

ഈ മംഗളം രണ്ടു പ്രാവശ്യമെങ്കിലും സ്വീകരിച്ചിട്ടുള്ള ഓർത്തഡോക്സ് കാതോലിക്കാബാവാ മാത്യൂസ് II ഇതനുസരിച്ച് മാത്രം പ്രവർത്തിച്ചിരുന്നെങ്കിൽ സഭയിൽ സമാധാനം ഉണ്ടാകുമായിരുന്നു. മാർ തോമ്മായുടെ സിംഹാസനത്തിൽ പരമാദ്ധ്യക്ഷനായി സ്വയം ഇരിക്കുകയും അതിനെതിരായി പത്രോസിൻെറ ശ്ലൈഹിക സ്ഥാനത്തിനു മാത്രമുള്ള മംഗളാശംസ (ദൈവതിരുമുമ്പാകെ) സ്വീകരിക്കുകയുമാണ് ഇവിടെ ചെയ്യുന്നത്. ദൈവസന്നിധിയിൽ ചെയ്യരുതാത്തതല്ലേ ഇവിടെ ചെയ്യുന്നതും ചെയ്യിക്കുന്നതും? പത്രോസിനെ വിട്ടിട്ട് മാർ തോമ്മായുടെ നാമത്തിൽ മാത്രം മംഗളം സ്വീകരിക്കാത്തത് എന്ത് ?

ഇതിൻെറ പേര് എന്താണ് ? ഇതിൻെറ പൊള്ളത്തരം അറിയാവുന്ന സത്യവിശ്വാസികൾക്ക് പത്രോസിനെയും പാത്രിയർക്കീസിനെയും അവഗണിക്കുന്ന ഓർത്തഡോക്സ് കാതോലിക്കായെ സഭാതലവനായി സ്വീകരിക്കാനാകുമോ? പിന്നെ എങ്ങിനെയാണ് സഭ ഒന്നാകുന്നത്? ഒന്നായി നിലനിൽക്കണമെങ്കിൽ പിതാക്കന്മാരുടെ പാരമ്പര്യങ്ങളും സത്യവിശ്വാസവും

---

* യോഹന്നാൻ 21:15-18



www.malankaralibrary.com

www.malankaralibrary.com

അവയുടെ തനിമയിൽ പുനസ്ഥാപിച്ചേ മതിയാവൂ! വിശ്വാസ വിപരീതം ഒരിക്കലും അടിച്ച് ഏല്പിക്കാൻ സാധ്യമല്ലെന്ന് അറിയുക. ഇതുമായി മണർകാട് പോലെയുള്ള സത്യവിശ്വാസികളുടെ പള്ളികൾ പിടിച്ചെടുക്കുവാൻ തുനിയാമോ? ഉള്ളതു കൊണ്ട് തൃപ്തിപ്പെടുക. ഇപ്പോൾ ഉള്ള ആടുകൾ പെന്തിക്കോസ്തു കെണിയിൽ കൂട്ടമായി വീഴാതെ സൂക്ഷിക്കുക*. ഇപ്പോൾ തന്നെ പാവപ്പെട്ട സഭാമക്കളെ, ശവപ്പെട്ടി തള്ളിയിടൽ തുടങ്ങിയ കിരാത സംഭവങ്ങൾ ഉയർത്തിക്കാട്ടി കളിയാക്കുവാനും തികച്ചും വേദവിപരീതികളായ അവരുടെ കൂടെ ചേരുവാൻ ആഹ്വാനം ചെയ്യുവാനും തുടങ്ങിക്കഴിഞ്ഞു. മററുചിലരും കലക്കവെള്ളത്തിൽ മീൻ പിടിക്കുവാൻ പഴയ വലകൾ നന്നാക്കുന്നുണ്ട്. കാൽചുവട്ടിലെ മണ്ണ് ഒലിച്ചു പോകുന്നത് കാണാത്തതെന്ത് ?

## 11. "മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം എന്ന് ഒന്നുണ്ടോ ?"

തിരുവനന്തപുരം മലങ്കര കത്തോലിക്ക ആർച്ച് ബിഷപ്പ്സ് (സിറിൽ മാർ ബസേലിയോസ്) അരമനയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന "ക്രൈസ്തവ കാഹളം" മാസികയിൽ ഫാ. ഇടിക്കുള പാണ്ടിയത്ത് എഴുതുന്നു (സെപ്ററ. 2002, പേജ് 17)

"മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം എന്ന് ഒന്നുണ്ടോ ? അങ്ങനെ ഒന്നുണ്ട് എന്ന് സങ്കല്പിച്ചാൽത്തന്നെ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ആ സിംഹാസനവുമായി എന്തെങ്കിലും ബന്ധമുണ്ടോ ?

"സഭാ കേസ് സംബന്ധിച്ച 1980 ജൂൺ 6-ാം തീയതിയിലെ വിധിയിൽ ജസ്റ്റിസ് ചന്ദ്രശേഖരമേനോൻ ഇപ്രകാരം പറയുന്നു: "മലങ്കര സഭയുടെ സ്ഥാപകൻ എന്ന നിലയിൽ തോമ്മാശ്ലീഹായെ വിശേഷിപ്പിക്കാം. പക്ഷെ ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്ഥാപകനായി മാർത്തോമ്മാ ശ്ലീഹായെ വിശേഷിപ്പിക്കുന്നത് ചരിത്രപരമായ അവാസ്തവ പ്രസ്താവമായിരിക്കും. മാർത്തോമ്മാ ശ്ലീഹായിൽ നിന്ന് മലങ്കര സഭയിലേക്ക് വിഘാതം കൂടാതെയുള്ള അപ്പസ്തോലിക പിൻതുടർച്ചയുണ്ടെന്ന നിഗമനത്തിൽ എത്തിച്ചേരുന്നതിന് മതിയായ രേഖകളൊന്നും ഈ കേസിൽ ഹാജരാക്കിയിട്ടില്ല".

"ഇവിടത്തെ ഓർത്തഡോക്സ് സഭയിലെ കൈവയ്പ്* അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കീസിൻേറതാണ്. ഇവിടെ കാതോലിക്കേററ് സ്ഥാപിച്ചതും അന്ത്യോഖ്യാ പാത്രിയർക്കീസാണ്."

"1-ാം മാർത്തോമ്മാ മരിച്ച് അങ്കമാലി പള്ളിയിൽ കബറടക്കപ്പെട്ടു. രണ്ടാം മാർത്തോമ്മാ മരിച്ച് നിരണത്തുള്ള പള്ളിയിൽ കബറടക്കപ്പെട്ടു. മൂന്നാം മാർത്തോമ്മാ മരിച്ച് കടമ്പനാട് പള്ളിയിൽ അടക്കപ്പെട്ടു. ഇവർക്കാർക്കും മാർത്തോമ്മാ ശ്ലീഹായിൽ നിന്നും പിന്തുടർച്ചയായി കൈവയ്പ് കിട്ടിയിട്ടില്ല."

കത്തോലിക്കാ സഭവഴിയുള്ള ഈ വിവരങ്ങൾ വഴിയും നാം മനസ്സിലാക്കുന്നത് മാർ തോമ്മാ ശ്ലീഹായുടെ സഭാ സിംഹാസനം എന്ന പഠിപ്പീര് സത്യത്തിനു നിരക്കാത്തതാകുന്നു എന്നല്ലേ ? മാർ തോമ്മാശ്ലീഹാ ഒരുവിഭാഗത്തിനു മാത്രമോ? കള്ളം നാവിനു മാത്രമേ വഴങ്ങുകയുള്ളൂ.

## 12. നമ്പർ - 203 നെച്ചോല്ലി

പത്രോസിനെ കർത്താവ് സാത്താൻ എന്ന് വിളിച്ചു എന്നതാണ് തോമ്മായ്ക്ക് സിംഹാസനം ഉണ്ടെന്ന് സ്ഥാപിക്കുവാൻ* ചില ഓർത്തഡോക്സ് വക്താക്കൾ കണ്ടെത്തിയിരിക്കുന്ന ഒരു വലിയ കാര്യം! സാധുക്കളായ സത്യവിശ്വാസികൾക്കു നേരെ എയ്തുവിടുന്ന (കേവലം ബാലിശമായ) ഒരു

---

* അനുബന്ധം IV കാണുക.

* മലങ്കര കത്തോലിക്കാ സഭയുടെ കൈവെപ്പും, മാർ തോമ്മാ സുറിയാനി സഭയുടെ കൈവെപ്പും പ. അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നും ഉള്ളതു തന്നെ.



www.malankaralibrary.com

www.malankaralibrary.com

കൂരമ്പാണിത്. നാല്പതു ദിവസത്തെ നോമ്പുകഴിഞ്ഞ ഉടൻ സാക്ഷാൽ ദൈവപുത്രനെ സാത്താൻ പരീക്ഷിച്ചു. ദൈവപുത്രൻെറ മുമ്പിൽ വച്ച് ഈ സാത്താൻ തന്നെയാകുന്നു പത്രോസിനെയും ഇവിടെ പരീക്ഷിച്ചതും, പത്രോസിൽ നിന്നും ക്രിസ്തു ആട്ടിക്കളഞ്ഞതും. ഇതിനാണ് സാത്താനെ! എന്നെ വിട്ടു പോ, എന്ന് അവനേ പേരു വിളിച്ചു പറയുന്നതും (adjuration of the devil). വി. യാക്കോബായ സഭയിലെ വി. മാമോദീസായിൽ ഇപ്പോഴും സാത്താനെ ഒഴിപ്പിക്കൽ പ്രാർത്ഥന ഉണ്ട് (Prayer of Exorcism). സ്നാനാർത്ഥിയെയല്ല അവനിലുള്ള/അവളിലുള്ള സാത്താനെയാകുന്നു (നാമതലത്തിൽ) ശാസിക്കുന്നത്. പത്രോസ് ഉൾപ്പെടെയുള്ള ശ്ലീഹന്മാരുടെ കാലുകൾ കർത്താവ് കഴുകിയതും ഇതിനു തന്നെ എന്ന്. പെസഹാ വ്യാഴാഴ്ച നടത്തുന്ന കാൽ കഴുകൽ ശുശ്രൂഷയിൽ (അന്ത്യോഖ്യൻ) കാണുക.

(രീതി - കും പൗലൂസ്)

എന്തിനുശീമോനേ! തർക്കിക്കുന്നേവം
എതിരായ് നിൽക്കാതെൻ - വചനം കേൾക്ക
വായുതലത്തിങ്കൽ - കാവലിരിപ്പോനെ*
പോരിൽ തോൽപ്പിപ്പാൻ - ഞാനിഛിപ്പൂ.

പത്രോസ് കർത്താവിനെ തള്ളിപ്പറഞ്ഞു എന്നാണ് ഇവർ ഉന്നയിക്കുന്ന തോമ്മായുടെ സിംഹാസനത്തിൻെറ വേറൊരു പ്ലസ് പോയിൻെറ് ! പത്രോസിനു പററിയ തെററ് തോമ്മായിയ്ക്കു ഭൂഷണം ആകുമോ? ഇതുപോലെ തന്നെ കഴമ്പില്ലാത്തതാണ് നവസിംഹാസന വാദവും. പത്രോസും തോമ്മായും ഉൾപ്പെടെ എല്ലാ ശ്ലീഹന്മാർക്കും ന്യായവിധി സിംഹാസനം (യോവേൽ 3:12) ഒരുക്കുമെന്ന ക്രിസ്തുവിൻെറ വാക്കുകൾ (മത്താ. 19:28) സഭാസിംഹാസന വാഗ്ദാനമല്ലെന്നു ആർക്കാണ് അറിയാത്തത് ? യാക്കൂബ് ത്രിതീയൻ പാത്രിയർക്കീസ് തോമ്മാ സിംഹാസനം എന്ന വേദവിപരീതത്തെ എതിർത്തപ്പോൾ തോമ്മായ്ക്ക് പട്ടത്വം ഇല്ലെന്ന് എഴുതി പോലും (നമ്പർ 203) ! മോങ്ങാനിരുന്ന നായുടെ വായിൽ ഒരു കോൽ ! എന്നെ മാർക്സിസ്റ്റ് ആക്കരുതെന്ന് ഓർത്തഡോക്സ് കാതോലിക്കാ ബാവാ ഈയിടെ പറഞ്ഞതുപോലെ (പത്രവാർത്ത) ഇതും കരുതുക! വ്യക്തിഗതങ്ങളായ ഇത്തരം പ്രസ്താവ്യങ്ങൾ സത്യവിശ്വാസവും ആയി കൂട്ടിക്കുഴയ്ക്കാതിരിക്കുകയാണ് ഇവിടെ ആവശ്യം. ഇതുകൊണ്ട് ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന പാത്രിയർക്കീസിൻെറ അധികാരം ഇല്ലാതാകുമോ? പാത്രിയർക്കീസ് ബാവാ സ്വയം സഭയ്ക്ക് ഇതരനായി തീർന്നു എന്ന് പലപ്പോഴും ഓർത്തഡോക്സ് കാതോലിക്കാ ബാവാ പറഞ്ഞ് കേട്ടിട്ടുണ്ട്.

---

* തോമ്മാ സിംഹാസന വാദത്തിൽ രണ്ട് തെററുകൾ അടങ്ങിയിരിക്കുന്നു - പത്രോസിൻെറ ശ്ലീഹാമുഖ്യൻ എന്ന സ്ഥാനം ബലഹീനമാക്കുകയും (Suppressio veri) തോമ്മായുടെ സിംഹാസനമെന്ന തെററായ വാദം അവതരിപ്പിക്കുകയും ചെയ്യുന്നു. (Suggestio falsi)

* ഓയാറിൽ പതിയിരിക്കുന്ന ദുഷ്ടാത്മാവ്

* മാർതോമ്മാശ്ലീഹായുടെ നാമം വി. ദൈവമാതാവിൻെറയും പത്രോസ് പൗലൂസ് ശ്ലീഹന്മാരുടെയും നാമത്തോടൊപ്പം വി. കുർബ്ബാനയിൽ (നാലാം തുബ്ദേനിൽ) പ. പാത്രിയർക്കീസ് ബാവായുടെ കല്പനപ്രകാരം യാക്കോബായ സുറിയാനിസഭ ഓർക്കുന്നുണ്ട്. എന്നാൽ ഓർത്തഡോക്സ് വിഭാഗം മൈതാനങ്ങളിലും, സ്റ്റേജുകളിലും. സാധാരണ വിശ്വാസികളുടെ വികാരങ്ങളെ ഇളക്കുന്നതിനുവേണ്ടി മാത്രമാണ് ഈ വിശുദ്ധൻെറ പേരു ഉപയോഗിക്കുന്നത്. അടുത്തകാലത്തു മാത്രമാണ് ഇവർ തോമ്മാശ്ലീഹായെ വി. കുർബ്ബാനയിൽ ഓർക്കുവാൻ തുടങ്ങിയത്.

* മലങ്കരസഭ (ഒക്ടോ. 2002) എന്ന ഓർത്തഡോക്സ് സഭാ പ്രസിദ്ധീകരണത്തിൽ സിംഹാസനം എന്നത് ശ്ലീഹന്മാരുടെ പ്രേഷിതവേലയ്ക്കു പ്രാദേശിക തലത്തിൽ നന്ദി കാണിക്കുവാനുള്ള ഒരു അംഗീകാരമായി ഫാ. (ഡോ.) എം. ജോൺ പണിക്കർ വ്യാഖ്യാനിച്ചിരിക്കുന്നു. പ. പത്രോസ് കർത്താവിനെ തള്ളിപ്പറയുകവഴി ശിഷ്യത്വം നഷ്ടപ്പെടുത്തി എന്നും അദ്ദേഹം കണ്ടെത്തിയിരിക്കുന്നു. ബഹു. പണിക്കരച്ചനല്ലാതെ ഇത്തരം വ്യാഖ്യാനങ്ങൾ മററാരും പറഞ്ഞു കേട്ടിട്ടില്ല. കർത്താവിനെ തള്ളിപ്പറയുക വഴി പത്രോസിൻെറ ശിഷ്യത്വം നഷ്ടപ്പെട്ടതായി വി. സഭ പഠിപ്പിക്കുന്നില്ല. മൂന്നുപ്രാവശ്യം പത്രോസ് കർത്താവിനെ തള്ളിപ്പറഞ്ഞതു കൊണ്ടാണ് മൂന്നുപ്രാവശ്യം കർത്താവ് ഇടയത്വ നൽവരം പ്രഖ്യാപിച്ചതെന്നും അച്ചൻ പറയുന്നു. ദൈവമേ! നീ പരിശുദ്ധനാകുന്നു, എന്നു മൂന്നുപ്രാവശ്യം ചൊല്ലുവാൻ സഭപഠിപ്പിക്കുന്നതും കുദാശകളിൽ റുശ്മായ്ക്ക് മൂന്നു ക്രൂശടയാളം വരക്കുന്നതും ഇതുകൊണ്ടാണോ ? ഇത്തരം അബദ്ധ പ്രസ്താവനകൾ പ്രസിദ്ധീകരിക്കുന്നത് മലങ്കരസഭയ്ക്ക് ഭൂഷണമോ? പാത്രിയർക്കീസിനെ തോല്പിക്കാൻ പത്രോസിനെ തരംതാഴ്ത്താമോ?



www.malankaralibrary.com

www.malankaralibrary.com

അദ്ദേഹവും മലങ്കരയിലെ പാത്രിയർക്കീസ് വിഭാഗത്തിന് സ്വീകാര്യനല്ലല്ലോ. എന്നെ നിരീശ്വരവാദം പഠിപ്പിക്കുന്ന കമ്മ്യൂണിസ്റ്റ് ആക്കരുതെ എന്നു പറഞ്ഞതു കൊണ്ട് ബാവാ സ്വയം സഭയ്ക്ക് ഇതരനായോ ? '203' സുന്നഹദോസ് തീരുമാനമല്ല വ്യക്തിപര അഭിപ്രായമാണ്. യോഹന്നാൻെറ സുവിശേഷം 20:19-25 ൻെറ ഉയർത്തെഴുന്നേററ ക്രിസ്തു മററെല്ലാ ശിഷ്യന്മാർക്കും പരിശുദ്ധാത്മ ദാനവും പാപമോചന നൽവരവും നല്കിയ വേളയിൽ തോമ്മാശ്ലീഹാ അവരോടൊപ്പം ഇല്ലായിരുന്നു എന്നത് സത്യം തന്നെയല്ലേ ? അതിനു പ്രത്യേക വ്യാഖ്യാനം ആവശ്യമില്ലല്ലോ.

കൂദാശകൾ നടത്തുമ്പോൾ യഥാർത്ഥ സഭാ സിംഹാസനത്തിലും (പത്രോസിൻെറ സ്ഥാനത്ത്)! കേസുകൾ നടത്തുമ്പോൾ അതിനെതിരായി മാർതോമ്മായുടെ ഇല്ലാത്ത സിംഹാസനത്തിലും ഇരിക്കുന്ന വല്ലാത്ത ഇരുസ്വഭാവമാണ് ഇന്നത്തേ സഭാപ്രശ്നങ്ങളുടെ ഏക കാരണം. മാത്യൂസ് ബാവ എപ്പോഴും പറയും സഭ രണ്ടില്ല, ഒന്നു മാത്രമേ ഉള്ളൂ. എങ്കിൽ അതിൽ സിംഹാസനവും ഒന്നുമാത്രം. പ. പത്രോസിൻെറ സിംഹാസനം തന്നെ! മററതിൽ ഇരുന്നാൽ മൂറോൻ കൂദാശ നടക്കില്ല. കാരണം ശീമോനെപ്പോലെ "സ്വസ്ഥാനത്ത്" അതിൽ ഇരിക്കാനാവില്ല എന്നതു തന്നെ! ഈ അടിസ്ഥാന സഭാസത്യത്തെ മാനിക്കുന്നില്ല എങ്കിൽ സഭ രണ്ടായി പിരിഞ്ഞു പാത്രിയർക്കീസുകാർ ഒരിക്കലും വിധേയപ്പെടുകയില്ലാത്ത തോമ്മാ സിംഹാസനത്തിൽ "സുസ്ഥിരമായി ഇരിക്കുക". പക്ഷേ പാത്രിയർക്കീസുകാരായ സഭാംഗങ്ങൾ പണം മുടക്കിയും രക്തം വിയർപ്പാക്കിയും പണിതിട്ടുള്ള മണർകാട് പോലെയുള്ള പള്ളികളിൽ പാത്രിയർക്കീസിനെയും സത്യവിശ്വാസത്തെയും അവരുടെ മുമ്പിൽ (മദ്ബഹായിലും മററും) നിന്നുകൊണ്ട് Orthodox Rock മോഡലിൽ അവഹേളിക്കുവാനായി പ്രത്യേകം കഴിവുള്ള അച്ചന്മാരെ കല്പന കൊടുത്തു വിടുവാനുള്ള "യോജിപ്പ്" അവർക്കു വേണ്ടേ വേണ്ട. ആയിരം വർഷങ്ങൾക്കു മുമ്പ് മണർകാടുള്ള ഒരു മുൾപ്പടർപ്പിൽ (ഇഞ്ചക്കാട്ടിൽ) ദൈവഹിതപ്രകാരം ഉയർന്നു വന്ന വിശുദ്ധ ദൈവമാതാവിൻെറ പള്ളിയിൽ 'ഇഞ്ചക്കാട്ടച്ചനെ' ദുരുദ്ദേശത്തോടു കൂടി പ്രവേശിപ്പിക്കുവാൻ ശ്രമിക്കുന്നത് ദൈവത്തോടും, പ. ദൈവമാതാവിനോടും വി. സഭയോടും ചെയ്യാവുന്നതിൽ വച്ച് ഏററം വലിയ ദോഷമായിരിക്കും. മനുഷ്യൻ ദൈവത്തോട് പാപം ചെയ്താൽ അവനു വേണ്ടി ആർ അപേക്ഷിക്കും. (1. ശമു. 2.25)

## 13. കഷ്ടതയുടെ സഭ

രണ്ടായിരം വർഷം പഴക്കമുള്ള അന്ത്യോഖ്യൻ സുറിയാനി സഭ ആദികാലം മുതൽ കഷ്ടതയുടെ (റോമ. 8:17) സഭയായിരുന്നു. The Syrian Church is one of suffering, the Roman Church is one of the utility) എന്ന ഒരു ചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്. സത്യവിശ്വാസ സംരക്ഷണത്തിനു വേണ്ടി പരീക്ഷകൾ നേരിടുവാനും, ത്യാഗങ്ങൾ സഹിക്കുവാനും, കഷ്ടപ്പെടുവാനും പാത്രിയർക്കീസ് പക്ഷം ഇന്നും, എന്നും മടിയില്ലാത്തവരാണ്. കാലാകാലങ്ങളിൽ പല മെത്രാന്മാരും ഈ സഭയെ ഉപേക്ഷിച്ചും ഒററിക്കൊടുത്തും പോയിട്ടുണ്ട്. ഈയിടെ ഡിഗ്രിക്കാരായ ചില മെത്രാന്മാർ മറുകണ്ടം ചാടിയിട്ടും ഈ സഭയ്ക്ക് ഒരു പോറൽ പോലും ഏററില്ലല്ലോ? നീതിമാന് അനർത്ഥങ്ങൾ അനവധിയാകുന്നു!. അവ എല്ലാററിൽ നിന്നും ദൈവം അവനെ രക്ഷിക്കും. വിശുദ്ധ സഭയുടെ അവഗണിക്കാൻ ആകാത്ത ഘടകം പച്ചപ്പരമാർത്ഥികളായ

* അനുബന്ധം III.



www.malankaralibrary.com

www.malankaralibrary.com

സത്യവിശ്വാസികളായ അവളുടെ മക്കൾ തന്നെ. അവരുടെ മുന്നേററത്തിൽ ഏതു വേദവിപരീതവും തകർന്നുപോകും. സത്യത്തെ സ്നേഹിച്ചാൽ സഭാകേസുകൾ തീരും. അല്ല എങ്കിൽ കൈവശാവകാശത്തിൻെറ അടിസ്ഥാനത്തിൽ വീതംവച്ച് പരസ്പരം ചുംബിച്ചു പിരിയാം. സന്മനസ്സുണ്ടെങ്കിൽ ആലുവാ തൃക്കുന്നത്ത് സെമിനാരി പോലെയുള്ള പാത്രിയർക്കീസ് വിഭാഗത്തിന് ആത്മീയ വിലപിടിപ്പുള്ളതും, നിങ്ങൾക്ക് ഏതും ഇല്ലാത്തതുമായ, പുണ്യസ്ഥലങ്ങൾ അവർക്കു തിരികെ കൊടുക്കുക. ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് പൗലൂസ് വസിച്ചിരുന്ന മൂവാററുപുഴ അരമനയും കൂടെ.

## 14. മാർ തോമ്മാ സിംഹാസനം ഉപേക്ഷിക്കുന്നു

ഓർത്തഡോക്സ് കക്ഷിയുടെ ഭരണഘടനയിൽ പോലും പറയപ്പെട്ടിട്ടില്ലാത്ത മാർതോമ്മായുടെ സിംഹാസനം തന്ത്രപരമായി ആവശ്യമെന്ന് തോന്നുമ്പോൾ (കൃത്രിമ പല്ലുകൾ പോലെ) മാററിവെയ്ക്കാവുന്നതും ആണെന്നും ഈയിടെ തെളിയിക്കപ്പെട്ടത് മറക്കുവാൻ സമയമായിട്ടില്ല. ഈ സിംഹാസനം യഥാർത്ഥവും ഒഴിച്ചു കൂടാൻ പാടില്ലാത്തതുമായിരുന്നെങ്കിൽ ഇപ്രകാരം മാററി നിർത്താൻ ആകുമായിരുന്നോ? ഒരിക്കലും ഇല്ല.

വി. സഭയുടെ കാനോനാകൾക്ക് അന്യമായതു കൊണ്ടും, സഭയുടെ ആത്മീയ തലവനായ പാത്രീയർക്കീസിനെ നാനാപ്രകാരേണ ധിക്കരിക്കുവാൻ കണ്ടുപിടിച്ച ആയുധമായതു കൊണ്ടും, സഭാമക്കളിൽ സത്യവിശ്വാസം എന്തെന്ന് അറിയാവുന്നവർക്ക് ഈ നവീന സിംഹാസനം ഒരിക്കലും സ്വീകാര്യമല്ല. സുറിയാനി സഭ ഒന്നേയുള്ളൂ എന്ന് ഇടമുറിയാതെ പറയുന്ന ഇവർ രണ്ട് സിംഹാസനങ്ങളുമായി കസേര കളിക്കുകയാണ്. ഒന്ന് പത്രോസിൻെറ യഥാർത്ഥ (actual) സഭാസിംഹാസനവും, മററത് തോമ്മായുടെ ന്യായവിധി സിംഹാസനവും! ഇതുമായി ന്യായാസനങ്ങൾ കയറി ഇറങ്ങിയിട്ടും ആലങ്കാരികമാക്കിയെടുക്കാൻ അല്ലാതെ എന്തു സാധിച്ചു? ഈ (ന്യായവിധിയുടെ) സിംഹാസനം എല്ലാ ശ്ലീഹന്മാർക്കും ഉണ്ടെങ്കിലും സഭാസിംഹാസനം ശ്ലീഹാമുഖ്യനായ പത്രോസിൻെറ പേരിൽ മാത്രം അറിയപ്പെടുന്നതും അപ്പോസ്തോലിക സമൂഹത്തിൻെറ മുഴുവനും മേൽ കൂട്ടായി നിർത്തപ്പെട്ടിട്ടുള്ളതും ആകുന്നു. ദൈവത്തിൻെറ ഏക പുത്രൻെറ ഏക സഭയുടെ (ഈ) ഏകസിംഹാസനത്തിന് വി. സഭയോളം തന്നെ പഴക്കമുള്ളതും (2000 വർഷം) തന്നെ. നീ പത്രോസ് (പാറ) ആകുന്നു. ഞാൻ ഈ പാറമേൽ എൻെറ സഭ സ്ഥാപിക്കും എന്ന് യേശുക്രിസ്തു പറഞ്ഞപ്പോൾ ഇത് ഉളവായി. എ.ഡി. 37 ൽ അന്ത്യോഖ്യയിൽ ചരിത്രപരമായി ഇത് നിലവിൽവരികയും ചെയ്തു (Acts 11:26). ലോകമാസകലം വ്യാപിച്ചിരിക്കുന്ന കത്തോലിക്കാ സഭയുടെ സിംഹാസനവും പത്രോസിനാൽ തന്നെ സ്ഥാപിതവും പത്രോസിൻെറ നാമം പേറുന്നതും തന്നെ. ആകമാനത്വമുള്ള ഒരു സഭയ്ക്കും ഓരോരോ രാജ്യത്തും പ്രത്യേകം പ്രത്യേകം സിംഹാസനങ്ങളില്ല. ഇന്ത്യയിലെ കത്തോലിക്കർക്ക് പോലും പത്രോസിനു ബദലായി മാർ തോമ്മായുടെ പേരിൽ സിംഹാസനം ഇല്ലല്ലോ. സുറിയാനി സഭ വിട്ടു പോയ (അന്ത്യോഖ്യൻ കൈവെപ്പുള്ള) മാർത്തോമ്മാ സഭയ്ക്കും മാർത്തോമ്മായുടെ പേരിൽ സിംഹാസനം ഇല്ല. സഭയിൽ കലഹം ഉണ്ടാക്കാതെ കാനോനികമല്ലാത്ത ഈ സിംഹാസനവുമായി സഭവിട്ടുമാറി അന്ത്യോഖ്യാ ബന്ധം ഉപേക്ഷിക്കുക. കേസുകൾ അവസാനിപ്പിക്കുക. ജനലക്ഷങ്ങൾ സമാധാനമായി കഴിയട്ടെ. മററു മതസ്ഥരുടെ സൈ്വര്യവും കെടുത്താതിരിക്കുക. ഇതിനോട് ചേരുന്ന ഇടവകക്കാരെയും കൂടെ കൊണ്ടുപോവുക. സത്യവിശ്വാസികളെ വെറുതെ വിടുക. അന്യായമായി



www.malankaralibrary.com

www.malankaralibrary.com

പീഡിപ്പിക്കരുത്. സ്വേഛാധിപത്യ രാഷ്ട്രീയം സഭയിൽ അരുത്. സഭ ദൈവത്തിൻേറതാകുന്നു എന്ന് പ്രവർത്തി വഴി വേണം കാണിക്കുവാൻ.

## 15. പ. പരുമല തിരുമേനിയും പാത്രിയർക്കാ സിംഹാസനവും

ഇന്ന് ഓർത്തഡോക്സ് വിഭാഗത്തിൻെറ ആത്മീയ കേന്ദ്രസ്ഥാനമായ പരുമല പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പ. ഗ്രീഗോറിയോസ് തിരുമേനിക്ക് പ. അന്ത്യോഖ്യ സിംഹാസനത്തോട് ഉണ്ടായിരുന്ന ഭയഭക്തിബഹുമാനങ്ങൾ എത്ര വലുതായിരുന്നു എന്നു താഴെ കാണുക. പരിശുദ്ധനായ ഈ തിരുമേനിയെ മെത്രാപ്പോലീത്തയായി വാഴിച്ച അന്ത്യോഖ്യായിലെ പരിശുദ്ധ പത്രോസ് പാത്രിയർക്കീസിനു പ. തിരുമേനി എഴുതി കൊടുത്ത ഉടമ്പടി താഴെ ചേർക്കുന്നു:

"ബാവായും പുത്രനും ജീവനും ശുദ്ധവുമുള്ള റൂഹായുമായ സത്യമുള്ള ഏക ദൈവത്തിൻെറ തിരുനാമത്തിൽ ബലഹീനനും പാപിയുമായുള്ള കൊച്ചി കണയന്നൂർ കോവിലകത്തും വാതുക്കൽ കണയന്നൂർ പ്രവൃത്തിയിൽ മുളന്തുരുത്തി മുറിയിൽ മുളന്തുരുത്തി പള്ളിയിൽ വൈദികവൃത്തി ചാത്തുരുത്തിൽ ഗീവർഗീസ് ദയറായോ ആയ ഞാൻ പാർക്കുന്ന പറവൂരു കിഴക്കേ പള്ളിയിൽ വച്ച് വിശ്വാസത്തോടെ എൻെറമേൽ തന്നെ ഞാൻ പൂർണ്ണമനസ്സോടും സന്തോഷത്തോടും തൃപ്തിയോടും കൂടി എഴുതിവയ്ക്കുന്ന ഉടമ്പടിയാവിത്:

1. സർവ്വശക്തനായിരിക്കുന്ന ജീവനുള്ള ദൈവത്തിൻെറ മുമ്പാകെയും ശുദ്ധമുള്ള തൻെറ മാലാഖമാരുടെ മുമ്പാകെയും ദൈവത്തിൻെറ രഹസ്യങ്ങളുടെ ശുദ്ധതയുടെ ശുദ്ധതയായ ഈ മദ്ബഹായുടെ മുമ്പാകെയും കിഴക്ക് ഇന്ത്യയുടെയും മലയാളത്തിൻെറയും നാലു ഭാഗങ്ങളിലുമുള്ള സുറിയാനി ക്കാരുടെ പൂർവ്വിതലവനായ അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസന ത്തിന്മേൽ വാഴുന്ന മൂന്നാമത്തെ പത്രോസ് എന്ന ഭാഗ്യമുള്ള ഞങ്ങളുടെ പിതാവും ദൈവത്തിൻെറ മേൽപ്പട്ടക്കാരനുമായ മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർ ക്കീസ് ബാവായുടെ ശുദ്ധതയുടെ മുമ്പാകെ ഞാൻ* വാഗ്ദത്തം ചെയ്യുന്നു.

2. ദൈവമായ കർത്താവ് തിരുമനസ്സിലേക്ക് ദീർഘായുസ് നൽകി തിരുമനസ്സിലെ ശ്രേഷ്ഠതയെ കാത്തുകൊള്ളുമാറാകട്ടെ.

3. ചൊവ്വാകപ്പെട്ട ഈ പട്ടക്കാരുടെ മുമ്പാകെയും സകല ജാതികളുടെ മുമ്പാകെയും പുകഴ്ത്തപ്പെട്ട ബ്രിട്ടീഷ് തിരുവിതാംകൂർ കൊച്ചി സർക്കാരിൻെറ മുമ്പാകെയും താഴെ കാണിക്കുന്ന പ്രകാരം ഞാൻ വാഗ്ദത്തം ചെയ്യുന്നു.

4. ഞങ്ങളുടെ വിശ്വാസത്തിൻെറ രഹസ്യം ബലഹീനനായ ഞാൻ അറിയുന്നു. വീണ്ടും സകല നിബിയന്മാരെയും വെടിപ്പുള്ള ശ്ലീഹന്മാരുടെ വിശ്വാസത്തിന്മേലും ശുദ്ധമുള്ള മൂന്നു സുന്നഹദോസുകളുടെ വിശ്വാസത്തിന്മേലും ഇളക്കം കൂടാതെ വാർത്തു സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസം നമ്മോട് പ്രസംഗിച്ചു പഠിപ്പിച്ചു എന്നു ആ ശുദ്ധമുള്ള ബാവാന്മാരെയും ഞാൻ കൈക്കൊണ്ട് ബഹുമാനിക്കുന്നു എന്ന് ദൈവത്തിൻെറ മുമ്പാകെ ഞാൻ വിശ്വസിച്ച് ഏററു പറയുന്നു.

5. മുന്നമെ നമ്മുടെ കർത്താവ് യേശുമിശിഹായുടെ ശിഷ്യന്മാരായ ശുദ്ധമുള്ള 12 ശ്ലീഹന്മാരെയും മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നു നാലു ഏവൻഗെലിസ്തന്മാരെയും ശുദ്ധമാന പള്ളിയുടെ (സഭ) അടിസ്ഥാനക്കാരനും വലിയ തച്ചുപണിക്കാരുനുമായ ഭാഗ്യക്കാരൻ മാർ പൗലൂസ് ശ്ലീഹായെയും ഞാൻ കൈക്കൊള്ളുന്നു.

6. തീയ്ക്കടുത്തവനായ മാർ ഇഗ്നാത്യോസിനെയും (അന്ത്യോഖ്യയുടെ മൂന്നാമത്തേ പാത്രിയർക്കീസ്) ദീവന്നാസ്യോസിനെയും അത്താനാസ്യോ സിനെയും യോലിയോസിനെയും കൂറിലൂസിനെയും ബസ്സേലിയോസിനെയും



www.malankaralibrary.com

www.malankaralibrary.com

ഗ്രീഗോറിയോസിനെയും ദീയൊസ്കൊറൊസിനെയും സേവെരിയോസിനെയും തിമോത്തിയോസിനെയും പീലക്സിനോസിനെയും അന്തീമോസിനെയും തിരഞ്ഞെടുക്കപ്പെട്ടവരിൽ ഉന്നതപ്പെട്ടവനായ മാർ ബറസൌമ്മയെയും ദൈവത്തിൻെറ ശുദ്ധമുള്ള സുറിയാനി പള്ളിയിൽ അവരെപ്പോലെ ഉണ്ടായവരും ഇനി ഉണ്ടാകുന്നവരുമായ സകല മൽപ്പാന്മാരെയും ഞാൻ കൈക്കൊള്ളുന്നു. ശ്ലീഹായ്ക്കടുത്ത വിശ്വാസത്തിനും അന്ത്യോഖ്യായുടെയും ഇന്ത്യ മലയാളം മുതലായ കിഴക്കൊക്കെയുടെയും സുറിയാനിക്കാരുടെ എത്രയും വളരെ പൂർവ്വികമായിട്ടുള്ള പാത്രിയർക്കീസായ അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്മേൽ സ്ഥിരതയോടിരിക്കുന്ന പൊങ്ങപ്പെട്ട മൂന്നാമത്തെ പത്രോസ് എന്ന മോറാൻ മോർ ഇഗ്നാത്ത്യോസ് പാത്രിയർക്കീസ് ബാവായുടെ മേൽപ്പട്ടത്തിനു കടപ്പെട്ടിരിക്കുന്നതുപോലെ എല്ലായ്പോഴും അനുസരണയായിരിപ്പാൻ എനിക്കു ന്യായമാകുന്നു. സദായ്പോഴും ഞാൻ അനുസരിച്ചു അവിടുത്തെ കൽപ്പനകളെ കയ്ക്കൊണ്ട് ഞാൻ ചേർന്നു കൊള്ളുന്നു. അവിടുത്തെ വചനങ്ങളിൽ നിന്നും കാനോന വിധികളിൽ നിന്നും സ്ഥിരപ്പെട്ടിട്ടുള്ള ശട്ടങ്ങളിൽ നിന്നും നടപ്പുകളിൽ നിന്നും അൽപ്പമോ അധികമോ ഇടത്തോട്ടൊ വലത്തോട്ടൊ ഞാൻ ഒരിക്കലും വിട്ടുമാറുന്നതല്ല. എൻെറ വാഗ്ദത്തം നമ്മുടെ പിതാവായ അബ്രാഹാമിൻെറയും ഇസഹാക്കിൻെറയും യാക്കോബിൻെറയും വാഗ്ദത്തത്തിനും ശരിയായിരിക്കുന്നു എന്ന് ഞാൻ പൂർണ്ണമായി സമ്മതിക്കുന്നു.

7. വൃഥാ നിങ്ങൾ എടുത്ത് വൃഥാ നിങ്ങൾ കൊടുപ്പിൻ എന്നപോലെ പട്ടത്വത്തിനു കാനോനപ്രകാരം യോഗ്യമായവർക്കു മാത്രം പട്ടം കൊടുക്കുന്നതല്ലാതെ യാതൊരു പ്രതിഫലങ്ങളും വാങ്ങി ആർക്കെങ്കിലും പട്ടം കൊടുക്കുകയോ 30 വയസ്സ് തികയുന്നതിനു മുമ്പ് കുർബ്ബാന പട്ടം കൊടുക്കുകയോ പള്ളി ഭരിക്കുന്നതിനു വിവാഹം ചെയ്തവരെയല്ലാതെ ചെയ്യാത്തവരായി പട്ടക്കാരെ അയയ്ക്കുകയോ, വിധവയെ കല്യാണം കഴിച്ച ശെമ്മാശന്മാർക്ക് പട്ടം കൊടുക്കയോ കുർബ്ബാനപട്ടം ഏററശേഷം വിധവയെ കല്യാണം കഴിച്ചിട്ടുള്ളതൊ കഴിക്കുന്നതൊ ആയ ആളുകളെയും കുർബ്ബാന പട്ടം ഏററിട്ടുള്ളതോ ഇനി ഏല്ക്കുന്നതൊ ആയ ആളുകൾ പിന്നീടു വിവാഹം ചെയ്താൽ അവരെയും പട്ടക്കാരായി കൈക്കൊള്ളുകയോ കൈക്കൊള്ളുന്നതിന് അനുവദിക്കുകയൊ സമ്മതിക്കുകയോ ഉൽസാഹിക്കയൊ ഉത്സാഹിപ്പിക്കുകയോ നേരായിട്ടും ന്യായമായിട്ടും, തട്ടിപ്പും വഞ്ചനയും കൂടാതെയും ഉള്ള യോഗക്കുറിയോടു കൂടി വരുന്നവർക്കു മാത്രം വേണ്ടുന്ന അന്വേഷണവും പരീക്ഷയും കഴിച്ചല്ലാതെ പട്ടം കൊടുക്കയൊ അന്ത്യോഖ്യായുടെ ശുദ്ധമാക്കപ്പെട്ട ബാവാമാരാൽ ശപിക്കപ്പെട്ടവരെയൊ തള്ളപ്പെട്ടവരെയൊ ഏതുവിധമെങ്കിലും കൈക്കൊള്ളുകയൊ കൈക്കൊള്ളുന്നതിന് അനുവദിക്കുകയൊ സമ്മതിക്കയൊ അവരോടുകൂടെ വല്ലവിധമൊ സംബന്ധപ്പെടുകയോ സംസർഗ്ഗം ചെയ്യുകയോ ആരോടും പക്ഷപത്രിപക്ഷം ചെയ്യുകയൊ എന്നെ അതതുസമയം അധികാരപ്പെടുത്തുന്നതായ അതൃത്തിക്കകത്തുള്ള ആളുകൾക്കല്ലാതെ പട്ടം മുതലായത് കൊടുക്കയോ മററു അതൃത്തികളിൽ നിന്ന് ഏതുപ്രകാരം വരുന്നവനായിരുന്നാലും അവരെ എൻെറ അതൃത്തിക്കകത്തുള്ള പള്ളികളിൽ വേണ്ടുന്ന അന്വേഷണവും മററും കഴിച്ച് ന്യായവും ക്രമവും പാങ്ങും ഉണ്ടെങ്കിലല്ലാതെ ചേർക്കയൊ അങ്ങനെ ചേർക്കാത്തവരുടെ ആത്മീയ സംബന്ധമായും മതസംബന്ധമായുമുള്ള യാതൊരു ആവശ്യങ്ങളും ദിഷ്ടതികളും നടത്തുകയോ നടത്തിക്കയൊ നടത്തുവാൻ അനുവദിക്കയോ മറെറാ ചെയ്യുകയോ അന്യവിശ്വാസക്കാരിൽ നിന്ന് ഏതെങ്കിലും ഞെരുക്കങ്ങളൊ കഷ്ടങ്ങളൊ സങ്കടങ്ങളൊ ഉണ്ടായാലും അതുകൾ ഒക്കെയും നമ്മുടെ വിശ്വാസത്തിനുവേണ്ടി സഹിക്കുന്നതല്ലാതെയോ അന്ത്യോഖ്യായുടെ ശുദ്ധമുള്ള മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായിൽ നിന്ന് ഏതു സ്ഥാനത്തേക്കെങ്കിലും പോകുന്നതിനോ ചെല്ലുന്നതിനോ യാതൊരു സമയമെങ്കിലും കൽപ്പന വന്നാൽ ദീനംകൊണ്ടൊ വാർദ്ധക്യം കൊണ്ടോ മററു യാതൊന്നും കൊണ്ടോ എത്ര ക്ഷീണിതനായാലും അതുകൾ ഒന്നും പ്രമാണിക്കാതെ ഉടനെ കൽപ്പനയാകുന്ന സ്ഥലങ്ങളിലേക്ക് കൽപ്പനപ്രകാരം പോകാതെയോ ചെല്ലാതെയോ ഇരിക്കയൊ ഞാൻ



www.malankaralibrary.com

www.malankaralibrary.com

ഏററിട്ടുള്ളതൊ ഇനി ഏല്ക്കുന്നതൊ ആയ പട്ടത്വത്തിന് അധികാരമില്ലാത്തതും പാടില്ലാത്തതും വിരോധിക്കപ്പെട്ടിട്ടുള്ളതുമായ ഒരു മെത്രാൻ മററൊരു മെത്രാനെ വാഴിക്ക മുതലായ യാതൊരു പ്രവൃത്തികളും ചെയ്കയൊ ഈ ഉടമ്പടിയിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുള്ള നിശ്ചയങ്ങൾ നിയമങ്ങൾ കാനോനാവിധികൾ ഇതുകൾക്കും മററും വിരോധമായി ഞാൻ ഒരിക്കലും ഒരുനാളും ചെയ്യുന്നതല്ല. അഥവാ ചെയ്താൽ ആ പ്രവൃത്തി ചെയ്യുന്നവരും അതുകൾ കൈക്കൊള്ളുകയും ഏൽക്കയും ചെയ്യുന്നവരും ഒരുപോലെ ശപിക്കപ്പെട്ടവരും പ്രാകപ്പെട്ടവരും മഹറോൻ ഏൽക്കപ്പെട്ടവരും ആകുന്നപോലെ ഞാനും ആ നാഴിക മുതൽക്ക് ആയിത്തീരുമെന്ന് ഞാൻ എത്രയും പൂർണ്ണമായി വിശ്വസിക്കുന്നു. കോറഹും ദാതാനും ആബിരോമും അവരോടുകൂടി 250 പട്ടക്കാരും മൂശയ്ക്ക് വിരോധമായി ധൂപം വീശിയതു നിമിത്തം ദൈകോപം അവരുടെ മേൽ ഉണ്ടായി. ഭൂമി അതിൻെറ വായ് പിളർന്ന് അവരെ വിഴുങ്ങുകയും ദൈവതിരുമുമ്പിൽ നിന്നു പുറപ്പെട്ടു എന്ന അഗ്നിയിൽ അവരേയും അവരുടെ പട്ടക്കാരെയും ദഹിപ്പിക്കുകയും ചെയ്തു എന്നുള്ളതും ഞാൻ വിശ്വസിച്ചിരിക്കുന്നു. അപ്രകാരം ചെയ്യുന്നതിന് ദൈവം എന്നെ വിരോധിക്കുമാറാകട്ടെ.

8. ബലഹീനനായ ഞാൻ ഏതുദിവസത്തിൽ ഈ ഉടമ്പടിയിൽ എടുത്തുപറഞ്ഞിട്ടുള്ള നിശ്ചയങ്ങൾ നിയമങ്ങൾ കാനോനവിധികൾക്ക് എങ്കിലും ഈ ഉടമ്പടിയിൽ വളരെ ദീർഘമായി പോവുമെന്നതിനാൽ എടുത്തു പറഞ്ഞിട്ടില്ലാത്തതും പറവാനുള്ളതുമായ യാക്കോബായ സുറിയാനിക്കാരുടെ മററ് അനേകം കാനോനാവിധികൾ നിശ്ചയങ്ങൾ നിയമങ്ങൾ കാനോനാവിധികൾ പോലെ സ്ഥിരപ്പെട്ടിട്ടുള്ള നിയമങ്ങൾ നിശ്ചയങ്ങൾ നടപ്പുകൾ, ചട്ടങ്ങൾ ഇതുകൾക്കെങ്കിലും തിരുമനസ്സിലെയോ ഈ സ്ഥാനത്ത് ഇനി അതതു സമയങ്ങളിൽ വരുന്ന പാത്രിയർക്കീസ് ബാവാമാരുടെയൊ വല്ല കൽപ്പനകൾക്കെങ്കിലും പ്രത്യക്ഷമായോ പരോക്ഷമായോ പ്രകാരത്തിൽ വിരോധമായും വ്യത്യാസമായും പ്രതികൂലമായും നടക്കുകയോ നടത്തുകയോ പ്രവർത്തിക്കുകയോ പ്രവർത്തിപ്പിക്കുകയോ പറകയോ പറയിപ്പിക്കുകയോ ഇപ്രകാരം നടത്തുന്നതിനും പ്രവർത്തിക്കുന്നതിനും പറയുന്നതിനും സഹായിക്കുകയോ സഹായിപ്പിക്കുകയോ സമ്മതിക്കയോ സമ്മതിപ്പിക്കയോ ഉത്സാഹിപ്പിക്കുകയോ ചെയ്യുകയും ഇതുകളെ കവർന്നും കൽപ്പനകളെ വിട്ടും അതുകൾക്കു വിരോധമായി നിന്നും പ്രതിമക്കാരനായി നിന്നും യാക്കോബായ സുറിയാനിക്കാരുടെ വിശ്വാസത്തിനും വിപരീതമായി മററു വഴികൾക്ക് ചേരുകയോ നമ്മുടെ സുറിയാനി പള്ളിയുടെ കീഴ്മര്യാദക്ക് വിപരീതമായി വല്ലതും പ്രവൃത്തിക്കയോ കൈക്കൊള്ളുകയോ ശുദ്ധമുള്ള മൂന്നു സുന്നഹദോസുകളുടെ വിശ്വാസത്തിനു വിപരീതമായുള്ള വിശ്വാസത്തെ വിശ്വസിക്കുകയോ ചെയ്യുന്നതല്ല. അഥവാ ചെയ്താൽ സാത്താനും കായേനും ദൈവത്താൽ ശപിക്കപ്പെട്ട പ്രകാരം ദൈവത്തിൻെറ വായിൽ നിന്നും ശ്ലീഹന്മാരുടെ **തലവനായ മാർ പത്രോസ് ശ്ലീഹായുടെയും നമ്മുടെ കർത്താവീശോമശിഹായുടെ ശ്ലീഹന്മാരായി അവൻെറ സഹോദരന്മാർ 11 പേരുടെ വായിൽ നിന്നും തീക്കടുത്തവനായ മാർ ഇഗ്നാത്യോസിൻെറയും ശുദ്ധമുള്ള മൂന്നു സുന്നഹദോസുകളിൽ കൂടപ്പെട്ട വിശുദ്ധ പിതാക്കന്മാരുടെയും ശുദ്ധമുള്ള റൂഹായാൽ ശ്വാസമിടപ്പെട്ട സകല മൽപാന്മാരുടെ വായിൽ നിന്നും ശുദ്ധമുള്ള മാർ പത്രോസ് ശ്ലീഹായുടെ സമാധികാരിയും നമ്മുടെ കർത്താവീശോമിശിഹായുടെ സത്യത്തിൻെറ വീട്ടധികാരിയുമായി മൂന്നാമത്തെ പത്രോസ് എന്ന പൊങ്ങപ്പെട്ട മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്മേൽ എന്നേയ്ക്കോളം തൻെറ പിൻവാഴ്ചക്കാരായി വന്ന സകല മേൽപ്പട്ടക്കാരുടെ വായിൽ നിന്നു ശപിക്കപ്പെട്ടവനും പ്രാകപ്പെട്ടവനും ഞാൻ ആയിത്തീരുന്നതിനു പുറമെ ദൈവത്തിൻെറ വിശുദ്ധ സഭയിൽ നിന്ന് വേർതിരിയപ്പെട്ടവനും വിശുദ്ധ രഹസ്യങ്ങളുടെ സംബന്ധത്തിൽ നിന്നും ഞാൻ കൈക്കൊണ്ടിട്ടുള്ള നൽവരത്തിൽ നിന്നും സ്ഥാനങ്ങളിൽ നിന്നും തള്ളപ്പെട്ടവനും അകലപ്പെട്ടവനും ഉന്നതപ്പെട്ടിരിക്കുന്ന മേൽപ്പട്ടത്വത്തിൻെറ വെള്ളനിലയങ്കിയിൽ നിന്നും ഉരിയപ്പെട്ടവനും ഞാൻ ആയിത്തീർന്ന് കർത്താവിൻെറ കോപവും എൻെറ മേൽ ആവസിക്കുമാറാകട്ടെ.**



www.malankaralibrary.com

www.malankaralibrary.com

9. പിന്നെയും റൂഹായ്ക്കടുത്ത ചൊവ്വുള്ള വിധിയാൽ വിധിപ്പാനായിട്ടു ഭൂമിയിൽ നിങ്ങൾ കെട്ടുന്ന സകലവും, ആകാശത്തിലും കെട്ടപ്പെട്ടതായിരി ക്കുമെന്നു ഏവങ്കേലിയോനിൽ കൽപ്പിക്കപ്പെട്ടിരിക്കുന്ന പ്രകാരം, ദൈവത്തിൽ നിന്നു തിരുമനസ്സിലേക്ക് നൽകപ്പെട്ടിരിക്കുന്ന അധികാരപ്രകാരം, തിരുമുമ്പാകെ നിന്നും എന്നെ വിധിച്ചു സ്ഥാനഭ്രഷ്ടനാക്കി ശപിക്കുന്നതിന് ഞാൻ യോഗ്യനായിത്തീരുന്നതു കൂടാതെ, നിർബന്ധമില്ലാതെ എന്റെ സ്വന്തമനസാലെ ഞാൻ തന്നെ എഴുതിയിട്ടുള്ള ഈ പത്രത്തെയെങ്കിലും എന്റെ മേൽപ്പറഞ്ഞ വാഗ്ദത്തങ്ങളിൽ യാതൊന്നിനെയെങ്കിലും ഭേദപ്പെടുത്തുകയോ വ്യത്യാസപ്പെടു ത്തുകയോ ചെയ്കകൊണ്ടും സകല പള്ളികളിൽ നിന്നും എന്നെ തള്ളിക്കളയാനും ഒരുത്തനും എന്റെ വചനം വിശ്വസിക്കാതിരിപ്പാനും തക്കവണ്ണം ഞാൻ വ്യാജക്കാരനെന്ന് എന്നെക്കുറിച്ച് പ്രസിദ്ധം ചെയ്‌വാൻ തിരുമനസ്സിലേക്ക് ന്യായമുള്ളതുമാകുന്നു. ഇപ്രകാരം തിരുമനസ്സുകൊണ്ടോ, ആ സ്ഥാനത്ത് ഇനിവരുന്ന ബാവാന്മാരെ ചെല്ലുമ്പോൾ തിരുമനസിലേയ്ക്കോ, ആ സ്ഥാനത്തു വരുന്ന വർക്കോ 2850 ബ്രിട്ടീഷ് ഉറുപ്പിക തന്ന് ഈ പത്രം മടക്കി വാങ്ങിക്കൊള്ളുകയും ചെയ്യാം.

10. ഇപ്പോൾ ഞാൻ വാഗ്ദത്തം ചെയ്തിരിക്കുന്നതുപോലെ നേരായിട്ടു ഈ വാഗ്ദത്തത്തെ നിവൃത്തിപ്പാൻ തന്റെ കൃപയാൽ സഹായിച്ച് ബലപ്പെടുത്തുവാനും ജീവികളെയും മരിച്ചവരെയും വിധിപ്പാനായിട്ട് താൻ എഴുന്നെള്ളി അവനവന്റെ പ്രവർത്തികൾ പോലെ നന്മയെങ്കിലും തിന്മയെങ്കിലും എല്ലാവനും പ്രതിപകരം ചെയ്യുമ്പോൾ തന്നെ മുഖപ്രസാദത്താൽ എതിരേൽപ്പാൻ എനിക്ക് കൃപചെയ്യാനായിട്ടും ദൈവത്തിന്റെയും നമ്മുടെ കർത്താവേശുമശിഹായുടെയും അനുഗ്രഹങ്ങളിൽ നിന്ന് ഞാൻ അപേക്ഷിക്കുന്നു. വ്യാജക്കാരോടുകൂടെ അല്ലാതെ ചൊവ്വുള്ളവരോടു കൂടെ എന്നെ കൂട്ടുവാൻ സംഗതി വരുത്തണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

11. എന്റെ വാഗ്ദത്തത്തിന് ശുദ്ധമുള്ള മാലാഖമാരും ജീവനുള്ള സ്ലീബായും വന്ദിക്കപ്പെട്ട ഏവൻഗേലിയോനും പട്ടത്വത്തിനടുത്ത ഈ കൂട്ടവും ബഹുമാനപ്പെട്ട ജനവും സാക്ഷിയായിരിക്കുന്നുവെന്ന് ദൈവത്തിന്റെ മുമ്പാകെയും ശുദ്ധമുള്ള തന്റെ ബലിപീഠത്തിന്റെ മുമ്പാകെയും ഞാൻ ഏററു പറയുന്നു.

ആമ്മീൻ, ബാറെക്മോർ അൽശുബോക്കാനോ ക്രിസ്താബ്ദം 1866 വൃശ്ചികം 27-ാം തീയതിക്കു കൊല്ലം 1052-മാണ്ട് വൃശ്ചികം 26 ന് ഇതിനു സാക്ഷി വടക്കേക്കര മാച്ചാത്തുരുത്തി മുറിയിൽ എടപ്പള്ളി കളങ്ങര നിന്നും പറവൂർ കിഴക്കെ പള്ളിയിൽ പാർക്കുന്ന വറിയത് ഗീവറുഗീസ് കത്ത: ഒപ്പ്. ടി അങ്ങാടി മുട്ടതോട്ടിൽ കുമരി പൗലോവറിയത് ഒപ്പ്. അറികെ എഴുതികൊടുത്ത ഗീവർഗീസ് ദയറോയോ ഒപ്പ്.

പീസു പണം 35. വാസസ്ഥല പീസുപണം 49 പകർത്തിയ ഗുമസ്താ വിശ്വനാഥയ്യർ ഒപ്പ് ഒത്തുനോക്കുകയും പരിശോധിക്കുകയും ചെയ്ത മൊഗു വേലുപിള്ള ഒപ്പ് രജിസ്ട്രാർ പത്മനാഭയ്യർ ഒപ്പ്.

പരിശുദ്ധ പരുമല തിരുമേനി മാർ തോമ്മാ സിംഹാസനത്തെപ്പററി അറിയുകയോ അംഗീകരിക്കുകയോ ചെയ്തിരുന്നില്ല. പ. പത്രോസിന്റെ സിംഹാസനത്തിൽ നിന്നും തിരുമേനി പട്ടം ഏൽക്കുകയും ശൽമൂസാ കൊടുക്കുകയും സ്ഥാസ്തിക്കോൻ പ്രാപിക്കുകയും ചെയ്തു. പക്ഷേ പ. പത്രോസിന്റെ നാമത്തിൽ ഈ പരിശുദ്ധൻ കൂദാശ ചെയ്ത പരുമലപ്പള്ളി ഇന്ന് പൗലൂസിന്റെ പേരിലും കൂടി ആക്കിയിരിക്കുന്നു* ! എന്തിന് ? ഇതിൽ പോലും പുതുദോഷം! വലിയവനായ പത്രോസിനെ ചെറുതാക്കാൻ തോമ്മായ്ക്കു പുറമെ പൗലൂസിനെയും കൂട്ടുപിടിക്കയോ ?

---

* St. Paul's and St. Peter's / St. Peter's and St. Paul's എന്ന രണ്ടുതരം റിപ്പോർട്ടുകൾ 'Hindu' പത്രത്തിൽ കണ്ടു. തിരുമേനിയുടെ കബറിങ്കൽ St. Peter's Church എന്നു മാത്രമേ കാണുന്നുമുള്ളു.



www.malankaralibrary.com

www.malankaralibrary.com

## 16. വേദവിപരീതങ്ങൾ ദേവലോകം വഴി

ഒരു കള്ളം പറഞ്ഞാൽ അത് സ്ഥാപിക്കുവാൻ മററു പല കള്ളങ്ങളും പറയേണ്ടിവരും. എന്നാലും ഒടുവിൽ പിടിക്കപ്പെടും എന്ന സത്യം പോലും തിരുത്തൽ വാദികൾ അറിയുന്നില്ലേ ?

ഇരുപതു വെള്ളിക്കാശിന് ഹാബാൻ എന്ന കച്ചവടക്കാരനു വിൽക്കപ്പെടുകയും, ഇന്ത്യയിലെ ഗോണ്ടഫാറസ് രാജാവിന് സ്വർഗ്ഗത്തിൽ മണിമന്ദിരം പണിയുകയും, വഴിതെററിൽ നിന്ന് സത്യവിശ്വാസത്തിലേക്ക് അവനെ തിരിപ്പിക്കുകയും ചെയ്ത മാർതോമ്മാശ്ലീഹാ കർത്താവിൻെറ രക്തവും വെള്ളവും ഒഴുകിയ വിലാവിനെ ഉയിർപ്പിനു ശേഷം സ്പർശിപ്പാൻ യോഗ്യനായി. അപ്പോസ്തോല പദവിയോടൊപ്പം രക്തസാക്ഷി പദവിയും താൻ സ്വീകരിച്ചു. കുഷ്ഠരോഗികളെ വെടിപ്പാക്കി, കുരുടന്മാരുടെ കണ്ണു തുറന്നു, കൂനുള്ളവരെ നേരെയാക്കി. തളർവാതികളെ ബലപ്പെടുത്തി, മരിച്ചവരെ ഉയർപ്പിച്ചു. അവസാനം തൻെറ യജമാനനെപ്പോലെ വിലാവിൽ കുത്തേററു രക്തസാക്ഷി മരണം വരിച്ചു. പരിശുദ്ധൻെറ ചെകിട്ടിൽ അടിച്ച ഒരുവൻെറ വലതുകൈ സിംഹം ചീന്തിക്കളഞ്ഞു. തൻെറ പ്രേക്ഷിതവൃത്തിയുടെ നാടായ ഇന്ത്യയുടെ അപ്പോസ്തോലനായി മാർത്തോമ്മാ അന്നും ഇന്നും അറിയപ്പെടുന്നു. നാം പരിശുദ്ധൻെറ പെരുന്നാളുകൾ ആഘോഷിക്കുകയും വി. കുർബ്ബാനയിൽ ഓർക്കുകയും ചെയ്യുന്നു. എന്നാൽ മാർതോമ്മായുടെ പേരിൽ ഒരു സഭാസിംഹാസനം ഉള്ളതായി സുറിയാനി സഭയോ, ഭരണഘടനയോ, വേദപുസ്തകമോ, സുപ്രീം കോടതി പോലുമോ പറയുന്നില്ല.

## 17. കോതമംഗലത്തു ബാവാ മാർ തോമ്മാ സിംഹാസനത്തിലോ ?

ഇരു സഹസ്രത്തോളം പഴക്കവും അതിമഹത്തായ സന്ന്യസ്ഥ പാരമ്പര്യവും* ഉള്ള അന്ത്യോഖ്യൻ സഭയിലെ പ. പിതാക്കന്മാരിൽ പലരും കർത്താവിനു വേണ്ടിയും പ. സഭയ്ക്കു വേണ്ടിയും രക്തസാക്ഷികളായവരോ, വിശ്വവിഖ്യാതരായ പണ്ഡിതരോ ആയിരുന്നു. ഇവർ പരിശുദ്ധാത്മ നിറവിൽ എഴുതിയ വി. കൂദാശാ ക്രമങ്ങളും പ്രാർത്ഥനകളും ദേവലോകം ദൈവശാസ്ത്രജ്ഞന്മാർ ഇപ്പോൾ തിരുത്തുവാനും തുടങ്ങിയിരിക്കുന്നു! തിരുത്തൽ മാത്രമല്ല തിരികിക്കയററലും, വെട്ടിക്കളയലും നിർബാധം നടത്തുന്നുണ്ട്. (പാത്രിയർക്കീസ് പക്ഷം വൈദികർ ഇത്തരം പുസ്തകങ്ങൾ ഇന്നും ഇതറിയാതെ വാങ്ങുന്നുമുണ്ട്.) ഇവയിൽ ചിലത് മാത്രം താഴെ കാണുക.

കോതമംഗലം മാർത്തോമ്മൻ (പാത്രിയർക്കീസ്) ചെറിയ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന മഹാപരിശുദ്ധനായ എൽദോ മാർ ബസ്സേലിയോസിനെ തോമ്മാശ്ലീഹായുടെ നവീന സിംഹാസനത്തിൽ ആരുമാരും അറിയാതെ ഇരുത്തിക്കഴിഞ്ഞു! ഈ 'നിഴൽ സുന്ത്രോണീസോ' നടത്തിയിട്ട് വർഷങ്ങൾ അധികമായിട്ടില്ല ! ഇറാഖുകാരനായ ഈ വിദേശ പൗരനെ ഇന്ത്യാക്കാരുടെ കാതോലിക്കാ സിംഹാസനത്തിൽ ഇരുത്താമോ? ദേശീയത പറയുകയും അതിനെതിരായി പ്രവർത്തിക്കുകയും !

* We can realize the magnitude of the activities of this Church in this field from the fact that, in the fifth century, there were in the mountain of Edessa alone three hundred monasteries occupied by ninety thousand monks, in St. Mathew's monastery east of Mosul-Iraq twelve thousand, and in the following century there were six thousand and three hundred monks in St. Basil's monastery near Homs, Syria. In the same period, one hundred and thirty-five abbots in southern Syria signed the declaration of faith. We are sure that the number of our monks and nuns in that golden age was about six hundred thousand.



www.malankaralibrary.com

www.malankaralibrary.com

കോതമംഗലം മാർത്തോമ്മൻ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന എൽദോ മാർ ബസ്സേലിയോസ് മപ്രിയാനയുടെ ഓർമ്മ ദിവസത്തെ സെദറായിൽ തിരുകി കയററിയിട്ടുള്ള വേദവിപരീതം താഴെ കാണുക.

> പ. തോമ്മാശ്ലീഹായുടെ സിംഹാസനത്തെ അലങ്കരിച്ചിരുന്ന മാർ ബസേലിയോസിനെ (കോതമംഗലത്തെ ബാവ) ശൈശവം മുതലെ തിരഞ്ഞെടുക്കുകയും പുണ്യജീവിതത്തിൽ വളർത്തുകയും പൗരസ്ത്യ സിംഹാസനത്തിൽ ആരൂഢനാക്കുകയും നിനക്ക് തിരുവിഷ്ടമുണ്ടായ തിനാൽ അവനെ പ. (തോമ്മാ) ശ്ലീഹായുടെ അനന്തരഗാമിയും പൗരസ്ത്യ സിംഹാസനത്തിൻെറ അലങ്കാരമായും നീ ആക്കി തീർത്തു. ആകയാൽ കർത്താവേ! നിന്നോടു ഞങ്ങൾ യാചിക്കുന്നു. ക്ഷീണിച്ചിരുന്നതും* ഇപ്പോൾ നിൻെറ കൃപയാൽ പുനരുദ്ധരിക്കപ്പെട്ടിരി ക്കുന്നതുമായ നിൻെറ വത്സലനായ മാർതോമ്മാ ശ്ലീഹായുടെ സിംഹാസനത്തെ ഈ പരിശുദ്ധ പിതാവിൻെറ പ്രാർത്ഥനയാൽ അഭിവൃദ്ധിപ്പെടുത്തണമേ.*

കോതമംഗലത്തു ബാവാ മാർ തോമ്മായുടെ സിംഹാസനത്തിലോ? ഇത്തരം ഒരു പ്രാർത്ഥന പ. അന്ത്യോഖ്യ സിംഹാസനം വഴി ലഭിച്ച ഒറിജിനൽ സുറിയാനി പെങ്കീസായിലോ നേരത്തെ ഉള്ള തർജിമകളിലോ ഇല്ല !!! ഈ പ്രാർത്ഥനാ ഭാഗം ആര്, എപ്പോൾ, എന്തിന് ഇതിൽ തിരുകി കയററി? മാർതോമ്മാ ശ്ലീഹാ പത്രോസിനെ വിശേഷിപ്പിക്കുന്നത് "രാജ്യത്തിൻെറ താക്കോൽക്കാരൻ" എന്നാകുന്നു. വട്ടക്കുന്നേൽ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ പ്രസിദ്ധീകരിച്ച വി. കുർബ്ബാന ക്രമത്തിലും ഈ ആശയമാകുന്നു ("ഇരു ലോകത്തിൻ താക്കോൽകാരൻ ശ്ലീഹാശ്രേഷ്ഠൻ" ശെമവൂൻ എന്ന വിശേഷണം) കാണുന്നത്. ഈ താക്കോലുകൾ (രണ്ടെണ്ണം) പരിശുദ്ധ പാത്രിയർക്കീസിൻെറയും മാർപ്പാപ്പയുടെയും സ്ഥാനചിഹ്നങ്ങളിൽ ഇപ്പോൾ കാണാം.

വിശുദ്ധ സഭയിലെ ഇരു വിഭാഗങ്ങളുടെയും പ്രധാന ആത്മീയ മേലദ്ധ്യക്ഷൻ (പത്രോസിൻെറ പിൻഗാമിയായ) അന്ത്യോഖ്യ പാത്രിയർക്കീസാകുന്നു. ഈ സത്യം ഓർത്തഡോക്സ് ഭരണഘടനയും കോടതി വിധികളും ഒരുപോലെ അംഗീകരിക്കുന്നതാണ്. ഇരു വിഭാഗക്കാരും വി. കുർബ്ബാനയിൽ ഇതു ഏററു പറയുകയും ചെയ്യുന്നു. ആത്മാവിലും സത്യത്തിലും ഇത് ഏററു പറയുമെങ്കിൽ ഈ സഭയിൽ സമാധാനം താനെ ഉണ്ടാകുമായിരുന്നു. എന്നാൽ ഈ അനിഷേധ്യ സത്യം ഇന്ന് ഓർത്തഡോക്സ് വിഭാഗം എന്തുകൊണ്ടോ അംഗീകരിക്കുന്നില്ല. മാത്രമല്ല, ഇതിനെതിരായി തന്ത്രങ്ങൾ മെനയുകയും ചെയ്യുന്നു.

## 18. മലങ്കരസഭാ ഭാസുരനെയും തിരുത്തുന്നു

"സഭയുടെ പട്ടത്വത്തിന്നടുത്ത മേലധികാരം അന്ത്യോഖ്യാ സിംഹാസനത്തിന്മേൽ വാഴുന്ന മോറാൻ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്ക് ഇരിക്കുന്നതാകുന്നു" എന്നാണ് വട്ടശ്ശേരിൽ തിരുമേനി പ്രസിദ്ധീകരിച്ച "സുറിയാനി സത്യവിശ്വാസ സഭയിലെ മതോപദേശസാരങ്ങൾ" എന്ന പുസ്തകത്തിൽ എഴുതിയിട്ടുള്ളത്. (Printed at MGM Press and Book Depot, Thiruvalla)

* സിംഹാസനത്തിന് ക്ഷീണവും, അഭിവൃദ്ധിയുമോ ? എന്താണിതിൻെറ അർത്ഥം ?



www.malankaralibrary.com

www.malankaralibrary.com

ഈ സത്യത്തിൻെറ ഇന്നത്തേ പുതുദോഷം നിറഞ്ഞ പുതുമുഖം കണ്ടാലും ! "സഭയുടെ പട്ടത്വത്തിന്നടുത്ത മേലധികാരം കാതോലിക്കാ സിംഹാസനത്തിന്മേൽ വാഴുന്ന മോറാൻ. മാർ കാതോലിക്കാ ബാവാ തിരുമനസ്സിലേക്ക്. ഇരിക്കുന്നതാകുന്നു." (മതോപദേശസാരം - Published by M.G.O.C.S.M. Bookshop and publishing House, Kottayam).

മഹാപരിശുദ്ധനായ പരുമല തിരുമേനിയേയും, മഹാപണ്ഡിതനായ വട്ടശ്ശേരിൽ തിരുമേനിയേയും വിശ്വാസപരമായി അവഗണിക്കുന്നവരെ ഭക്തജനം അവഗണിക്കുകതന്നെ ചെയ്യും. ഇപ്പോൾ ഇവർ വരുത്തിക്കൂട്ടുന്ന വിശ്വാസ വിപരീതങ്ങൾ സത്യവിശ്വാസികളായ ഓർത്തഡോക്സുകാർ അറിയുമ്പോൾ അവർ തന്നെ ഇവരെ തള്ളിക്കളയും എന്നതിന് സംശയം വേണ്ട. അവരുടെ ഇടയിൽ ഇപ്പോൾ തന്നെ സമാധാന കാംക്ഷികൾ പാത്രിയർക്കീസ് പള്ളികൾ കൈയ്യേറുന്നതിനും മററുമുള്ള ശ്രമങ്ങളെ എതിർക്കുവാൻ തുടങ്ങിയിരിക്കുന്നു. (അനുബന്ധം I).

## 19. മാവേലിക്കര പടിയോലയിലെ സത്യങ്ങൾ

വിലകുറഞ്ഞ ഒത്തിരി കാര്യങ്ങൾ അണികളെ* അഭ്യസിപ്പിച്ച് പ. പത്രോസിന്നടുത്ത അന്ത്യോഖ്യാ സിംഹാസനത്തെ പുഛിക്കുന്ന ഓർത്തഡോക്സ് നേതൃത്വം സഭാചരിത്രം പഠിക്കാത്തതിൻെറയോ പഠിച്ചിട്ട് അതിനെ അവഗണിക്കുന്നതിൻെറയോ ഉദാഹരണങ്ങൾ പലതുമുണ്ട്. ഒരുപക്ഷേ ഇതു രണ്ടും കൂടി ചേർന്നതാവാം സത്യാവസ്ഥ.

പ. അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നും കാലാകാലങ്ങളിൽ (ഇവർ ഇപ്പോൾ വാഴ്ത്തുന്ന) യൽദോ മാർ ബസേലിയോസിനെപ്പോലുള്ള (കോതമംഗലം) പ. പിതാക്കന്മാർ ഇവിടെ വന്നത് മഹാധനികരും ദാനശീലരുമായ മലങ്കര നസ്രാണികളിൽ നിന്ന് പിച്ച തെണ്ടുവാനായിരുന്നു എന്ന് ഇവർ പിഞ്ചുകുഞ്ഞുങ്ങളെ സൺഡേസ്കൂളിലും മററും പഠിപ്പിക്കുന്നുണ്ട്. ഇത്തരം വിലകുറഞ്ഞ നുണകൾക്കുള്ള മറുപടി മലങ്കരയിൽ യാക്കോബായ വിശ്വാസം പുലർത്തിയിരുന്ന പണ്ടത്തെ പിതാക്കന്മാരുടെ പടിയോലകളിൽ കാണുക. ഇവരുടെ മഹാപണ്ഡിതരായ പുതിയ മെത്രാന്മാർ മാവേലിക്കര പടിയോല വായിച്ചിട്ടുണ്ടോ എന്ന് അറിയില്ല. ഇല്ലെങ്കിൽ താഴെക്കാണുക. വായിച്ച് മനസ്സിലാക്കുക. അതിൽ ഇവർ ഇന്നു നിന്ദിക്കുന്ന അന്ത്യോഖ്യാ സിംഹാസനം അവരുടെ പൂർവ്വികന്മാർ എപ്രകാരം വിലമതിച്ചിരുന്നു എന്നു കാണാം.

### മാവേലിക്കര പടിയോല

In the name of Father, Son and Holy Ghost the one true God, Padyola (agreement) drawn up in the year of our Lord 1836 corresponding 5th Makarom 1011 at the church dedicated to the Virgin Mother of Lord at Mavelikara, between Mar Dionysius Metropolitan of the Jacobite Syrian Church of Malankarai subject to the supremacy of Mar Ignatius Patriarch, the Father of Fathers, and the Chief of Chiefs ruling the throne of St: Peter of Antioch, the mother of all churches and his successor Mar Kurilos, and the vicars, pariests and parishioners of Ankamali and other churches under the charge of the said Metropolitan.

---

* ഇത്തരക്കാരാണ് Orthodox Rock തുടങ്ങിയ മാസികകളുടെ ലേഖന കർത്താക്കൾ. സത്യവിശ്വാസത്തെപ്പററിയോ, സഭയെപ്പററിയോ ഒന്നും അറിയാത്ത പൊട്ടന്മാർ. അന്ത്യോഖ്യാ വിരോധവും, പാത്രിയർക്കാ വിരോധവും (അനുബന്ധം III കാണുക) ആകുന്ന വിഷമദ്യം കുടിപ്പിച്ച് പുതിയ തലമുറയിലെ ഓർത്തഡോക്സ് വക്താക്കൾ മത്തുപിടിപ്പിച്ച സംസ്കാര ശൂന്യർ.



www.malankaralibrary.com

www.malankaralibrary.com

That whereas an interview held at Kottayam between the Rt: Rev: Daniel, Lord Bishop of Calcutta and the Metropolitan, in Vrischikam last, it was proposed by the former that certain changes should be introduced in the Liturgies and ordinances of our Syrian church and whereas it was stated in reply that a conference of all the churches would be held on the subject and its determination made known, we the Jacobite Syrians being subject to the supremacy of the Patriarch of Antioch and observing as we do the Liturgies and ordinance instituted by the prelates sent under his command, cannot deviate from such Liturgies and ordinances and maintain a discipline contrary thereto, and a man of one persuasion being not authorized to preach and admonish in the church of another following a different persuasion without the permission of the respective Patriarchs, we cannot permit the same to be done against us, and our churches being built by the aid of the prelates sent under the order of the Patriarch and on the wishes of the people of each parish and ornamented by their money, and as the accounts of the annual income according to our churches under the head of voluntary contributions offerings etc, are as required by the rules furnished to our bishops, as is the custom in the churches of Antioch as well as in the churches of this and other countries following different persuasions we are without the power, and feel disinclined, to follow and cause to be followed a different procedure from the above.

That the Honourable Colonel Macaulay having taken a loan of 3000 Star pagodas from (Valia) great Mar Dionysius who died in 983, gave him a bond for the same. The interest on the amount having fallen in arrears, Mar Dionysius Metropolitan who died in 992 made a representation to Col. Munro and received the interest with which he (Dionysius) built the Seminary at Kottayam. Having also collected at the Seminary the money brought by the prelates that had come here from Antioch and the property left by the last Bishops of the Pakalomattom family, Mar Dionysius laid out a portion of this together with the donation made by HIS HIGHNESS THE MAHARAJA on behalf of the Syrian Christian Youths, on Kanom and therewith met the expense of their education. The Reverend the missionaries who have come down to Kottayam, in their profuse benevolence taught the youth at the Seminary, English and other languages, protected our children like loving fathers, caused books to be printed for the benefit of all classes, rendered all necessary help in maintaining the prevailing discipline of the Syrian Church caused the annual interest due, to be drawn on the receipt of the Metropolitan, had superintendence over the affairs of the Seminary and caused ordination to be made agreeable to the request of the people and the power of the prelates. While affairs were being thus conducted the Missionaries took to managing the Seminary without consulting the Metropolitan, themselves expended the interest money drawn annually on the receipt of the Metropolitan, disperesed the deacons instructed in the Seminary, conducted affairs in opposition to the discipline of the church and created dissensions amongst us, all of which have occasioned much sorrow and vexation. For this reason we do (would) not follow any faith or teaching other than the Orthodox faith of the Jacobite Syrian Christians to the end, that we may obtain salvation through the prayers of everhappy, holy, and ever-blessed Mother of God, the redressed of all complaints and through the prayers of all Saints. Witness, Father, Son and Holy Ghost.

ഈ പടിയോലയിൽ നിന്നും താഴെ കാണുന്ന കാര്യങ്ങൾ ഗ്രഹിക്കാമെന്ന് പി. ചെറിയാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

1) അന്ത്യോഖ്യൻ പിതാക്കന്മാരിൽ നിന്നും സ്ഥാനമേൽക്കാൻ സാധിക്കാതിരുന്ന മെത്രാപ്പോലീത്തായും അന്ത്യോഖ്യായാണ് മേലധികാരി എന്നു പ്രസ്താവിക്കുന്നു. 2) പാത്രിയർക്കാ സിംഹാസനം വി. പത്രോസിൻെറ സിംഹാസനമാകുന്നു. 3) പ. പാത്രിയർക്കീസയച്ച പിതാക്കന്മാരിൽ നിന്നാണ് ആരാധനാക്രമങ്ങൾ കിട്ടിയത്. അതനുസരിച്ചാണ് നടന്നു വരുന്നത്. 4) പാത്രിയർക്കീസിൻെറ അനുമതി കൂടാതെ മററു വിശ്വാസക്കാരുമായി കൂട്ടുകൂടുവാൻ പാടില്ല. 5) പാത്രിയർക്കീസിൻെറ കല്പനാനുസരണം വന്ന പിതാക്കന്മാരുടെ സഹായത്തോടെ പണിയിക്കപ്പെട്ടവയാണ് പള്ളികൾ. 6) യാക്കോബായ സിറിയൻ ഓർത്തഡോക്സ് വിശ്വാസമല്ലാതെ അവസാനശ്വാസത്തോളം മററൊന്നു ഞങ്ങൾ സ്വീകരിക്കയില്ല. 7) പ. മാതാവിൻെറയും വിശുദ്ധരുടെയും മദ്ധ്യസ്ഥ പ്രാർത്ഥനകളിലുള്ള ആശ്രയം. 8) ഇതിനെല്ലാം സാക്ഷി പിതാവും, പുത്രനും പരിശുദ്ധാത്മാവും.



www.malankaralibrary.com

www.malankaralibrary.com

# 20 നമസ്ക്കാരങ്ങൾ വികലമാക്കുന്നു

ഓർത്തഡോക്സ് എന്നറിയപ്പെടുന്ന സഭാ വിഭാഗത്തിന് തനതായ (original) യാതൊരു ശുശ്രൂഷാക്രമങ്ങളും ഇല്ല. ഇപ്പോൾ അവർ ഉപയോഗിക്കുന്ന എല്ലാ കൂദാശക്രമങ്ങളും, പ്രാർത്ഥനകളും പ. അന്ത്യോഖ്യ സിംഹാസനം വഴി ലഭിച്ചിട്ടുള്ള സുറിയാനി പുസ്തകങ്ങളുടെ മലയാളം തർജ്ജിമയാകുന്നു. മാർതോമ്മായുടെ സിംഹാസനം എന്നു പറയുന്നതല്ലാതെ (അന്ത്യോഖ്യാ സിംഹാസനത്തിന് ഉള്ളതുപോലെ) യാതൊരു ശുശ്രൂഷാ ക്രമങ്ങളും ഇവർക്ക് തനതായി ഇല്ല. നിത്യപ്രാർത്ഥന ക്രമം, മാമോദീസ ക്രമം എന്നിവ മുതൽ ശവസംസ്കാര ശുശ്രൂഷാക്രമം വരെ, പള്ളികൂദാശയും, പട്ടം കൊടുക്കലും മുതൽ മൂറോൻ കൂദാശ വരെ, എല്ലാം തനി അന്ത്യോഖ്യൻ പ. പത്രോസിന്നടുത്തതും, തർജ്ജിമയും "മററും" ചെയ്ത് സ്വന്തമാക്കിയതും !

കഷ്ടമെന്നു പറയണം സുറിയാനിയിൽ നിന്നും പരിഭാഷപ്പെടുത്തിയിട്ടുള്ള (തലതിരിഞ്ഞ അച്ചടി) ഇത്തരം ക്രമങ്ങൾ ഇപ്പോൾ വികലമായി വ്യത്യാസപ്പെടുത്തുവാനും തുടങ്ങിയിരിക്കുന്നു. വിശ്വാസ വിപരീതങ്ങൾ അങ്ങുമിങ്ങും തിരുകിക്കയററുന്നുമുണ്ട്. അതിൽ ഒന്നു മാത്രമാണ് മുകളിൽ പറഞ്ഞിരിക്കുന്ന യൽദോ മാർ ബസേലിയോസിൻെറ മാർ തോമ്മാ സിംഹാസനത്തിലേക്കുള്ള നിർബന്ധിത പ്രൊമോഷൻ ! മററു ചിലവ താഴെക്കാണുക.

1. കഷ്ടാനുഭവ ആഴ്ചയിലെ ശുശ്രൂഷ / പ്രാർത്ഥന ക്രമങ്ങളിൽ തിരുത്തലുകൾ. (ഇപ്രകാരം ഉള്ള തിരുത്തലുകളെപ്പററി അവർ തന്നെ പറയുന്നത് കാണുക.)

"ഈ പതിപ്പിൽ ഭാഷാപരമായ ചില മിനുക്കുപണികൾ വരുത്താൻ ശ്രമിച്ചിട്ടുണ്ട്. പഴയതിന് ചില തിരുത്തലുകൾ (പ. പിതാക്കന്മാരെ തിരുത്തുകയോ?) വേണ്ടി വന്ന ഭാഗങ്ങളും ഇല്ലാതില്ല. (മാത്യൂസ് മാർ സേവേറിയോസ്, കൺവീനർ എം.ഒ.സി. പബ്ലിക്കേഷൻസ്) ഇത്തരം മിനുക്കുപണികളും (സിംഹാസനത്തിൻെറയും മററും) തിരുത്തലുകളും വരുത്തിയിരിക്കുന്നത് വഴി വേദവിപരീതങ്ങളാണ് പരിശുദ്ധ പിതാക്കന്മാരുടെ പരിശുദ്ധാത്മ പ്രേരിതമായി എഴുതപ്പെട്ടിരിക്കുന്ന പ്രാർത്ഥനകളിൽ (അറിഞ്ഞോ അറിയാതെയോ) തിരുകി കയററിയിരിക്കുന്നത്. അന്ത്യോഖ്യൻ പിതാക്കന്മാരുടെ ആത്മീയ പന്തലിൽ കയറി അവരേക്കാൾ പാണ്ഡിത്യവും പരിശുദ്ധിയും നടിച്ച് വിളമ്പുക മാത്രമല്ല, വിളമ്പുന്ന വസ്തുക്കൾ (വിവർത്തനം) മലങ്കര സഭയുടെ (ഓർത്തഡോക്സ്) സ്വന്തമെന്ന് സഭാമക്കളെ വിശ്വസിപ്പിക്കുകയും അതിൽ വേദവിപരീതം കലർത്തുകയും ചെയ്യുന്നു. മുകളിൽ പറയുന്ന കഷ്ടാനുഭവാഴ്ച പ്രുമിയോൻ സുറിയാനിയിൽ നിന്ന് പരിഭാഷ ചെയ്തത് ആണെന്നുപോലും പറയുന്നില്ല (copy right infringement). മലങ്കര കത്തോലിക്കരും, മാർത്തോമ്മാക്കാരും തുടങ്ങി യാക്കോബായ സഭ വിട്ടവരെല്ലാം പ. അന്ത്യോഖ്യൻ ക്രമങ്ങൾ വ്യത്യാസപ്പെടുത്തിയാണ് ഇന്നും ഉപയോഗിക്കുന്നത്. അവർക്കും സ്വന്തം എന്നു പറയുവാൻ ലിററർജി ഇല്ല. ഐ.എ.എസ്സ്. കാരൻ ആഫീസറുടെ എഴുത്ത് ക്ലാർക്ക് എടുത്ത് വീണ്ടും തിരുത്തുന്നതുപോലെയല്ലേ പിതാക്കന്മാരെ തിരുത്തുന്നത്? ഇവ വള്ളിപുള്ളി വ്യത്യാസമില്ലാതെ അവയുടെ ആത്മീയ സമ്പൂർണ്ണതയിൽ സംരക്ഷിക്കുന്നതു വി. യാക്കോബായ സുറിയാനിസഭ മാത്രം.



www.malankaralibrary.com

www.malankaralibrary.com

2. കഷ്ടാനുഭവാഴ്ചയിലെ യാമപ്രാർത്ഥനകളിൽ ഓർത്തഡോക്സുകാർ യാക്കോബിൻെറ ചില ഗാനഭാഗങ്ങൾ മാററി പകരം അതുമായി പുലബന്ധം പോലുമില്ലാത്ത രചനകൾ ചേർത്തിരിക്കുന്നു. സുറിയാനിയിൽ നിന്നുള്ള തർജ്ജിമയായ

"പൗരോഹിത്യം രാജ്യം - പ്രവചനമെന്നിവയെന്യേ,
യൂദന്മാരെ നിങ്ങളെ നിലയം സർവ്വം ശൂന്യം"*

എന്ന വരികൾ മാററിയിട്ട് ഇതുമായി യാതൊരു ബന്ധവുമില്ലാത്ത രണ്ടു വരികൾ ചമച്ചു ചേർത്തിരിക്കുന്നു. കഥയറിയാതെയുള്ള ആട്ടം ! ഈ വരികൾ ഒറിജിനൽ പ്രാർത്ഥനയിൽ നിന്നും മാററുക വഴി ഇത് (സുറിയാനിയിൽ) എഴുതിയ സഭാ പിതാവിനെയും, ഇത് എഴുതുവാൻ തന്നെ പ്രേരിപ്പിച്ച പ. റൂഹായേയും, വി. വേദപുസ്തകത്തെയും, ആദിമുതൽ ഇന്നുവരെ കഷ്ടാനുഭവാഴ്ചകളിൽ ഇത് പാടിയിട്ടുള്ള അന്ത്യോഖ്യൻ സഭാപിതാക്കളെയും, സർവ്വോപരി പ. പരുമല തുരമേനി ഉൾപ്പെടെയുള്ള ഇന്ത്യൻ ഓർത്തഡോക്സ് സഭയിലെ സ്വന്തം സഭാപിതാക്കളെയും, പിന്തിരിപ്പൻമാരുടെ കൂട്ടത്തിൽ മുദ്രയടിക്കുകയല്ലേ ചെയ്യുന്നത് ? ഇത് വിവരക്കേടല്ലേ? വാസ്തവത്തിൽ പ. പിതാക്കന്മാർ നേരത്തേ പഠിപ്പിച്ചിട്ടുള്ളത് വേദാനുസരണവും, ഇവർ ഇപ്പോൾ വരുത്തിയിരിക്കുന്ന വ്യത്യാസങ്ങൾ ഉചിതമല്ലാത്തതും, ആകുന്നു എന്നതാണ് സത്യം. വി. വേദപുസ്തകത്തിൽ ക്രിസ്തു കല്പിച്ചതും അല്ലാതെയും ഉള്ള ഒട്ടനവധി ശാപ വചസ്സുകൾ ഉണ്ട്. ചില ഉദാഹരണങ്ങൾ താഴെക്കാണുക :

1. അതുകൊണ്ട് ദൈവരാജ്യം നിങ്ങളുടെ പക്കൽ നിന്നും എടുത്ത് അതിൻെറ ഫലം കൊടുക്കുന്ന ജാതിക്കു കൊടുക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു. (മത്തായി 21:43)
2. അവരുടെ വാസസ്ഥലം ശൂന്യമായി പോകട്ടെ അവരുടെ കൂടാരങ്ങളിൽ ആരും പാർക്കാതെ ഇരിക്കട്ടെ (സങ്കീ. 69:25)
3. അവൻെറ പ്രാർത്ഥന പാപം ആയി തീരട്ടെ. അവൻെറ നാളുകൾ ചുരുങ്ങി പോകട്ടെ. അവൻെറ സ്ഥാനം മററൊരുത്തൻ ഏല്ക്കട്ടെ. (സങ്കീ. 109:8)

ദൈവം പ്രദാനം ചെയ്ത രാജ്യവും (മൽക്കൂസോ) പൗരോഹിത്യവും, (കൊഹനൂസോ) പ്രവചനവരവും (ന്ബീയൂസോ) (പുറ 19:6) യൂദന്മാരിൽ നിന്ന് എടുത്തു കളഞ്ഞത് അവർ സത്യത്തിൻെറ നാഥനായ ക്രിസ്തുവിനെ കൊലമരത്തിൽ കയററിയതിൻെറ ദൈവശിക്ഷയാകുന്നു. ഈ ശിക്ഷ പാടെ മാററി, ഇളവു ചെയ്യാൻ ദേവലോകം ദൈവശാസ്ത്രജ്ഞന്മാർക്ക് എന്തധികാരം? ഔചിത്യം ഇല്ലാത്ത അജ്ഞതയുടെ അരങ്ങേററമല്ലേ ഇത് ? ഇതുപോലുള്ള മററു ഭാഗങ്ങളും വേദപുസ്തകത്തിൽ നിന്നും ഇവർ മാററിക്കളയുമോ ? എങ്കിൽ എത്രയെത്ര താളുകൾ മാററണം ? വേദപുസ്തകവും തുടർന്നുള്ള തിരുത്തൽ അജണ്ടയിൽ ഉൾപ്പെട്ടിട്ടുണ്ടോ ? നവീന സിംഹാസനത്തിനു യോജിച്ച ഒരു വേദപുസ്തകം തന്നെ ഇറക്കിയാലെന്താ ? പഴയതും, പുതിയതുമായ പണ്ഡിതന്മാർ ഏറെയുണ്ടല്ലോ ?

---

* ഓ യൂദേയെ ! ഓ മെസ്തുബെക്കിലെ
ബൈത്തബൂൻ ഹർബൊ
ലോ മൽക്കൂസോ ലോ കൊഹനൂസോ
ലൊ ന് ബീയുസോ (സുറിയാനി)



www.malankaralibrary.com

www.malankaralibrary.com

3. നാഴിക, ദിവസം (ലൂക്കോസ് 2:44) തുടങ്ങിയ കണക്കിലാണ് വി. വേദപുസ്തകത്തിൽ ദൂരം കാണിച്ചിരിക്കുന്നത് (മൈലും, കിലോമീററും അതിലില്ല). ഇവർ നാഴിക മാററി കിലോമീററാക്കി തിരുത്തിയിരിക്കുന്നു എന്നു കേട്ടു. ഞാൻ കണ്ടില്ല. ഇത്ര നാഴിക ദൂരം എന്നത് ഒരിക്കലും മാററമില്ലാത്ത സമയവിവരപ്പട്ടികയുടെ ഭാഗമാണ് എന്നത് താഴെക്കാണുക.

മനുഷ്യൻെറ ശ്വാസ ബന്ധിത സമയ വിവരപ്പട്ടിക (ആധാരം-ഹംസയോഗ ചന്ദ്രിക)

| | |
|---|---|
| 1 ശ്വാസം | 1 പ്രാണൻ |
| 6 പ്രാണൻ | 1 പലം |
| 60 പലം | 1 ഘടിക |
| 60 ഘടിക | 1 ദിവസം |
| 30 ദിവസം | 1 മാസം |
| 12 മാസം | 1 മനുഷ്യ വർഷം |
| 300 മ. വർഷം | 1 ദിവ്യ വർഷം |
| 4800 ദിവ | കൃതായുഗം |
| 3600 ദിവ | ത്രേതായുഗം |
| 2400 ദിവ | ദ്വാപരയുഗം |
| 1200 ദിവ | കലിയുഗം |
| 1200 ദിവ | ചതുർയുഗം |

ഒരു ദിവസം ഒരു മനുഷ്യൻ 21,600 പ്രാവശ്യം ശ്വാസോഛ്വാസം ചെയ്യുന്നു. 14000 പ്രാവശ്യം ഉള്ളിൽ അടങ്ങുന്നു. ശേഷം പുറത്തേക്കു ഗമിക്കുന്നു. ഒരു നാഴിക 360 ശ്വാസം എന്ന കണക്കാണ് മുകളിൽ കാണുന്നത്. ഇത് സമയകാലദേശ ഭേദമന്യേ മനുഷ്യൻ ഉള്ളടത്തോളം കാലം മാററമില്ലാത്തതാകുന്നു (perennial truths). വേദങ്ങളിലും, വി. വേദപുസ്തകത്തിലും ദൂരത്തെ ദിവസ ബന്ധിതമായി കൊടുത്തിരിക്കുന്നതിൻെറ കാരണം ഇതാകുന്നു. അത് മാററമുണ്ടാകാവുന്ന മൈലും, കിലോമീററും ഒക്കെ ആക്കിയാൽ എന്തു ചെയ്യും?

4. "നിങ്ങൾക്കെല്ലാവർക്കും സമാധാനം (ശ്ലോമ്മോ) ഉണ്ടായിരിക്കട്ടെ" എന്നതിലെ സമാധാനം മാററി ശാന്തിയാക്കി!

5. കഷ്ടാനുഭവാഴ്ച പ്രുമിയോൻ സെദറാകൾ പല സ്ഥലങ്ങളിലും മാററിയിരിക്കുന്നു. ചിലയിടത്തു മുഴുവൻ വാക്യങ്ങൾ തന്നെ കാണാനില്ല!

സുറിയാനി സഭാ പിതാക്കന്മാരുടെ പ്രാർത്ഥനകൾ പരിഭാഷയുടെയും നവീകരണത്തിൻെറയും പേരിൽ ഇപ്രകാരം വികലമാക്കുന്നത് കഷ്ടമല്ലേ? പുതിയ സിംഹാസനത്തിനു യോജ്യമായ പുതിയ പ്രാർത്ഥനകൾ എന്തേ ഒറിജിനലായി രചിക്കുന്നില്ല? അതിന് പി.എച്ച്.ഡി. മാത്രം പോരല്ലോ. വല്ലവരുടെയും പന്തലിൽ വിളമ്പാൻ എളുപ്പമാണല്ലോ. സ്വന്തമായി തയ്യാറാക്കിയ ഭക്ഷണമായി വിശക്കുന്നവർക്കു വിളമ്പുകയും ചെയ്യാമല്ലോ!! ഞാനും മുതലേച്ചനും കൂടി ഒരു പശുവിനെ പിടിച്ചു എന്നു തവള പറഞ്ഞതുപോലെ!

ഓർത്തഡോക്സ് പക്ഷക്കാർ 1912 മുതൽ (കാതോലിക്കാ സ്ഥാപനം) സത്യത്തിനും, സഭയുടെ പാരമ്പര്യങ്ങൾക്കും തന്ത്രപരമായി കോടാലി വച്ചതാണ് സഭയിൽ സാത്താൻ പ്രവേശിക്കുവാൻ കാരണം. ഗ്രീക്ക് മിഥോളജിയിലെ Amphisbaena* പോലെ, ഒരു സഭയിൽ രണ്ടു സിംഹാസനങ്ങളുണ്ടെങ്കിൽ

* രണ്ടു തലയുള്ളതും ഇരുവശത്തേക്കും ഇഴഞ്ഞു നീങ്ങാൻ കഴിവുള്ളതുമായ സർപ്പം.



www.malankaralibrary.com

www.malankaralibrary.com

സഭയ്ക്കു ഒന്നായി നിൽക്കുവാനോ, നീങ്ങുവാനോ എങ്ങനെ കഴിയും? പിന്നെ പാത്രിയർക്കീസ് പക്ഷത്തുള്ള സത്യവിശ്വാസികൾ അദ്ധ്വാനിച്ചു പണിതുയർത്തിയ പള്ളികളുടെ താക്കോലും വേണം!

ഇരുലോകത്തിൻ താക്കോൽകാരൻ ശ്ലീഹാശ്രേഷ്ഠൻ
ശെമവൂനെ-പ്പോൽ തന്നിടവകയിൽ
തൽസ്ഥാനേ-നിന്നീടുന്നേരം

.................................................. എന്ന് വട്ടക്കുന്നേൽ തിരുമേനി ഒരു കാലത്തു (സഭാ സമാധാന കാലങ്ങളിൽ) പഠിപ്പിക്കുകയും തൻെറ വി. കുർബ്ബാനക്രമങ്ങളിൽ (പേജ് 359) അച്ചടിച്ചു ചേർക്കുകയും ചെയ്തിട്ടുള്ള പത്രോസിൻെറ സ്ഥാനിയുടെ കൈയ്യിൽ അല്ലേ അതും ഇരിക്കേണ്ടത്? ഉള്ളവനല്ലേ കൊടുക്കേണ്ടത് ?

## 21. പുനരൈക്യ പരിഹാരം !

### 1. സാർവ്വത്രിക കൂട്ടായ്മ

2002 സെപ്ററംബർ 22-നു യിലെ സൺഡേ ശാലേം എന്ന വീക്കിലിയിൽ രസാവഹമായ ഒരു അഭിപ്രായം കണ്ടു. മലങ്കര പുനരൈക്യ പ്രസ്ഥാനത്തിനു പ്രസക്തിയേറുന്നു എന്ന തലക്കെട്ടിൽ മലങ്കര കത്തോലിക്കാ സഭയിലെ ഫാ. ചെറിയാൻ താഴമണ്ണുമായി ജയ്സ് കോഴിമണ്ണിൽ നടത്തിയ അഭിമുഖത്തിലാണീ പരിഹാര നിർദ്ദേശം കണ്ടത്. അതിൻെറ പ്രസക്തഭാഗം കാണുക :

ചോദ്യം : ഓർത്തഡോക്സ്-യാക്കോബായ സഭാ ഭിന്നതയ്ക്കൊരു പരിഹാരം നിർദ്ദേശിക്കാമോ ?

നൂററാണ്ടുകളായി നിയമവിശാരദർ ശ്രമിച്ചിട്ട് നടക്കാത്ത ഒരു പരിഹാരം നിർദ്ദേശിക്കാൻ എളിയവനായ ഞാൻ ഒരുമ്പെട്ടാൽ തന്നെ അത് അഹങ്കാരമാകും. ഈ പ്രശ്ന പരിഹാരം 1930-ൽ വ്യക്തമായതല്ലേ. മലങ്കര കത്തോലിക്കാ സഭയാണ് പരിഹാരം.

ചോദ്യം : മലങ്കരസഭ ഒന്നാകെ മലങ്കര കത്തോലിക്കാ സഭയിലേക്ക് വരണമെന്നാണോ ?

മലങ്കര മെത്രാപ്പോലീത്താ അദ്ധ്യക്ഷനായുള്ള സഭയ്ക്ക് ഈ വർഷത്തെ വിധിയോടെ നിയമപരിരക്ഷ ലഭിച്ചതായി കാണുന്നു. എന്താണ് യഥാർത്ഥത്തിൽ മലങ്കരയിൽ നടക്കുന്നത്. മലങ്കര സഭയുടെ അപ്പസ്തോലിക അടിസ്ഥാനം, യാക്കോബായ വിഭാഗത്തെ പത്തോ, പതിനൊന്നോ ലക്ഷം വരുന്ന സമൂഹത്തെ കൊണ്ട് അംഗീകരിപ്പിക്കാനുള്ള ശ്രമം. തലപോയാലും അവർ അത് അംഗീകരിക്കുകയുമില്ല. പള്ളികൾ കൈയ്യിൽ കിട്ടിയതുകൊണ്ടും ജനത്തെ കിട്ടണമെന്നില്ലല്ലോ. പതിനൊന്ന് ലക്ഷം വരുന്ന ഒരു സമൂഹത്തെക്കൊണ്ട് മലങ്കര സഭയുടെ അപ്പസ്തോലികത്വം അംഗീകരിപ്പിക്കാൻ വൃഥാശ്രമം നടത്താതെ ഇതാ ഇവിടെ ഒരു വഴി. പാത്രിയർക്കീസുമാരിൽ തലവനും മുമ്പനുമായ സാർവ്വത്രിക സഭയുടെ തലവൻ മാർപ്പാപ്പയും അദ്ദേഹത്തിൻെറ ആത്മീയ നേതൃത്വം അംഗീകരിക്കുന്നവരുമായ 125 കോടി ജനങ്ങളും, മലങ്കര സഭയുടെ അപ്പസ്തോലികത അംഗീകരിച്ചു. മാത്രമല്ല അതിൻെറ ആദ്ധ്യാത്മിക വശങ്ങൾ അംഗീകാരമുള്ളപ്പോൾ ഇനി ഇഷ്ടമില്ലാത്ത ഒരു ചെറിയ സമൂഹത്തിൻെറ അംഗീകാരത്തിനു വേണ്ടി എന്തിന് കഷ്ടപ്പെടണം.

ചോദ്യം : ഈ പറഞ്ഞതിൻെറ പ്രായോഗിക പൊരുൾ അൽപം കൂടി വ്യക്തമാക്കാമോ ?

പ്രായോഗികമായ ഒരു കാര്യം പറയാം. ഉദാഹരണത്തിന് ഓർത്തഡോക്സ് വിഭാഗത്തെ എടുക്കാം. കാതോലിക്ക ബാവ നേതൃത്വം കൊടുക്കുന്ന വിഭാഗം പത്രോസിൻെറ പിൻഗാമിയായ റോമാ മാർപാപ്പ തലവനായുള്ള അപ്പസ്തോലിക സഭയുമായി ഐക്യത്തിൽ വരിക. മലങ്കര സഭയുടെ അപ്പസ്തോലികത്വവും



www.malankaralibrary.com

www.malankaralibrary.com

പ്രാദേശികതയും റോമാ സിംഹാസനം അംഗീകരിച്ചു കഴിഞ്ഞിട്ടുള്ളതാണല്ലോ. സാർവ്വത്രിക സഭയിൽ മലങ്കരയിലെ അപ്പസ്തോലിക-പ്രാദേശിക സഭയുടെ തലവനായി കാതോലിക്കാ ബാവാ രൂപാന്തരപ്പെടുന്നു. ഇപ്പോഴുള്ള മലങ്കര കത്തോലിക്കാ സഭ ഈ പ്രാദേശിക തലവന്റെ കീഴിലാകുന്നു. കാതോലിക്കാ ബാവ സാർവ്വത്രിക കൂട്ടായ്മയിലെ ഒരു പ്രാദേശിക സഭയുടെ തലവനാകുന്നു. അതുവഴി സാർവ്വത്രിക കൂട്ടായ്മയിലുള്ള എല്ലാ അപ്പസ്തോലിക സഭകളുമായി കൂട്ടായ്മയും ലഭിക്കുന്നു. മലങ്കര അപ്പസ്തോലിക സഭയ്ക്ക് ദൈവദത്തമായി ലഭിച്ച പ്രേഷിത ദൗത്യം നിർവ്വഹിക്കുവാൻ അവൾ അർഹയും, കരുത്തും ഉള്ളവളുമാകുമെങ്കിൽ മലങ്കര സഭ ഒന്നാകെ സാർവ്വത്രിക ക്രൈസ്തവ കൂട്ടായ്മയിലുൾപ്പെടേണ്ടിയിരിക്കുന്നു. അതിന്റെ തുടക്കവും വളർച്ചയുമാണ് മലങ്കര കത്തോലിക്കാ സഭ.*

**2. എന്നാൽ വീണ്ടും (ക്രൈസ്തവ കാഹളം 2002 സെപ്. ലക്കം)**

മലങ്കര ഓർത്തഡോക്സ്-യാക്കോബായ സഭകൾ ആത്മീയ മരുഭൂമിയായി മാറിക്കൊണ്ടിരിക്കുകയാണ്. പഴയ തലമുറയിൽ പെട്ടവർ പള്ളികൾ തമ്മിലും പട്ടക്കാർ തമ്മിലുമുള്ള യുദ്ധം കണ്ട് സഹികെട്ട് നിരാശരായി ആത്മഹത്യാ മുനമ്പിലേക്കെന്നപോലെ പെന്തക്കോസ്തു സഭകളിലേക്ക് കൂട്ടമായി ഇരച്ചുകയറുന്നു (റീത്ത് സഭയിൽ പോകരുത്; അത് ആടുമോഷണമാണ്). പുതിയ തലമുറയിൽ പെട്ടവർ സഭയിലെ നേതാക്കന്മാരുടെ ആത്മീയാധഃപതനം കണ്ട് ദൈവത്തിൽ നിന്നും, വിശ്വാസജീവിതത്തിൽ നിന്നും അകന്നു പൊയ്ക്കൊണ്ടിരിക്കുന്നു. കാര്യങ്ങളുടെ പോക്ക് ഇങ്ങനെയാണെങ്കിൽ കേസും, വഴക്കുമൊക്കെ തീരുന്ന കാലത്ത് (അതിന് സാധ്യത വിരളം) മലങ്കരസഭയിലെ വിഘടിതവിഭാഗങ്ങളിൽ അവശേഷിക്കുന്നത് ആർക്കും വേണ്ടാത്ത ചില സിംഹാസനങ്ങൾ മാത്രമായിരിക്കും.

**3. ചേർത്തു വായിക്കുവാൻ (സൺഡേ ശാലോം, സെപ്. 22, 2002)**

മാർത്തോമ്മാ ശ്ലീഹായിൽ നിന്ന് സുവിശേഷം സ്വീകരിക്കാനും പത്രോസ് ശ്ലീഹായുടെ പരമാധികാരം അംഗീകരിച്ചു കൊണ്ട് സാർവ്വത്രിക സഭയുടെ അവിഭാജ്യ ഘടകമായിത്തീർന്ന ദൈവജനക്കൂട്ടായ്മയാണ് മലങ്കര സഭ. ഈ യാഥാർത്ഥ്യങ്ങളെ അതിർത്തി കടന്നെത്തിയവർ ചോദ്യം ചെയ്തു. ഈ വെല്ലുവിളിയെ തിരിച്ചറിയാൻ നമ്മുടെ പൂർവ്വീകർക്ക് കഴിഞ്ഞു. അപ്രകാരം കൂനൻ കുരിശ് സത്യത്തിലൂടെ അവർ പ്രതികരിച്ചു. ഈ സംഭവത്തെ ഒരു വിഭാഗം ആളുകൾ ദുർവ്യാഖ്യാനം ചെയ്തു. അനൈക്യത്തിന്റെയും അസമാധാനത്തിന്റെയും ഇത്തരം പ്രവണതകൾ തിരുത്താനുള്ള പ്രവർത്തനങ്ങളാണ് മാർ ഈവാനിയോസിലൂടെ നടന്നത്. ഓർത്തഡോക്സ് സഭയിൽ ലഭിക്കാവുന്ന സ്ഥാനമാനങ്ങളെല്ലാം ത്യജിച്ചു കൊണ്ട് സാർവ്വത്രിക സഭാകൂട്ടായ്മയിൽ കടന്നുവരുവാൻ ഈവാനിയോസ് തിരുമേനിയെ പ്രേരിപ്പിച്ചത് തെററുകൾ തിരുത്തുവാനുള്ള ദൈവികമായ ധൈര്യമാണ്. ഈ ധൈര്യത്തിന്റെ അഭാവമാണ് പുനരൈക്യത്തിന് വിഘാതമായി നിൽക്കുന്ന അടിസ്ഥാന കാരണം. സാർവ്വത്രികസഭയിൽ പ്രവേശിക്കുന്നതിനെ ഭീരുത്വമായിട്ടോ കീഴടങ്ങലായിട്ടോ കണക്കാക്കരുത്. അപ്പസ്തോലസഭയിൽ കൂട്ടായ്മയിൽ മാർത്തോമ്മാ ശ്ലീഹായ്ക്കുണ്ടായിരുന്ന സ്ഥാനമാണ് ഇതിലൂടെ ലഭിക്കുക. ഇപ്രകാരം സാർവ്വത്രിക സഭയുമായുള്ള മലങ്കര സഭയിലെ എല്ലാ സഭകളുടെയും ഒത്തൊരുമിച്ചുള്ള കൂട്ടായ്മ നമ്മുടെ ചിരകാല സ്വപ്നമെന്നതുപോല തന്നെ ഒരു ആവശ്യകതയായി നിലകൊള്ളുന്നു. കാലതാമസം ഉണ്ടാകുന്ന ഓരോ നിമിഷവും ദൈവസ്നേഹത്തിന്റെയും ദൈവിക വിശ്വാസത്തിന്റെയും അടിത്തറയിൽ നിന്നുള്ള അകൽച്ചയും അതിന്റെ ഭവിഷത്തുകളും ആയിരിക്കും നമ്മുടെ അനുഭവം;

## 22. എം. എ. അച്ചനും തോമ്മാ സിംഹാസനവും

ഓർത്തഡോക്സ് വിഭാഗം ഒരു കേസിൽ തോററപ്പോൾ ഒന്നടങ്കം കത്തോലിക്ക സഭയിൽ ചേരുവാൻ ഇവരുടെ മെത്രാന്മാർ തീരുമാനം

* ഇത്രയും ബദ്ധപ്പെടാതെ പുനരൈക്യപ്പെടണം എന്നുമാത്രം പറഞ്ഞിരുന്നുവെങ്കിൽ വേഗം മനസ്സിലാകുമായിരുന്നു.



www.malankaralibrary.com

www.malankaralibrary.com

എടുത്തതായും ഈ ലക്ഷ്യപ്രാപ്തിക്കു വേണ്ടി പരിശ്രമിച്ചതും മാർ ഈവാനിയോസ് തിരുമേനി (അന്ന് ഓർത്തഡോക്സ് സഭയിലെ എം.എ. അച്ചൻ) ആയിരുന്നു എന്നും കേട്ടിട്ടുണ്ട്. മററുള്ള ഓർത്തഡോക്സ് മെത്രാന്മാർ പിന്നീട് കാലുമാറിയെങ്കിലും ഈവാനിയോസ് പിതാവ് കത്തോലിക്കാ സഭയിൽ മലങ്കര റീത്ത് ഉണ്ടാക്കി ലയിച്ചു. തിരുമേനി ഓർത്തഡോക്സ് വിഭാഗത്തിൻെറ ബുദ്ധികേന്ദ്രമായിരുന്നപ്പോഴാണ് അബ്ദുൽ മശിഹാ പാത്രിയർക്കീസിനെ നിരണത്ത് കൊണ്ടുവന്നതും, മുറിമററം മാർ ഈവാനിയോസ് മെത്രാനെ ഒന്നാം കാതോലിക്കയാക്കിയതും. കാതോലിക്കയെ വാഴിക്കുവാൻ സമ്മതമില്ലാതെ* പാത്രിയർക്കിസ് മനംമാറിയ വേളയിൽ ധൈര്യം കൊടുത്ത് ഈ വാഴ്ച നടത്തിച്ചതും എം. എ. അച്ചൻെറ കഴിവ് ഒന്നുകൊണ്ടായിരുന്നു. വാഴ്ച കഴിഞ്ഞ് പാത്രിയർക്കീസിനെക്കൊണ്ട് ഒപ്പിടുവിച്ച സുറിയാനിഭാഷയിലുള്ള ഒരു കല്പനയിൽ പുതിയ കാതോലിക്കയെ മാർ തോമ്മായുടെ കിഴക്കിൻെറ സിംഹാസനത്തിലേക്കാണ് (കൂർസിയോ ദ് തോമ്മാ ദ് മാദിനഹൊ) വാഴിച്ചിരിക്കുന്നത് എന്നും ചേർത്തിട്ടുണ്ട്. ഈ (സുറിയാനി) കല്പന കാലം ചെയ്ത വട്ടക്കുന്നേൽ കാതോലിക്കാ ബാവാ തിരുമേനി എന്നെ കാണിച്ചിട്ടുള്ളതും, ഞാൻ അത് വായിച്ചിട്ടുള്ളതുമാകുന്നു. ഈ കല്പനയിലെ വാചകങ്ങൾ എഴുതിയതും പാത്രിയർക്കീസിനെക്കൊണ്ട് അതിൽ ഒപ്പിടിയിച്ചതും എം.എ. അച്ചൻ ആയിരുന്നു എന്ന് ഫാ. ഇഞ്ചക്കലോടിയുടെ പുസ്തകത്തിൽ കാണുന്നു*.

ഇപ്പോൾ മലങ്കര കത്തോലിക്കാസഭയുൾപ്പെടെയുള്ള എല്ലാ സഭകളും തള്ളിപ്പറയുന്ന തോമ്മാ സിംഹാസനം എന്ന നവീന ആശയം എവിടെ നിന്നും വന്നു എന്ന് ഊഹിക്കയെ വേണ്ടൂ. സുറിയാനിസഭ വിട്ട് അസ്ഥിരരായ ചിലർ വലത്തോട്ട് തിരിഞ്ഞ് മലങ്കര റീത്തിൽ ചേർന്നാലും, വിശ്വാസപരമായി താളം തെററിയവർ ഇടത്തോട്ട് തിരിഞ്ഞ് പെന്തക്കൊസ്തിൽ പോയാലും മലങ്കര സഭാവഴക്കുകൾ തീരുകയില്ല. കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുവാൻ ഓർത്തഡോക്സ് നേതൃത്വത്തെ പരിശുദ്ധാത്മാവ് പ്രേരിപ്പിക്കുമെങ്കിൽ സഭ രണ്ടായി സമാധാനം ഉണ്ടാകും.

സത്യസുറിയാനി സഭയെ കക്ഷിവഴക്കിൻെറ പേരിൽ പരിഹസിക്കമാത്രം ചെയ്യാതെ, ക്രിയാത്മകമായ സഹായങ്ങൾ അവൾക്കുവേണ്ടി ചെയ്യുവാൻ ഇതര അപ്പോസ്തോലിക സഭകൾക്കും ബാദ്ധ്യതയുണ്ട്. അന്ത്യോഖ്യൻ സഭയ്ക്കു മാത്രം പ്രത്യേകപ്പെട്ട വി. കുർബ്ബാനയിലെ സ്വർഗ്ഗീയ ആരാധനാ രീതികളും ക്രൈസ്തവലോകം മുഴുവനും പ്രശംസിക്കപ്പെടുന്നതും അതിൻെറ തനിമയിൽ സംരക്ഷിക്കപ്പെടേണ്ടതും തന്നെ. നവീകരണം, പുനരൈക്യം തുടങ്ങിയവയുടെ പേരിൽ ഈ സഭ വിട്ടവർ പ. അന്ത്യോഖ്യൻ പിതാക്കന്മാരുടെ വി. കുർബ്ബാനയിലും മററും കാതലായ വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്. ഈ സഭയിൽ മാത്രം എള്ളിട വ്യത്യാസം കൂടാതെ നിലനിർത്തപ്പെട്ടു പോരുന്ന കൂദാശകളും ശ്ലൈഹിക പാരമ്പര്യങ്ങളും മാററം കൂടാതെ സംരക്ഷിക്കപ്പെടണമെങ്കിൽ ഈ സഭ അതിൻെറ അപ്പോസ്തോലിക തനിമയിൽ നിലനിന്നേ മതിയാകൂ. സഹോദരങ്ങൾ തമ്മിലുള്ള വഴക്കിൻെറ പരിഹാരം തറവാട് തീയിട്ടു നശിപ്പിക്കുകയോ, വില്ക്കുകയോ അല്ല, ഒരാൾ തറവാട്ടിലും മറെറയാൾ വേറെയും പാർക്കണം. സുറിയാനി സഭ രണ്ടാവട്ടെ. അതുവഴി സമാധാനം വളരട്ടെ. ഇതിന് ഇതര അപ്പോസ്തോലിക സഭകളുടെ സഹായവും സേവനവും ഉണ്ടാകണം.

---

* പാത്രിയർക്കീസിൻെറ കൂടെ വന്ന രണ്ട് റമ്പാൻമാർ കാതോലിക്കാ വാഴ്ചയ്ക്ക് എതിരായിരുന്നു. മടക്കയാത്രയിൽ ഇവർ തൻെറ ജീവന് ഭീഷണിയാകുമെന്നു പോലും അദ്ദേഹം ഭയന്നിരുന്നു. (Page 119 Arch Bishop Mar Ivanios by Fr. Thomas Inchakkalody)



www.malankaralibrary.com

www.malankaralibrary.com

## 23. ഒരേ ഒരു പരിഹാരം മാത്രം

ഇത്രയും നാൾ അന്യോന്യം ചെളിവാരി എറിയുകയാൽ ഇരുകൂട്ടരും (ക്രിസ്ത്യാനികൾ മൊത്തത്തിലും) അവമാനിതരായിക്കഴിഞ്ഞു. ഇന്നത്തെ സാഹചര്യത്തിൽ സഭാസമാധാനം എന്നത് വെറും മരീചികയാണ്. നമുക്ക് ചെയ്യാവുന്ന ഒരേ ഒരു കാര്യം മാത്രമേ ബാക്കിയുള്ളൂ. ഇരു കക്ഷികളും രണ്ടു സഹോദരീസഭകളായി (കേസും വഴക്കും ഇല്ലാതെ) സന്തോഷമായി കഴിയുവാൻ ആവശ്യമായ സാഹചര്യം സൃഷ്ടിക്കയാണിത്. ജനമല്ലേ പ്രധാനം. ജനായത്ത രീതിയിൽ വ്യക്തമായ ഭൂരിപക്ഷമുള്ള വിഭാഗത്തിന് പൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടി പള്ളികൾ വിട്ടുകൊടുക്കുക. ന്യൂനപക്ഷത്തിന് ഇടവകയിൽ നിന്നും അന്തസ്സായ രീതിയിൽ ആരാധനാലയങ്ങൾ ഉണ്ടാക്കിക്കൊടുക്കുക. ശവക്കോട്ടകൾ ഇരുപക്ഷവും ഒരുപോലെ ഉപയോഗിക്കുക. ഇരുപക്ഷത്തെയും വൈദികർ കയറട്ടെ. ഇതല്ലെ ഇത്തരുണത്തിൽ ദൈവത്തിന് പ്രസാദമുള്ള പ്രവൃത്തി ? പല പള്ളിക്കാരും ഇപ്രകാരം ചെയ്തുവല്ലോ. വഴക്കുള്ള ഇടവകകളിലെ നല്ലവരായ ആളുകൾ ഈ വിഷയത്തിൽ മുൻകൈ എടുത്തു പ്രവർത്തിക്കണം. ഇടയന്മാർ അവരെ തടയരുത്. സഭാ സ്നേഹികളായ വൈദികർ ഇതിന് ഉപദേശവും പ്രോത്സാഹനവും നൽകണം. മേല്പട്ടക്കാർ വിശാല ഹൃദയരായിരിക്കണം. അവർ പൈശാചികമായ വൈരാഗ്യം വെടിഞ്ഞവരും ഉൾക്കാഴ്ചയും ദൂരക്കാഴ്ചയും ഒരുപോലെ ഉള്ളവരുമാകണം. ജനങ്ങളുടെ ഇത്തരം ശ്രമങ്ങൾക്ക് തടസ്സം നിന്നാൽ ദൈവം അവരോടും ക്ഷമിക്കയില്ല. ഈ സഭ രണ്ടായി പിളരണം എന്നതായിരിക്കുകയില്ലേ ദൈവേഷ്ടം? പൗരോഹിത്യത്തിന്റെ മഹത്വ വസ്ത്രങ്ങളണിഞ്ഞ് (പുറ. 28:12) വക്കീലന്മാരുടെയും മററും ഓഫീസുകളിലും തെരുവു യോഗവേദികളിലും കയറിയിറങ്ങുന്നതിൽ നിന്നും, പ്രകടന ജാഥകൾക്കും, അടിപിടികൾക്കും ആഹ്വാനം ചെയ്യുന്നതിൽ നിന്നും എല്ലാ വൈദികരും പിന്മാറണം. പാവങ്ങൾ നല്കുന്ന നേർച്ച കുർബ്ബാനാദികളുടെ പണം ഇനിയും ദുരുപയോഗപ്പെടുത്തരുതെ. അന്യോന്യം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുക. കാപട്യവും കള്ളപ്രസ്താവനകളും നിർത്തുക. സകല അക്രൈസ്തവ നടപടികൾക്കും വിരാമമിടുക. സഭയിൽ വെടിപ്പുള്ള കരങ്ങളും നിർമ്മല ഹൃദയങ്ങളും പ്രവർത്തിക്കട്ടെ. അങ്ങനെ യഹോവയുടെ കൂടാരത്തിൽ വസിക്കുവാനായി (സങ്കീ. 15) അവന്റെ പർവ്വതങ്ങളെ സമീപിക്കുക. ആത്മരക്ഷ ഒന്നു മാത്രമാണ് യഥാർത്ഥ ക്രിസ്തീയ ലക്ഷ്യമെന്നും വി. സഭ അതിനുള്ള അതിവിശുദ്ധ ഉപാധിമാത്രമെന്നും അറിയുകയും അറിയിക്കുകയും ചെയ്യുക. ഇതിന് ആത്മധൈര്യം അത്യന്താപേക്ഷിതമാണ്. ഇന്നത്തെ മേല്പട്ടക്കാർ അതു സമ്പാദിച്ചേ മതിയാവൂ. അവർ പിതാക്കന്മാരുടെ വഴികൾ കണ്ടെത്തി, നല്ല വഴി ഏതെന്ന് പഴയ പാതകളെ നോക്കി ചോദിച്ചു നടക്കണം. (യെറ. 6:15) ഞങ്ങൾ അതിൽ നടക്കയില്ല എന്നു പറയരുത്. ജനങ്ങൾ തന്നെ മുൻകൈ എടുത്ത് കേസുകൾ മതിയാക്കാൻ വേണ്ടത്ര സമ്മർദ്ദം ചെലുത്തണം.

## 24. വിട്ടുവീഴ്ചയുടെ തുടക്കം തലസ്ഥാനത്തു തന്നെ ആകട്ടെ

സഭാസമാധാന പ്രവർത്തനങ്ങൾക്കുള്ള ഒരു നല്ല തുടക്കമായി തിരുവനന്തപുരം സെൻറ്. ജോർജ്ജ് ഓർത്തഡോക്സ് പള്ളി ഇടവകയ്ക്കെതിരായി വർഷങ്ങളായി നടത്തുന്ന കേസുകൾ സഭാകേന്ദ്രം ഏകപക്ഷീയമായി



www.malankaralibrary.com

www.malankaralibrary.com

പിൻവലിക്കണം. സ്വന്തം ജനത്തിനെതിരായി നടത്തുന്ന ലജ്ജാകരമായ കേസാണിത്. കേസ്സിൽ കുടുക്കിയിട്ടിരിക്കുന്ന ബസേലിയോസ് സ്മാരക മന്ദിരത്തിൻെറ ഇന്നത്തെ അവസ്ഥ തന്നെയാണ് സഭയുടെയും ഇന്നത്തെ അവസ്ഥ! അററകുററ പണികൾ ഇല്ല. ടെറസ്സിലും, ഭിത്തി പൊട്ടിയ ഇടങ്ങളിലും ആൽതൈകൾ വളരുന്നു. വാടകപ്പണം കെട്ടിക്കിടക്കുന്നു. എത്രയെത്ര നല്ലകാര്യങ്ങൾ ചെയ്യാൻ കഴിവുള്ള വിദ്യാസമ്പന്നരും, വളരെയേറെ നല്ലവരും ശുദ്ധന്മാരുമായ ഇടവകക്കാർ. സ്വന്തം മക്കളോട് (പച്ചമരം) ഇപ്രകാരം എങ്കിൽ എതിർ (പാത്രിയർക്കീസ്) കക്ഷിയെ (ഉണക്കമരം) വെറുതെ വിടുമോ? ഇടവകക്കാർ സ്വന്തമായി പണിയിച്ച സ്മാരക മന്ദിരത്തിൻെറ വാടകയാണ് ദേവലോകത്തിൻെറ ആവശ്യം. അതിനു സ്വന്തം മക്കളുടെ പേരിൽ കേസും ! കെട്ടിടം നശിക്കുന്നു. വാടക നഷ്ടമാകുന്നു. ഒരു കൂസലുമില്ല. ആ പള്ളി ഇടവകക്കാർ ഇപ്പോഴും കാതോലിക്കാ ബാവായെ അനുസരിച്ച് നടക്കുന്നതുപോലെ പാത്രിയർക്കീസ് പക്ഷം ഒന്നടങ്കം നിരസിക്കുന്ന എതിർസഭാ തലവനെ പാത്രിയർക്കീസ് പള്ളികളിൽ കയററുകയോ അവർ അദ്ദേഹം നയിക്കുന്ന കൂദാശകളിൽ സംബന്ധിക്കുകയോ ചെയ്യില്ല എന്നകാര്യം അറിയില്ലെങ്കിൽ !!! സ്വന്തം സഭാമക്കൾക്കെതിരെ കോടതിയിൽ കേസു പറയുന്നതു ഉടനടി നിർത്തുക. പിന്നെ, പാത്രിയർക്കീസ് പക്ഷത്തിനെതിരായി കൊടുത്തിരിക്കുന്ന നൂറുകണക്കിനുള്ള സഭാക്കേസുകളും പിൻവലിക്കുക.

## 25. ധനമോഹം വെടിയുക

ഓർത്തഡോക്സ് പക്ഷം മെത്രാന്മാർ സമർപ്പിച്ചിരിക്കുന്ന ഒരു കേസിൽ അവർക്ക് വേണ്ടതായ ഒമ്പതു പ്രധാന പള്ളികളുടെ പേരു കണ്ടു.

1. Marthoman Christian Church, Kothamangalam
2. St. Mary's Church, Agnamaly
3. St. George Church, Karingachira
4. Martha Mariam Church, Kandanad
5. St. Kuriakose Church, Mampra
6. St. Mary's Church, Errikumchira
7. Marthama Church, Mulanthuruthy
8. St. Mary's Church, Manarcaud
9. St. Peter's & St. Pauls Church, Puthenkurizhu

എത്ര എളുപ്പമുള്ള വഴി ! എത്ര നല്ല ഉന്നങ്ങൾ ! ധനശേഷിയുള്ള യാക്കോബായ പള്ളികൾ മാത്രം മതി! ഈ പള്ളികൾ പണിയിച്ച ഇടവക്കാരുടെ നിലപാട് വിഷയമേയല്ല! അവരുടെ മുതൽ മുടക്കി അവർ പണിയിച്ച പള്ളികളിൽ അവർക്കു വേണ്ട ആരാധന ഏതെന്നും ആരു നടത്തണമെന്നതു പോലും പ്രശ്നമല്ല. മാത്രമോ, അവരുടെ സഭാദ്ധ്യക്ഷനായ പാത്രിയർക്കീസിനെ അവരുടെ പള്ളികളിൽ നിന്നുകൊണ്ട് നിന്ദിക്കുവാൻ അവർ സമ്മതിക്കുമോ ? പാത്രിയർക്കീസ് പക്ഷത്തു നിന്നും മറുകണ്ടം ചാടിയ ചില മെത്രാന്മാരെക്കൊണ്ട് പ. പാത്രിയർക്കാ സിംഹാസനത്തെ അവഹേളിപ്പിക്കുന്ന ഇവരെ പാത്രിയർക്കീസ് വിഭാഗം പള്ളികളിൽ കയറി ഭരണം കൈയ്യടക്കുവാൻ സമ്മതിക്കാൻ ആകുമോ?



www.malankaralibrary.com

www.malankaralibrary.com

## 26. വിഭജനം ഏകപോംവഴി

ഈ സഭയെ രണ്ടായി വിഭജിച്ച് ശാശ്വത സമാധാനം സ്ഥാപിക്കുകയല്ലാതെ നമ്മുടെ മുമ്പിൽ മററു യാതൊരു മാർഗ്ഗവുമില്ല. ഈ യാഥാർത്ഥ്യം ഇരു വിഭാഗക്കാരും അംഗീകരിച്ചേ മതിയാവൂ. അല്ലെങ്കിൽ കുല വരാറായപ്പോൾ "കുറുനാമ്പ്" ബാധിച്ച വാഴപോലെ, ഫലം കായ്ക്കാത്ത, ഇലമാത്രമുള്ള അത്തിപോലെ, നിത്യശാപത്തിനും നാശത്തിനും ദണ്ഡനത്തിനും ഇടയാകും. ഇപ്പോൾ തന്നെ വൃക്ഷങ്ങളുടെ ചുവട്ടിന് കോടാലി വച്ചിരിക്കുന്നു. നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടു കളയും. വീശുമുറം അവൻെറ കയ്യിൽ ഉണ്ട്. അവൻ കളത്തെ മുററും വെടിപ്പാക്കി ഗോതമ്പു കളപ്പുരയിൽ കൂട്ടിവയ്ക്കയും പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളയുകയും ചെയ്യും. സുറിയാനി സഭയാകുന്ന നെൽച്ചെടിയുടെ ഇളം കതിരിലെ പാൽ ഊററിക്കുടിച്ചു അതിനെ പതിരാക്കി മാററുന്ന ശത്രുവായ വ്യവഹാരത്തെ ഉന്മൂലം ചെയ്തുവാൻ സഭയിലെ യഥാർത്ഥ കർഷകരായ സഭാമക്കൾ അലസത വെടിഞ്ഞും ഉണർന്നും പ്രവർത്തിക്കുക ! പാഴാക്കുവാൻ സമയമില്ല. ചിലയിടങ്ങളിൽ സഭാമക്കൾ ഉണർന്നു പ്രവർത്തിക്കുന്നതായി അറിയുന്നു. ഇതു ശുഭോദാർക്കം തന്നെ.

ജനാധിപത്യ ഇന്ത്യയിൽ സഭാ മണ്ഡലത്തിലും ജനാധിപത്യ വ്യവസ്ഥിതി നിലനിൽക്കണം. മനസ്സിനു യോജിക്കാത്ത ഒരു ആത്മീയ നേതാവിനെയും ആരും സ്വീകരിക്കയില്ല. അവരുടെ കാർമ്മികത്വത്തിലുള്ള ആരാധന ഇഷ്ടപ്പെടുകയും ഇല്ല. ഭയപ്പെടുത്തിയോ, സമ്മർദ്ദം വഴിയോ, പ്രലോഭനം വഴിപോലുമോ, സ്വീകരിപ്പിക്കുവാനും ഇന്ന് കഴികയില്ല. ഇതു സാധിക്കേണ്ടത് സ്നേഹം വഴിയാകുന്നു. സ്നേഹം കപടമില്ലാത്തതും, സത്യത്തേ അംഗീകരിക്കുന്നതുമായിരിക്കണം (Real love gives and forgives). അത് അന്യം നിന്നു പോയതിനാൽ കൈസർക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുത്ത് ഈ സഭാക്കേസുകൾ എന്നേക്കുമായി അവസാനിപ്പിക്കുക.

> ഓർത്തഡോക്സുകാർ ഇന്നത്തെ സാഹചര്യത്തിൽ പാത്രിയർക്കീസിനെയും അനുയായികളെയും വെറുക്കുന്നതു* പോലെ തന്നെ പാത്രിയർക്കീസുകാർ ഓർത്തഡോക്സ് സഭാതലങ്ങളെയും വെറുക്കുന്നു എന്നതാണ് സത്യം. ഇതു വിശ്വാസത്തിൻെറയും അതിൻെറ അടിച്ചമർത്തൽ വഴി ഉളവായിട്ടുള്ള വികാരത്തിൻെറയും സംയുക്ത പ്രശ്നമാകയാൽ, വൈരാഗ്യങ്ങൾ കൂടുതലായി ജ്വലിപ്പിക്കാതെ, സഹോദരബുദ്ധ്യാ രണ്ടായി (ഒരു ഞെട്ടിലെ രണ്ട് കായ്കൾപോലെ) പിരിയുകയും അന്യോന്യം സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുകയാണ് ഇപ്പോൾ വേണ്ടത്. ഇതല്ലേ ദൈവയിഷ്ടം? ഇതല്ലേ ക്രിസ്തീയത? സുറിയാനി സഭ ദൈവീക സ്നേഹത്തിൽ കൂടി രണ്ടാകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പ്രായമായ മക്കളെ പിതാക്കന്മാർ വേറെ പാർപ്പിക്കുന്നതുപോലെ സ്നേഹമായി നല്ല മനസ്സുകളോടെ നമുക്കു

---

* ന്യൂയോർക്കിലെ സെൻറ് പീറേറഴ്സ് & സെൻറ് പോൾസ് പള്ളിവകയായി പ്രസിദ്ധപ്പെടുത്തുന്ന 'Orthodox Rock' എന്ന മാസിക (ആഗസ്റ്റ് 2002 ലക്കം) കാണുവാൻ ഇടയായി. ഇതിൻെറ കവർ പേജിലെ ചിത്രം പ. പരുമല തിരുമേനിയുടേതും ഉള്ളിൽ സഭാദൂഷണവും. ഇവ രണ്ടും ഒരുമിച്ചുചേർത്ത് ഒരു പള്ളിയുടെ പേരിൽ പരസ്യപ്പെടുത്തിയിരിക്കുന്നത് കഷ്ടമല്ലേ ? ലേഖനകർത്താക്കളുടെ പേരുകൾ പോലും കാണിച്ചിട്ടില്ല. വായനക്കാർ തങ്ങളെ നികൃഷ്ടരും, സാത്താൻെറ പള്ളിക്കാരും (വെളി. 2:9) ആയിക്കാണും എന്ന ഭയമല്ലേ കാരണം ? ദൂഷണവിഷയങ്ങൾ ഇന്ന് അന്ത്യോഖ്യായും, പാത്രിയർക്കീസും എങ്കിൽ, നാളെ ദേവലോകവും, കാതോലിക്കായും ആയിരിക്കും. ഇത്തരക്കാരുടെ അവസാനം പൗരോഹിത്യത്തെ ദൂഷിക്കുന്ന പെന്തക്കൊസ്ത് കൂട്ടായ്മ ആയിരിക്കും. അതിൻെറ കുററക്കാർ ഇവരെ ഇപ്പോൾ പ്രോത്സാഹിപ്പിക്കുന്ന ഓർത്തഡോക്സ് വൈദികരും. ന്യൂയോർക്ക് ഇടവക ഇത്ര സംസ്കാരമില്ലാത്തതോ ?



www.malankaralibrary.com

www.malankaralibrary.com

പിരിയാം. ഓർത്തഡോക്സുകാർ തെക്കോട്ടെങ്കിൽ (ശാസ്താംകോട്ട) പാത്രിയാർക്കീസുകാർ വടക്കോട്ട് (പുത്തൻകുരിശ്) പോകട്ടെ, ഇന്നത്തേ സഭാകേന്ദ്രങ്ങളായ 'ദേവലോകവും' 'സീനായ് മലയും' അവയുടെ നാമത്തിന് യോജ്യമാംവണ്ണം ദൈവീക കാര്യങ്ങൾക്കു സാക്ഷികളാകുകയും ചെയ്യട്ടെ. തെരുവയുദ്ധങ്ങളും അടിപിടികളും അവസാനിപ്പിക്കാം. നിരാശയിൽ നിന്നും നാണക്കേടുകളിൽ നിന്നും പാവപ്പെട്ട സഭാമക്കളെ രക്ഷിക്കാം. ഇടയന്മാർ ജാഗരൂഗരായിരിക്കുക. ആടുകളുടെ വികാരങ്ങൾ മാനിച്ചേ മതിയാകൂ. ആടുകൾ ദൈവത്തിൻെറ വകയാണെന്നും ഇടയൻമാർ അവയുടെ ശുശ്രൂഷകരാണെന്നും ഓർക്കുക.

## 27. സ്നേഹപുഷ്പങ്ങൾ വിടരട്ടെ

ഒരുത്തനും തൻെറ സഹോദരനെ ആദരിക്കുന്നില്ല. ഒരുത്തൻ വലത്തു ഭാഗം കടിച്ചുപറിച്ചിട്ടും വിശന്നിരിക്കും; ഇടത്തുഭാഗവും തിന്നും; തൃപ്തി വരികയുമില്ല; ഓരോരുത്തൻ താന്താൻെറ ഭുജത്തിൻെറ മാംസം തിന്നുകളയുന്നു. മനശ്ശെ എഫ്രയീമിനെയും എഫ്രയീം മനശ്ശെയെയും തന്നേ; അവർ ഇരുവരും യെഹൂദെക്കു വിരോധമായിരിക്കുന്നു. ഇതെല്ലാം കൊണ്ടും അവൻെറ കോപം അടങ്ങാതെ അവൻെറ കൈ ഇനിയും നീട്ടിയിരിക്കും. (യെശ. 9:20-21).

ഇരുകക്ഷികളും ഈ വചനം മനസ്സിൽ വയ്ക്കുക. വേണ്ടപ്പെട്ടവർ സഭയിൽ സമാധാനം കൈവരുത്തുക. ദൈവകോപം ഒഴിവാക്കുക, പ്രസാദകാലം കഴിയാറായി, ഉണർന്നു പ്രവർത്തിക്കുക. ഇപ്പോൾ തന്നെയാകട്ടെ. ദുർവാശികൾ ഉപേക്ഷിക്കു. സ്നേഹപുഷ്പങ്ങൾ വിരിയട്ടെ. ഇപ്പോഴുള്ള തണ്ടിലെ രണ്ടു പുഷ്പങ്ങളും നില്ക്കട്ടെ. ഒന്നിനെ പിച്ചിച്ചിന്തി മററതിനെ നിർത്തുവാൻ ശ്രമിക്കരുത്. ഒന്നും കാണില്ല. അല്ല, രണ്ടും (ചെടിയും) കാണില്ല. ഇലകൊഴിഞ്ഞും ഉണങ്ങിയും പോകാതെ പൂർവ്വിക സത്യവിശ്വാസമാകുന്ന വടവൃക്ഷത്തെ സംരക്ഷിക്കുക.

## 28. മനം മാററം ഉണ്ടാകണം

പരിഹാസത്തിൽ സന്തോഷിക്കയും, പരിജ്ഞാനത്തെ വെറുക്കുകയും, ബുദ്ധിഹീനതയിൽ രസിക്കുകയും ചെയ്യുന്നതു ഇരു കൂട്ടത്തിലുമുള്ള അയ്മേനികളും പട്ടക്കാരും മതിയാക്കണം. (സദൃ 1:22) യഹോവയെ ബഹുമാനിപ്പാൻ (സദൃ 3:9) വിശ്വാസികൾ നൽകുന്ന പണം ദുർവ്യയം ചെയ്യുന്നത് നിർത്തുക. വൃത്തികെട്ടതും സത്യവിശ്വാസത്തിനു നിരക്കാത്തതുമായ കുട്ടിപ്പത്രങ്ങൾ സഭവകയായി (പട്ടക്കാരുടെ മേൽനോട്ടത്തിൽ) പ്രസിദ്ധപ്പെടുത്താതിരിക്കുക. കേസ്സിന് ചെലവഴിക്കുന്ന പണം കൊണ്ട് പാവപ്പെട്ടവരെയും, പിന്നോക്കം നിൽക്കുന്ന ഇടവകകളേയും, ബുദ്ധിമുട്ടുള്ള വൈദീകരെയും കൈ തുറന്ന് സഹായിക്കുക. വി. സഭയുടെ സത്യവിശ്വാസം ആഴത്തിൽ പഠിക്കുകയും, പഠിപ്പിക്കുകയും അവ നിലനിർത്തുക്കുവാനുള്ള പദ്ധതികൾ ആരംഭിക്കുകയും ചെയ്യുക. ആലംബഹീനരെ കൂടുതലായി സഹായിക്കുക. പെന്തക്കൊസ്തു തുടങ്ങിയ സമൂഹങ്ങളിലേക്ക് വഴിതെററിപ്പോയവരെ തിരികെ കൊണ്ടു വരിക. ഇതുപോലുള്ള ഒട്ടനവധി നല്ല കാര്യങ്ങളും പുണ്യപ്രവർത്തികളും ചെയ്തു തീർക്കുവാൻ കിടക്കുന്നുണ്ടല്ലോ. മേല്പട്ടക്കാരും



www.malankaralibrary.com

www.malankaralibrary.com

പട്ടക്കാരും സഭാപാരമ്പര്യങ്ങളും സത്യവിശ്വാസവും കൂടുതലായി അറിയുകയും, ആചരിക്കുകയും, ആചരിപ്പാൻ ജനങ്ങൾക്ക് മാർഗ്ഗ ദർശനവും പ്രോത്സാഹനവും നൽകുകയും ചെയ്യുക. സമരമുറകൾക്കു പകരം സമാധാന വചസ്സുകൾ ഓതിക്കൊടുക്കുക.

## 29. ഓർത്തഡോക്സ് കക്ഷിയിലെ നല്ല ശമര്യക്കാർ

ഓർത്തഡോക്സ് വിഭാഗത്തിൻെറ നിരണം ഭദ്രാസനത്തിൻെറ സഭാ സമാധാന സംരക്ഷണ സമിതി സെക്രട്ടറി (പേരു വച്ചിട്ടില്ല) പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ചിന്തോദ്ദീപകമായ ഒരു ലേഖനമാണ് അനുബന്ധം I ആയി ചേർത്തിരിക്കുന്നത്.

മേല്പറഞ്ഞ പ്രകാരമുള്ള ചിന്തകൾ മററുപല ഓർത്തഡോക്സ് സഭാമക്കൾക്കും, വൈദികർക്കും ഉള്ളതായി അറിവാൻ കഴിഞ്ഞിട്ടുണ്ട്. ഒരു ഓർത്തഡോക്സ് പള്ളിയിൽ വൈദികൻ കുർബ്ബാന മദ്ധ്യേയുള്ള പ്രസംഗത്തിൽ പോലും ഇക്കാര്യം പരസ്യമായി പ്രസ്താവിച്ചതായി വിശ്വസനീയമായി ഞാൻ അറിഞ്ഞിട്ടുണ്ട്.

മേല്പറഞ്ഞ ലേഖനത്തിൽ നിന്നും നാം മനസ്സിലാക്കേണ്ട ഒരു കാര്യം സഭയോടും, പൗരോഹിത്യത്തോടും സഭാമക്കളുടെ ഇടയിൽ വളർന്നു വരുന്ന പുച്ഛവും അമർഷവും അതൃപ്തിയുമാകുന്നു. ഒട്ടുമിക്കവർക്കും സഭയോടും, കേസിനോടും താല്പര്യം ഇല്ല എന്നു നേതാക്കൾ അറിഞ്ഞിരിക്കുന്നത് നന്ന്. കേസുകളും, അടിപിടികളും കൂടും തോറും സഭാമക്കൾക്ക് സഭയോടുള്ള സ്നേഹവും കുറയും. വിദ്യാസമ്പന്നനും ബഹുമാന്യനുമായ അലക്സാണ്ടർ കാരയ്ക്കൽ അൽമായ നേതൃത്വം നല്കുന്ന ഈ വേളയിലെങ്കിലും ഇത്തരം കാര്യങ്ങൾ പുനർ വിചിന്തനം ചെയ്ത് സമാധാനത്തിൻെറ മാർഗ്ഗം കണ്ടെത്തുവാൻ വൈദിക-അൽമായ നേതൃത്വത്തിന് പ്രേരണ നൽകണം.

"പൊട്ടക്കുളത്തിൽ പുളവൻ ഫണീന്ദ്രൻ" എന്ന അവസ്ഥയിൽ നിന്നും അധികാരികളെ കരകയററി, സഭയുടെ ആത്മീയ നേതൃത്വ നിലവാരം ഉയർത്തിയില്ലെങ്കിൽ സഭയുടെ ഭാവി ആത്മീയമായി ഇരുളടഞ്ഞതായിരിക്കും. പണവും, പത്രാസും കൊണ്ടു അധികനാൾ പിടിച്ചു നിൽക്കാനാവില്ല. മനഃപരിവർത്തനം ഉണ്ടായേ മതിയാവൂ. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കുവാൻ ആദ്യം പഠിക്കണം. അപ്പോൾ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാനും സഭയിൽ സമാധാനം ഉണ്ടാകുവാനും സംഗതി വരും.

## 30. പൊതു ശത്രു പാളയത്തിനകത്ത്

യാക്കോബായ, ഓർത്തഡോക്സ് വിഭാഗങ്ങളിൽ നിന്നും പെന്തക്കൊസ്തിലേക്ക് ധാരാളം പേർ പോയിട്ടുണ്ട്. ഈ ഒഴുക്കിൻെറ പ്രധാന കാരണമായി പറയുന്നത് സഭാക്കേസാണ്. ഈയിടെ ഒരു യാക്കോബായ സുവിശേഷകൻ എനിക്കയച്ച കത്തിൻെറ ഒരു ഭാഗം കാണുക.

നമ്മുടെ ആരാധന സ്വർഗ്ഗീയമാണ്. പക്ഷേ എത്രപേർക്ക് സ്വർഗ്ഗീയ അനുഭൂതി ലഭിക്കുന്നു ? അതും കേവലം 2% മാത്രമായിരിക്കും. 98% പേരും ശരീരം കൊണ്ട് പള്ളിയിൽ ആണെങ്കിലും മനസ്സുകൊണ്ട് അമേരിക്കയിൽ ആണ്. അതായത് ഈ ലോകത്തിലെ സ്വർഗ്ഗത്തിലാണ്. അങ്ങനെ വൈരുദ്ധ്യങ്ങളുടെ ഉടമയായി സുറിയാനി ക്രിസ്ത്യാനി മാറിയിരിക്കുന്നു. അതുകൊണ്ടാണല്ലോ 100 വർഷമായി സഭാക്കേസും.



www.malankaralibrary.com

www.malankaralibrary.com

ഇദ്ദേഹം അമേരിക്ക കണ്ടിരിക്കയില്ല. എങ്കിൽ അതിനെ ഇഹലോക സ്വർഗ്ഗമായി വിശേഷിപ്പിക്കയില്ലായിരുന്നു. വി. കുർബ്ബാനയെപ്പററി തന്റെ സ്വന്തം കാര്യമായിരിക്കും മുകളിൽ പറഞ്ഞിരിക്കുന്നത്. എന്റെ അഭിപ്രായം നേരെ മറിച്ചാണ്. വി. കുർബ്ബാന 100% പേർക്കും സ്വർഗ്ഗീയ അനുഭൂതി ഉണ്ടാക്കുന്നുണ്ട്. പെന്തക്കൊസ്തു ചായ്‌വുള്ളവർക്ക് സഭ വിട്ടുപോകുവാനുള്ള ഒരു കാരണമായി സഭാക്കേസിനെ ഇനിയും നിർത്തരുത്. പെന്തക്കൊസ്തുകാരുടെ പഠിപ്പീരുകളെല്ലാം സത്യവിശ്വാസത്തിന് എതിരാകുന്നു. അവരുടെ പത്തു പ്രധാന ദൂഷ്യങ്ങൾ താഴെ കാണുക.

1. കർത്തൃപ്രാർത്ഥന വർജ്ജ്യം
2. കുരിശും കുരിശുവരയും നിഷേധിക്കുന്നു. പ. പിതാക്കന്മാർ പഠിപ്പിച്ചു തന്ന വി. സ്ലീബാ ആരാധനയെ എതിർക്കുന്നു.
3. മദ്ധ്യസ്ഥ പ്രാർത്ഥന തെററാണെന്ന് പഠിപ്പിക്കുന്നു.
4. രക്ഷാകരമായ വി. കുർബ്ബാന ഇല്ല.
5. പാപബോധവും, കുമ്പസ്സാരവും (പാപമോചനം) ഇല്ല.
6. പൗരോഹിത്യം നിഷേധിക്കുന്നു.
7. വി. മൂറോനും ആത്മീയ പൗരോഹിത്യ ശുശ്രൂഷയായ വി. മാമോദീസായും ഇല്ല. ശിശു സ്നാനം ഇല്ല.
8. കാനോനിക നോമ്പും യാമപ്രാർത്ഥനയും ഇല്ല.
9. ദൈവമാതാവിനെയും പരിശുദ്ധന്മാരെയും നിഷേധിക്കുന്നു.
10. മരിച്ചുപോയവർക്കു വേണ്ടി പ്രാർത്ഥിക്കുന്നില്ല.

ഇവരുടെ പ്രധാനമായ ദൂഷ്യങ്ങളിലൊന്ന് ആചാര്യത്വത്തിനോടുള്ള എതിർപ്പാകുന്നു. സഭാക്കേസുകളിൽ ഏററം പ്രധാനമായി ദുഷിക്കപ്പെടുന്നതും ആചാര്യത്വം തന്നയല്ലേ? (അനുബന്ധം III). ഇപ്രകാരം ആചാര്യത്വത്തെ ദുഷിക്കുവാൻ സ്വന്തം സഭവഴി സിദ്ധിക്കുന്ന പരിചയം ഭാവിയിൽ കൊണ്ടെത്തിക്കുന്നത് ആചാര്യത്വം ഇല്ലാത്ത പെന്തക്കൊസ്തിൽ തന്നെയായിരിക്കും. ഇപ്പോൾ തന്നെ ഇരുവിഭാഗത്തിലും വിശ്വാസത്തിൽ അടിപതറിയും, ആടിയും, പെന്തക്കൊസ്തിലേക്ക് കാലെടുത്തുവയ്ക്കാൻ നോക്കിപ്പാർത്തിരിക്കുന്ന സഹോദരന്മാർ ധാരാളമുണ്ടെന്നറിയുക. ഇവരുടെ ആത്മനാശത്തിലേക്കുള്ള ഈ പോക്ക് തടയുവാനെങ്കിലും സഭാക്കേസുകൾ അവസാനിപ്പിക്കണം. പല പല ഓമനപ്പേരുകളിൽ ഇവർ ഇന്ന് സഭയ്ക്കുള്ളിൽ സംരക്ഷിതരും, സഭാഭക്തരുമായി കഴിയുകയാണ്. ഭക്തിയുടെ വേഷം ധരിച്ച് ഓർത്തഡോക്സ് വിശ്വാസത്തെ സംഹരിക്കുവാൻ ഇവർ അവസരം കാത്തിരിക്കുകയാകുന്നു എന്ന് അറിഞ്ഞിരിക്കണം. പ. പരുമല തിരുമേനി 100 വർഷം മുമ്പെഴുതിയ കല്പന (അനുബന്ധം IV) ഇന്നും പ്രസക്തമാകുന്നു. സുറിയാനി സഭാവിഭാഗങ്ങൾ സഭാക്കേസ്സാകുന്ന കോഴിപ്പോര് നിർത്തി വി. കുർബ്ബാന, വി. മാമോദീസ, വി. പൗരോഹിത്യം ആദിയായ വി. കൂദാശകളെപ്പററി വിശദമായി സൺഡേസ്കൂളിൽ പഠിപ്പിക്കുക. ഒരുവനും നമ്മുടെ സത്യവിശ്വാസം വിട്ട് വെളിയിൽ പോകയില്ല. "ബൈബിൾ മാത്ര" ക്രിസ്തീയതയല്ല ഓർത്തഡോക്സ് വിശ്വാസം എന്നു സഭാമക്കളെ മനസ്സിലാക്കുക.

## 31. ഉടനേ ചെയ്യേണ്ട കാര്യങ്ങൾ

1. ഇരുപക്ഷത്തേയും മേല്പട്ടക്കാർ സഭാസമാധാനത്തിനായി പ്രാർത്ഥിക്കുക, സംയമനം പാലിക്കുക, സ്ഥാനമഹിമ സംരക്ഷിക്കുക.

2. പട്ടക്കാർ മറുകണ്ടം ചാടി പുതിയപള്ളി വഴക്കുകൾ ഉണ്ടാക്കാതിരിക്കുക. അത്തരക്കാരെ ഒററപ്പെടുത്തുക.



www.malankaralibrary.com

www.malankaralibrary.com

3. സഭാമക്കൾ സത്യം അറിയുക, അതനുസരിച്ചു ഭയരഹിതമായി വിവേകത്തോടും, സ്നേഹത്തോടും കൂടി പ്രവർത്തിക്കുക.

4. ഇരുവിഭാഗത്തേയും പക്വമതികൾ ഉണർന്നു സമാധാനത്തിനായി പ്രവർത്തിക്കുക, ശാസിക്കേണ്ടവരെ ഉറക്കെ ശാസിക്കുക. സ്നേഹ ബന്ധങ്ങൾ ഉറപ്പിക്കുക. കഴിയുന്നിടത്തെല്ലാം സമാധാന ദൂതന്മാരാവുക.

5. മെത്രാന്മാരും, നേതാക്കളും സമരാഹ്വാനം നടത്താതിരിക്കുക, മറുകണ്ടം ചാടിയ മെത്രാന്മാർ സ്വന്തമായി കരുതിയിരുന്നവരെ തിരിഞ്ഞു കടിക്കാതെയും കൂടുതൽ ദോഷമായതു ചെയ്യാതെയും ഇരിക്കുക. മാതൃസഭയെ ഒററിക്കൊടുക്കുന്നതും അപകീർത്തിപ്പെടുത്തുന്നതും നന്നല്ല.

6. ഇരുപക്ഷത്തേയും അയ്മേനികൾ സമരമാർഗ്ഗം വെടിയുക, സമാധാനമായിരിക്കുക. അന്യോന്യം ബഹുമാനിക്കുക.

7. സാധുക്കളായ വിശ്വാസികളെ ബലിയാടുകളാക്കാതിരിക്കുക. തെററായ സംഗതികൾ ബോധപൂർവ്വം പഠിപ്പിക്കാതിരിക്കുക, പ്രചരിപ്പിക്കാതിരിക്കുക.

8. പള്ളി പിടിച്ചെടുക്കൽ പ്രസ്താവനകളും, വിശദീകരണ യോഗങ്ങളും തെരുവ് പ്രകടനങ്ങളും നിർത്തുക.

9. നീതിക്കും, സത്യത്തിനും സഭയ്ക്കും, ദൈവത്തിനും ചേരാത്ത അവകാശവാദങ്ങൾ ഉന്നയിക്കാതിരിക്കുക.

10. ഗുണ്ടാ സംസ്ക്കാരം (ഉണ്ടെങ്കിൽ) അവസാനിപ്പിക്കുക. പള്ളിവഴക്കുകൾ രാഷ്ട്രീയവൽക്കരിക്കാതിരിക്കുക.

11. ഓർത്തഡോക്സ് മേല്പട്ടക്കാർ പാത്രിയർക്കീസ് വിഭാഗം പള്ളികളിൽ ബലംപ്രയോഗിച്ച് കടക്കുവാൻ ആഗ്രഹിക്കുകയോ, ശ്രമിക്കുകയോ ചെയ്യാതിരിക്കുക. വിശ്വാസികളുടെ വിശ്വാസം ഇല്ലാതാക്കുന്ന പ്രവർത്തനങ്ങൾ നടത്താതിരിക്കുക.

12. സ്വീകരണം ലഭിക്കുന്നിടത്തു മാത്രം പോവുക. അതിക്രമിച്ച് ഒരിടത്തും കടക്കരുത്. അന്യമനസ്സിനെ ദുഃഖിപ്പിക്കയുമരുത്.

13. രണ്ടു കക്ഷികളുള്ള പള്ളികളിലെ ശവക്കോട്ടകൾ ഇരു വിഭാഗത്തിനും സ്വതന്ത്രമായി ഉപയോഗിക്കുവാൻ അനുവദിക്കുക.

14. രണ്ടു കക്ഷികളുണ്ടായിരുന്ന പല പള്ളികളിലും ഇരുകൂട്ടരും സമാധാനമായി പിരിഞ്ഞിട്ടുണ്ടല്ലോ. ഇതുപോലെ സൗഹൃദമായി പിരിയുക. നൂനപക്ഷത്തിന് ഇടവകയുടെ ചിലവിൽ പുതിയ ആരാധനാസൗകര്യം ഉണ്ടാക്കി കൊടുക്കുക. പൊതുമുതൽ നീതിപൂർവ്വം പങ്കിടുക.

15. ഓർത്തഡോക്സ് പക്ഷം സമാധാനത്തിൻെറ പേരിൽ പഴയ കാലങ്ങളിൽ കൈക്കലാക്കിയ എല്ലാ പാത്രിയർക്കീസ് പള്ളികളും (പാത്രിയർക്കീസ് പക്ഷത്തെ മലങ്കര മെത്രാപ്പോലീത്തയുടെ ആസ്ഥാനമായിരുന്ന ആലുവാ തൃക്കുന്നത്തു സെമിനാരിയും വസ്തുക്കളും ഉൾപ്പെടെ) തിരികെ കൊടുക്കുക. വലിയ തിരുമേനി എന്ന് അവർ സ്നേഹപൂർവ്വം വിളിച്ചിരുന്ന ആ മഹാസിദ്ധൻെറ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുവാൻ പോലും കഴിയാതെ ഈ പള്ളി കേസിൽ കുടുക്കി അടപ്പിച്ചിരിക്കുന്ന ഓർത്തഡോക്സ് നേതൃത്വത്തിന് സൽബുദ്ധി ഉണ്ടാകുവാൻ പ്രാർത്ഥിക്കുക. അടയ്ക്കപ്പെട്ടു കിടക്കുന്ന പള്ളികൾ എല്ലാം തുറക്കുക.



www.malankaralibrary.com

www.malankaralibrary.com

# 32. അനുബന്ധങ്ങൾ

അനുബന്ധം - I

## ഇതാ സഹോദരന്മാർ ഒത്തൊരുമിച്ച് അടിക്കുന്നത് എത്ര ദുഃഖവും എത്ര വ്യസനവും ആകുന്നു.

കർത്താവിൽ സ്നേഹിക്കപ്പെട്ടവരെ

2002ആഗസ്റ്റ് 25-ാം തീയതി തിരുവല്ലയിൽ യാക്കോബായ സഭയുടെ നവാഭിഷിക്തനായ ശ്രേഷ്ഠ കാതോലിക്കാ ബാവയ്ക്ക് നൽകുന്ന സ്വീകരണത്തിന് ബദലായി അതേ തീയതിയിലും സമയത്തും സ്ഥലത്തും, ഒരു വ്യാഴവട്ടത്തിന് മുമ്പ് അഭിഷിക്തനായ പരിശുദ്ധ കാതോലിക്കാ ബാവയ്ക്കും സഭയിലെ മററ് മെത്രാപ്പോലീത്തമാർക്കും സ്വീകരണം നൽകുവാൻ നിരണം ഭദ്രാസന കൗൺസിൽ വിശ്വാസികളെ ആഹ്വാനം ചെയ്തിരിക്കുകയാണല്ലോ. നിങ്ങൾ നിമിത്തം ദൈവത്തിൻെറ നാമം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നു. (റോമ. 2:24) എന്ന തിരുവെഴുത്ത് നിറവേററുന്നതിനാണല്ലോ കുറേക്കാലമായി നമ്മുടെ ശ്രദ്ധ.

ഇത്തരുണത്തിൽ ഈ സഭയിലെ സാധാരണക്കാരായ ജനങ്ങളുടെ ചിന്തയ്ക്കായി ചില കാര്യങ്ങൾ കുറിക്കട്ടെ. സഭയോട് കൂറ് സ്വയം പ്രഖ്യാപിച്ച് സ്വന്തം അധികാര കസേരയും സ്ഥാനമാനങ്ങളും സുഖവാസ ജീവിതവും നിലനിർത്തുന്നതിനായി ഇറങ്ങിത്തിരിച്ചിരിക്കുന്നവരുടെ കപട സഭാസ്നേഹം നിങ്ങൾ തിരിച്ചറിയുമോ? സാധാരണക്കാരൻെറ പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരി കണക്കില്ലാത്ത കോടികൾ മുടക്കി സ്വന്തം സഹോദരനോട് കേസുപറഞ്ഞ ഇവർ ഒടുവിൽ എന്താണ് നേടിയത് ? മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അംഗീകാരമില്ലാതെ പട്ടമേററവർക്ക് മലങ്കരയിലെ പള്ളികളിൽ അവകാശമില്ലാ എന്ന വാദവുമായി കേസിനുപോയ മലങ്കര മെത്രാപ്പോലീത്ത, യഥാർത്ഥത്തിൽ മലങ്കര മെത്രാപ്പോലീത്തയാണോ അല്ലയോ എന്ന് അസോസിയേഷൻ വിളിച്ചു കൂട്ടി തീരുമാനിക്കണം എന്ന് വിധി സമ്പാദിച്ചതിന് ആരാണ് ഉത്തരവാദികൾ ? പരുമല അസോസിയേഷൻ കൂടുന്നതിനു മുമ്പ് സർക്കാരും സുപ്രീം കോടതി നിരീക്ഷകനും മാദ്ധ്യസ്ഥം വഹിച്ച് ഇരുവിഭാഗക്കാരെയും വിളിച്ചുകൂട്ടി നടത്തിയ അനുരഞ്ജന ചർച്ചയിൽ യാതൊരു സ്ഥാനത്യാഗത്തിനും വിട്ടുവീഴ്ചയ്ക്കും തയ്യാറാകാതെ അഭിമാനമുള്ള ആർക്കും അംഗീകരിക്കാൻ കഴിയാത്ത നിർദ്ദേശങ്ങൾ വച്ച് അതിൽ പിടിച്ചുതൂങ്ങി, പരിശുദ്ധ കാതോലിക്കാ ബാവായെപ്പോലും സമ്മർദ്ദ തന്ത്രങ്ങൾക്ക് അടിമപ്പെടുത്തി യോജിപ്പിനുള്ള ശ്രമങ്ങളെ ചോരയിൽ മുക്കിക്കൊന്നവർ നാലാംകിട രാഷ്ട്രീയക്കാരെപ്പോലും ലജ്ജിപ്പിക്കുന്ന വിധത്തിൽ തെരുവിലിറങ്ങി തല്ലാൻ ആഹ്വാനം ചെയ്യുമ്പോൾ ഒന്നു ചോദിക്കട്ടെ! ഇവർക്ക് എന്തു ക്രൈസ്തവ ദർശനമാണ്, ദൗത്യമാണ് മററുള്ളവർക്ക് നൽകാനുള്ളത് ?

പിതാവേ നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന് ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ നിറഞ്ഞവരായിരിക്കേണ്ടതിനു തന്നേ (വി. യോ-17:23) എന്ന കർതൃവചനം നമ്മെക്കുറിച്ചില്ലെങ്കിൽ മാന്യമായി പിരിയുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തുകൊണ്ട് ചിന്തിച്ചുകൂടാ ? മലങ്കരയിലെ 1662 പള്ളികളും മലങ്കര മെത്രാപ്പോലീത്തായുടെ കീഴിലാണ് എന്ന വാദം ആരുടെ കണ്ണിൽ മണ്ണിടാനാണ് ? ഇടവക പള്ളികൾ സ്ഥാപിച്ചവർക്കും അവയിൽ തുടരുന്നവർക്കും തങ്ങൾ ഏതു മെത്രാപ്പോലീത്തയ്ക്കും സിംഹാസനത്തിനും വിധേയപ്പെടണമെന്ന് തീരുമാനിക്കാനുള്ള അവകാശം ഇല്ലെന്നു പറയുന്നത് സാമാന്യ നീതിയാണോ? ഇപ്പോൾ ഓർത്തഡോക്സ് പക്ഷത്തു തുടരുന്ന ഒരു പള്ളി പാത്രിയർക്കീസ് പക്ഷത്തിനുള്ള മെത്രാപ്പോലീത്തയാൽ ഭരിക്കപ്പെടണമെന്ന വിധി സുപ്രീം കോടതിയിൽ നിന്നുണ്ടായാലും നാമത് വിട്ടുകൊടുക്കുമോ? അങ്ങനെയെങ്കിൽ ഇപ്പോൾ ഇരുവിഭാഗത്തിലും അവരവർക്ക് പരിപൂർണ്ണ സ്വാതന്ത്ര്യവും അവകാശവുമുള്ള പള്ളികൾ അങ്ങനെതന്നെയും, ഇരുകൂട്ടർക്കും ഒരുമിച്ച് അവകാശമുള്ള പള്ളികളിൽ മദ്ധ്യസ്ഥന്മാർ നിരീക്ഷകരായി (സർക്കാരോ ഇതര സഭാമേലദ്ധ്യക്ഷന്മാരോ, സാംസ്ക്കാരിക നേതാക്കളോ) പൊതുയോഗം വിളിച്ചു കൂട്ടി ഭൂരിപക്ഷം ഏതുവിഭാഗമാണോ അവർക്കും നൽകുകയും ന്യൂനപക്ഷത്തിന് മറെറാരുപള്ളി വച്ചു നൽകുകയും ചെയ്യുക എന്ന യാക്കോബായ



www.malankaralibrary.com

www.malankaralibrary.com

സഭയുടെ നിർദ്ദേശം എന്തുകൊണ്ടു ചിന്തിച്ചുകൂടാ ? സത്യത്തിൽ ഓർത്തഡോക്സ് പക്ഷത്തെ ഭൂരിപക്ഷം ആളുകളും സഭ ഒന്നുകിൽ യോജിക്കണമെന്നും അല്ലെങ്കിൽ ഈ വിധത്തിൽ പിരിയണമെന്നും ഉള്ള അഭിപ്രായക്കാരാണ്.

പള്ളികളിലും പുറത്തും തെരുവിലും കടിപിടി കൂട്ടുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പുരോഹിത-അത്മയ പ്രമുഖർക്ക് ഈ സഭയെപ്പററി ഇതര ക്രൈസ്തവ സഭാ വിഭാഗങ്ങൾക്കിടയിലും മററു മതവിഭാഗങ്ങൾക്കിടയിലുമുള്ള അഭിപ്രായത്തെപ്പററി അറിയാമോ? കുപ്പായമിട്ടവരെപ്പററി ഈ സമൂഹത്തിനുള്ള കാഴ്ചപ്പാട് എന്താണെന്നറിയാമോ? അതറിയണമെങ്കിൽ ദന്തഗോപുരങ്ങളിൽ നിന്ന് സമൂഹത്തിന്റെ ഇടയിലേക്ക് ഇറങ്ങി വരണം. സമൂഹവുമായും ഇടവക ജനങ്ങളുമായും ബന്ധം ഉണ്ടാവണം. പള്ളിയിൽ നാലാഴ്ച വി. കുർബ്ബാന ചൊല്ലുക എന്നതിൽ കവിഞ്ഞ് കാര്യങ്ങളൊന്നുമില്ലെന്നു കരുതുന്നവർക്ക് ഇതൊന്നും മനസ്സിലാകുകയില്ല. എന്നാൽ സഭയെ സ്നേഹിക്കുന്നവർ ഒരു കാര്യം മനസ്സിലാക്കണം. ദിശാബോധം നഷ്ടപ്പെട്ട, ആത്മീയ, ചൈതന്യം വററിവരണ്ട ഈ സഭയിൽ നിന്നും സഭാമക്കൾ ഒററയ്ക്കും കൂട്ടായും ഇതരസഭാ വിഭാഗങ്ങളിലേക്ക് മാറുന്നു എന്ന യാഥാർത്ഥ്യം. സിംഹാസനത്തിനുവേണ്ടി ഗോഗ്വാ വിളിക്കുന്നതിനിടയിൽ സ്വന്തം കാൽച്ചുവട്ടിലെ മണ്ണ് ഒലിച്ചു പോകുന്നത് കാണാനും തടയാനും ആർക്കുനേരം ഉണ്ട് ?

സർക്കാരിനും യു.ഡി.എഫ്.നുമെതിരെ പരാക്രമവുമായി ഇറങ്ങിയിരിക്കുന്നവർ ഒന്നു മനസ്സിലാക്കണം. മൂന്നരക്കോടി ജനസംഖ്യയുള്ള കേരളത്തിൽ പത്തുലക്ഷത്തോളം വരുന്ന (അതിൽ ഈ വിധം ചിന്തിക്കുന്ന എത്രപേർ ഉണ്ട്?) ഓർത്തഡോക്സുകാരുടെ ആവശ്യപ്രകാരം സ്വന്തം സഹോദരനെ തല്ലിതലപൊട്ടിച്ച് പള്ളി പിടിച്ചെടുക്കാൻ പോലീസിനെ നിയോഗിച്ചാൽ ബാക്കിയുള്ള ബഹുജന ജാതിമത വിഭാഗങ്ങൾ കൈയും കെട്ടി നോക്കിയിരിക്കുമോ? അവർക്ക് നിങ്ങളുടേത് വെറും അധികാരത്തിനു വേണ്ടിയുള്ള കസേകളി മാത്രമാണ്.

ഉമ്മൻചാണ്ടിയെ തോല്പിക്കുമെന്ന് രാത്രിയിലും വിളിച്ചുകൂവുന്നവരോട് ഒന്നു ചോദിക്കട്ടെ! നിങ്ങൾക്ക് ഉമ്മൻ ചാണ്ടിയെ ജയിപ്പിക്കാനാവുമോ? ജോളിവധക്കേസ് കാലത്തിൽ ഉമ്മൻ ചാണ്ടിയെ തോല്പിക്കാൻ അരയും തലയും മുറുക്കി ഇറങ്ങിയിട്ടെന്തുണ്ടായി? അദ്ദേഹം ഒരു മുന്നണിയുടെയും ദേശീയ രാഷ്ട്രീയ പാർട്ടിയുടെയും ഉത്തരവാദിത്വപ്പെട്ട സ്ഥാനം വഹിക്കുന്ന വ്യക്തിയാണ്. ഒരു സഭയുടെ വക്താവല്ല. സഭയുടെ എല്ലാമായ വൈദിക ട്രസ്റ്റി ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ കെട്ടിവച്ച കാശു കിട്ടാൻ കഷ്ടപ്പെട്ടപ്പോൾ ഈ വീരവാദം മുഴക്കുന്നവർ എവിടെയായിരുന്നു ?

എന്തിനധികം, കാൽനൂററാണ്ട് പൂർത്തിയാക്കിയ വൈദിക ട്രസ്റ്റി, സഭാ സെക്രട്ടറി, സഭാ ട്രസ്റ്റി തുടങ്ങിയ വിഗ്രഹങ്ങളെ ജനാധിപത്യ യുഗത്തിൽ ഒന്നിളക്കി പ്രതിഷ്ഠിക്കാനെങ്കിലും നിങ്ങൾക്ക് കഴിയുമോ? മാർത്തോമ്മാ, യാക്കോബായ വിഭാഗങ്ങളുൾപ്പെടെയുള്ള മററു വിഭാഗങ്ങൾക്ക് പേരെടുത്ത് പറയാൻ അനേകം നേതാക്കന്മാരുണ്ട്. ഇവിടെ ഒരു ഉമ്മൻചാണ്ടിയല്ലാതെ മററാരുണ്ട്. നിങ്ങൾ ഏതെങ്കിലും രാഷ്ട്രീയക്കാരനെ സഹായിക്കുകയോ വളർത്തുകയോ സഭാവേദികളിൽ സ്ഥാനം നൽകുകയോ ചെയ്തിട്ടുണ്ടോ ? ഇതൊന്നും വേണമെന്നുണ്ടായിട്ടല്ല, പക്ഷെ സ്വന്ത പരിശ്രമത്താലും ജനപിന്തുണയാലും വളർന്നുവന്ന രാഷ്ട്രീയപ്രമുഖർ ഞങ്ങളുടെ കൂടെ നിന്ന് വഴക്കുണ്ടാക്കുന്നില്ല എന്നു പരിതപിക്കരുത്. അതിനാൽ തോല്പിക്കാൻ ശ്രമിക്കുന്നത് ഉമ്മൻചാണ്ടിയെ മാത്രമാകരുത്. കേരളത്തിലെ കഴിയുന്നത്ര മണ്ഡലങ്ങളിലും ശ്രമിക്കണം. സഭയിലും പള്ളിയിലും യാതൊരു യോജിപ്പുമില്ലാതെ നിങ്ങൾക്ക് അങ്ങനെയെങ്കിലും ഒരു ജോലിയാവുന്നതിൽ സന്തോഷമുണ്ട്. പക്ഷേ, കേരളത്തിലെ ഒരു ഗ്രാമപഞ്ചായത്ത് വാർഡിൽ പോലും സ്ഥാനാർത്ഥിയെ ജയിപ്പിക്കാനും തോല്പിക്കാനുമുള്ള രാഷ്ട്രീയ കഴിവ് ഓർത്തഡോക്സ് സഭയ്ക്ക് ഇല്ല എന്നു മറക്കരുത്.

പത്രോസ് ശ്ലീഹായുടേയും തോമസ് ശ്ലീഹായുടെയും (പൗലോസിന്റെയും അപ്പൊസ്തോലന്റെയും 1. കൊരി. 1:12-13, 3:4) പക്ഷം പിടിച്ച് നിങ്ങൾ തെരുവിലിറക്കുന്ന ഈ സഭയിലെ സാധാരണക്കാരെ നിങ്ങൾ എന്നെങ്കിലും ഓർത്തിട്ടുണ്ടോ? അധികാരത്തിന്റെ അപ്പക്കഷണങ്ങൾ അവർക്കെന്നും അന്യമായിരുന്നില്ലേ ? അവരുടെ പണം കൊണ്ടു പടുത്തുയർത്തിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഹോസ്പിററലുകളിലും ഇതര സ്ഥാപനങ്ങളിലും പ്രവേശനമോ നിയമനമോ ചികിത്സയോ ചോദിച്ചാൽ മാനുഷിക പരിഗണനയെങ്കിലും നൽകിയിട്ടുണ്ടോ ? വൈദിക സെമിനാരിയിലെ പ്രവേശനത്തിനു പോലും സ്ഥാപിത താല്പര്യങ്ങളല്ലേ ഉള്ളത് ? അധികാരത്തിന്റെ ശീതളച്ഛായയിൽ രമിക്കുന്നവർക്കല്ലാതെ സത്യത്തിൽ ഈ സഭയിലെ സാധാരണക്കാരന്, കക്ഷികൾ തമ്മിലുള്ള വ്യത്യാസം എന്തിനാണ്? സ്വർഗ്ഗത്തിൽ പോകാൻ കക്ഷിപിടിക്കേണ്ടതുണ്ടോ? സ്വന്തം സ്ഥാപനങ്ങളും കണക്കില്ലാത്ത പണവും ഉള്ളവർക്കും അവർക്ക് ഓശാന പാടുന്നവർക്കും ഇത് മനസ്സിലാകേണ്ടതില്ലെന്നും സാധാരണക്കാരൻ ഈ സത്യങ്ങൾ തിരിച്ചറിയണം.



www.malankaralibrary.com

www.malankaralibrary.com

സർവ്വാദരണീയനും അശരണരുടെ പ്രതീക്ഷയുമായ അഭി. ഒസ്താത്തിയോസ് തിരുമേനിയിൽ നിന്നും ഇത്തരമൊരു നീക്കം പ്രതീക്ഷിക്കുന്നില്ലെന്ന് വേദപൂർവ്വം പറയട്ടെ. അഭി. തിരുമേനിയുടെ വന്ദ്യ ഭദ്രാസന സെക്രട്ടറിയുടെയും മേൽ ഭദ്രാസന കൗൺസിലിലെ ഒരു റവ. ഡോ. യുടെ നേതൃത്വത്തിലുള്ള ഒരു വിഭാഗത്തിൻെറയും കൗൺസിലിനു പുറത്തുള്ള ചിലരുടേയും സമ്മർദ്ദമാണ് ഈ നീക്കത്തിനു പിന്നിലുള്ളത്. എന്നാൽ ഭദ്രാസനത്തിലെ ബഹുഭൂരിപക്ഷം വൈദികരും ജനങ്ങളും ഇതിൽ ദുഃഖിതരും ഈ നീക്കത്തിനെതിരുമാണ് എന്നതിൽ നമുക്ക് സന്തോഷിക്കാം. ഈ നോട്ടീസിലൂടെ ഇരുവിഭാഗങ്ങൾ തമ്മിലുള്ള തർക്കത്തിലെ ന്യായാന്യായങ്ങൾ പരിശോധിക്കപ്പെടുകയല്ല. ഇരുവിഭാഗത്തും ന്യായവും അന്യായവും ഉണ്ട്. പക്ഷേ സ്നേഹത്തിൻെറയും ത്യാഗത്തിൻെറയും പ്രതിരൂപമായ ക്രിസ്തുവിൻെറ അനുയായികൾ ന്യായവും അന്യായവും വേർതിരിക്കേണ്ടത് തെരുവിൽ യുദ്ധം ചെയ്തല്ല. മാത്രവുമല്ല ക്ഷമാശീലനായ ക്രിസ്തുവിൻെറ മുമ്പിൽ അവയെല്ലാം അപ്രസക്തങ്ങളുമാണ്. ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും തൻെറ സഹോദരനെ പകെയ്ക്കുകയും ചെയ്യുന്നവർ കള്ളനാകുന്നു. (1. യോഹ. 4:20) എന്ന വചനത്തിൻെറ അർത്ഥം മനസ്സിലാക്കി നമുക്ക് സഹോദരനെ സ്നേഹിക്കാം. അങ്ങനെ ഇതാ സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു. (സങ്കീ. 133:1) എന്ന വചനം നമുക്ക് നിറവേററാം. ആയതിന് നിങ്ങളേവരുടേയും ആത്മാർത്ഥപൂർണ്ണമായ സഹകരണവും പ്രവർത്തനവും പ്രതീക്ഷിച്ചുകൊണ്ട്

സെക്രട്ടറി,

ഓർത്തഡോക്സ് സഭാ സമാധാന സംരക്ഷണ സമിതി

നിരണം ഭദ്രാസനം

## അനുബന്ധം - II

## സഭാ തർക്കത്തിൽ ഏതുവിധി നടപ്പാക്കണം ?

**ഡോ. കെ.എം. രാജൻ, എം.എ.പി.എച്ച്.ഡി.**

വിധി നടപ്പാക്കണം, സർക്കാർ ഇടപെടണം എന്നീ ആവശ്യങ്ങൾ മലങ്കര സഭാകേസിലെ വിധിയെ തുടർന്ന് ഉന്നയിക്കപ്പെടുന്നത് ഇതാദ്യമായല്ല. ഏഴു വർഷങ്ങൾക്കു മുമ്പ് 1995 ജൂൺ 20-ാം തീയതിയിലെ സുപ്രീം കോടതി വിധിയെ തുടർന്ന് സഭാവിഭാഗങ്ങൾ കോടതി വിധിയെ പലവിധത്തിൽ വ്യാഖ്യാനിച്ചു. 2002 ജൂലൈ 12-ാം തീയതിയോടെ കേസുകൾ അവസാനിച്ചു. ആരെന്തു നേടി. വാദിയും പ്രതിയും ആഗ്രഹിച്ചതല്ല ഈ വിധി. വിധി നടപ്പാക്കണമെന്ന മുറവിളിക്ക് എന്തു നടപടിയെടുക്കാനാവും. നടപടികൾ സ്വീകരിക്കത്തക്ക വിധം തീർപ്പുകൾ ഉണ്ടായിട്ടുണ്ടോ?

28 വർഷങ്ങൾക്കു മുമ്പ് 1974 ജൂൺ 27-ാം തീയതിയാണ് ഇപ്പോളവസാനിച്ച കേസ്സുകൾ ആരംഭിച്ചത്. പ്രാതിനിധ്യ സ്വഭാവമുള്ള 8 കേസ്സുകളാണ് കോടതി തീർപ്പാക്കിയത്. അവയിൽ പ്രധാനപ്പെട്ട 1064 പള്ളികളുടെ കേസാണ് സഭാകേസ്സായി അറിയപ്പെടുന്നത്. കേസ്സിൽ വാദികളായിരുന്ന കാതോലിക്കാ പക്ഷം സമർപ്പിച്ച അന്യായത്തിൻെറ രത്നച്ചുരുക്കം താഴെ ചേർക്കുന്നു.

മലങ്കരസഭയിൽ എപ്പിസ്ക്കോപ്പൽ ഭരണക്രമമാണ് നിലനിൽക്കുന്നതെന്നും (അതായത് പുരോഹിത സ്ഥാനികളുടെ പൂർണ്ണമായ ഭരണ നിയന്ത്രണം) സ്വയംഭരണാവകാശമുള്ള പള്ളികളുടെ ഒരു കൂട്ടമല്ല ഇടവക പള്ളികളെന്നും, 1934-ലെ ഭരണഘടനപ്രകാരം മാത്രം ഇടവക പള്ളികൾ ഭരിക്കപ്പെടുമെന്നും പാത്രിയാർക്കീസിന് മെത്രാപ്പോലീത്തന്മാരെ വാഴിക്കാൻ അവകാശമില്ലെന്നും, പാത്രിയാർക്കീസ് വാഴിച്ച മെത്രാപ്പോലീത്തന്മാരും അവരാൽ വാഴിക്കപ്പെട്ട പുരോഹിതന്മാരും ശെമ്മാശന്മാരും നിയമാനുസൃതം വാഴിക്കപ്പെട്ടവരല്ലെന്നും, അവർ മലങ്കരസഭയിലെ പള്ളികളിൽ പ്രവേശിക്കുന്നതും കർമ്മാദികൾ നടത്തുന്നതും ശാശ്വതമായി നിരോധിക്കണമെന്നുമായിരുന്നു പ്രധാന ആവശ്യങ്ങൾ.

കേസ്സിൽ ആവശ്യപ്പെട്ട നിവൃത്തികൾ ഒന്നും പൂർണ്ണമായി അംഗീകരിച്ചിട്ടില്ല. പ്രധാനപ്പെട്ട നിവൃത്തികൾ എല്ലാം തിരസ്ക്കരിച്ചിരിക്കുന്നു. അവയിൽ പ്രധാനപ്പെട്ട നിഗമനങ്ങളും ഇനിയും അവ്യക്തമായിരിക്കുന്ന നിയമ പ്രശ്നങ്ങളും താഴെ ചേർക്കുന്നു.

മലങ്കര എപ്പിസ്ക്കോപ്പൽ (പുരോഹിത സ്ഥാനികളാൽ നടത്തപ്പെടുന്ന ഭരണക്രമം) ആണെന്ന കതോലിക്കാ പക്ഷത്തിൻെറ വാദം സുപ്രീം കോടതി അംഗീകരിച്ചില്ല. വിധി പകർപ്പിലെ 66-74 പേജുകളിൽ ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കുന്നുണ്ട്. കാതോലിക്ക, മലങ്കരമെത്രാപ്പോലീത്താ, ഭദ്രാസന മെത്രാപ്പോലീത്താ എന്നിവരിൽ ഇടവകപ്പള്ളികളുടെ വസ്തുവകകളുടെ ഭരണം നിക്ഷിപ്തമാണെന്ന് പ്രഖ്യാപിക്കാൻ കഴിയുകയില്ല. കാരണം ?



www.malankaralibrary.com

www.malankaralibrary.com

1. ഇടവകപള്ളികൾ ഈ കേസ്സിൽ കക്ഷികളല്ല (പള്ളികളുടെ ലിസ്റ്റ് ചേർത്തുകൊണ്ടുമാത്രം പ്രയോജനമില്ല).

2. ഇടവകപള്ളികളുടെ വസ്തുവകകളിൽ പാത്രിയർക്കീസ് പക്ഷത്തുള്ളവരും അവരോടു ചേർന്നു നിൽക്കുന്നവരും എന്നല്ലാതെ ഇടവക പള്ളികളുടെ വസ്തുവകകളെ സംബന്ധിച്ച് ലിസ്റ്റ് ഹാജരാക്കുകയോ ഇടപെടുന്നത് സംബന്ധിച്ച വിശദാംശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.

3. ഓരോ ഇടവകപള്ളിയ്ക്കും അവരുടെ ഭരണഘടനയും സ്ഥാവര ജംഗമ സ്വത്തുക്കളുടെ അവകാശം സംബന്ധിച്ച ഭരണക്രമവുമുണ്ട്. ഇടവക പൊതുയോഗത്തിൻെറ തീരുമാനം അന്തിമവുമാണ്. ആയതിനാൽ ഇടവക പള്ളികളെ സ്പർശിക്കുന്ന നിവൃത്തികളൊന്നും പ്രഖ്യാപിക്കാൻ സാധിക്കുകയില്ല.

4. മലങ്കര മെത്രാപ്പോലീത്തായുടെ ഭൗതിക സ്വത്തുക്കളിന്മേലുള്ള ഭരണം ഈ കേസ്സിലും സമുദായകേസിലെ വിധിപോലെ സമുദായത്തിലെ പൊതു സ്വത്തുക്കളുടെ ഭരണം എന്നാണ് മനസ്സിലാക്കേണ്ടത്.

5. 1934-ലെ ഭരണഘടന പ്രകാരമുള്ള ഭരണമെന്നതുകൊണ്ട് ഇടവക പള്ളികളുടെ ആത്മീയമായ നിയന്ത്രണവും മേൽനോട്ടവുമെന്നതിലുപരിയാണ് ആവശ്യപ്പെടുന്നതെങ്കിൽ ബന്ധപ്പെട്ട ഇടവക പള്ളികളെകൂടി കേട്ടുകൊണ്ട് മാത്രമേ അങ്ങനെ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ.

മേൽപ്പറഞ്ഞ വിധിയുടെ പ്രസക്തഭാഗങ്ങളുടെയും വിധിയിലെ തന്നെ വ്യാഖ്യാനങ്ങളുടെയും പശ്ചാത്തലത്തിൽ 1934-ലെ ഭരണഘടന ഇടവക പള്ളികളെയും ഭരിക്കുന്നു. അതു നിലനിൽക്കുന്നു എന്നു പറഞ്ഞാൽ എന്താണ് മനസ്സിലാക്കേണ്ടത്. വിശദീകരണങ്ങളെല്ലാം അപ്രസക്തമാണെന്നാണോ? ഈ വിഷയത്തിലാണ് സർക്കാർ ഇടപെടണമെന്ന് മുറവിളികൂട്ടുന്നത്. കോടതിയിൽ നിന്നനുവദിക്കാതിരുന്നത് സർക്കാരിന് അനുവദിക്കാനാകുമോ?

പാത്രിയർക്കീസ് ബാവയുടെ നേരിട്ടുള്ള നിയന്ത്രണത്തിലും ഭരണത്തിലും ഇരിക്കുന്ന പള്ളികളും സ്ഥാപനങ്ങളും 1934 ലെ ഭരണഘടനയ്ക്ക് വിധേയമല്ല. അവ മലങ്കര സഭയിലെ ഘടകയൂണിററുകളുമല്ല. ഈ കാര്യത്തിൽ കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിൻെറ പരാമർശങ്ങൾ സുപ്രീം കോടതി ഭേദഗതി ചെയ്തു. ഈ ഭേദഗതി ക്നാനായ സമുദായത്തെ പരാമർശിച്ചുള്ള വിശദീകരണത്തിൽ (പേജ് 81-85) സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. ഒരു പ്രത്യേക ജനത അവരുടെ ആത്മീയ മേലധികാരി പാത്രിയർക്കീസാണെന്നും അത് അവരുടെ വിശ്വാസത്തിൻെറ ഭാഗമാണെന്നും പറയുമ്പോൾ, അല്ല നിങ്ങളുടെ മേലധികാരി കാതോലിക്കയാണെന്ന് കോടതിക്ക് പറയാനാവില്ല.

നിയമത്തിൻെറ വഴികളിൽ ഇനിയും ഏറെ ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു.

1. 1064 പള്ളികളാണ് പ്രധാന കേസ്സിൻെറ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരി ക്കുന്നത്. എന്നാൽ ലിസ്റ്റിൽ 1054 പള്ളികളേയുള്ളു. 289 എന്നതിനു ശേഷം 300 എന്ന നമ്പറാണിട്ടിരിക്കുന്നത്. ലിസ്റ്റിൽ പാത്രിയർക്കീസിൻെറ നേരിട്ടുള്ള ഭരണത്തിൽ ഇരിക്കുന്ന പള്ളികളും ഉൾപ്പെടുത്തിയിട്ടുണ്ട്. (സിംഹാസനപള്ളികൾ, പൗരസ്ത്യ സുവിശേഷ സമാജം പള്ളികൾ, ക്നാനായ പള്ളികൾ, സെൻറ് ആൻറണീസ് പള്ളി)

2. പ്രാതിനിധ്യ സ്വഭാവമുള്ള ഓരോ കേസ്സ് വീതം എടുത്താണ് വാദം കേട്ടത്. ഉദാഹരണമായി സിംഹാസന പള്ളികളുടെ കേസ്സിൽ പാമ്പാടി സിംഹാസനപള്ളി ഒരു ടെസ്റ്റ് കേസ്സായിരുന്നു. എന്നാൽ 1054 പള്ളികളെ ഇനം തിരിച്ച് ഒരു ലിസ്റ്റ് ഉണ്ടാക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ടു തന്നെ തുമ്പമൺ സിംഹാസനപ്പള്ളി കാതോലിക്കാപക്ഷം കൈയ്യടക്കി വച്ചിരിക്കുന്നു. കുന്നംകുളം സിംഹാസനപ്പള്ളിയുടെ കേസ് വാദം നടന്നുകൊണ്ടിരിക്കുന്നു. ഏതു വിധി നടപ്പാക്കണം? സർക്കാർ എന്തു ചെയ്യണം? സർക്കാർ നീതിന്യായ വകുപ്പിൻെറ ചുമതലയേൽക്കണമോ?

3. 1054 പള്ളികൾക്ക് ഒരേവിധത്തിൽ ബാധകമായ ഒരു തീരുമാനവും സുപ്രീം കോടതിയിൽ നിന്നുണ്ടായിട്ടില്ല. പിന്നെ ഏതുവിധിയാണ് നടപ്പാക്കേണ്ടത്? ഇടവകപ്പള്ളികളുടെ മാത്രം ഒരു ലിസ്റ്റ് പ്രത്യേകം ഉണ്ടാക്കിയിട്ടുമില്ല. അഥവാ ഉണ്ടാക്കി യാൽ തന്നെ 1934-ലെ ഭരണഘടനയുടെ ആത്മീയ നിയന്ത്രണമെങ്കിലും ഏതെല്ലാം പള്ളികൾക്ക് ബാധകമാകും? കണ്ണടച്ച് ഇരുട്ടാക്കലാണീ വിധി നടപ്പാക്കൽ വാദം.

4. 1974 മുതൽ പണിതുയർത്തിയ അഞ്ഞൂറിലധികം പള്ളികൾ മലങ്കര സഭയിലുണ്ട്. ഇവയ്ക്കെല്ലാം സ്വതന്ത്രമായ ഭരണഘടനകളുണ്ട്. ഡൽഹിയിലെ സെൻറ് പീറേറഴ്സ് തുടങ്ങി തിരുവനന്തപുരത്തെ സെൻറ് പീറേറഴ്സ് വരെയുള്ള പള്ളികൾ പാത്രിയർക്കീസ്



www.malankaralibrary.com

www.malankaralibrary.com

പക്ഷം നിർമ്മിച്ചവയാണ്. ഇവയൊന്നും കേസ്സിൻെറ ലിസ്റ്റിലില്ല. അതുകൊണ്ട് തന്നെ കേസിൻെറ നിഴൽ പോലും അവയെ ബാധിക്കുകയില്ല.

5. 1054 പള്ളികളിൽ പാർത്രയർക്കീസിനു നേരിട്ടു ഭരണനിയന്ത്രണമുള്ള പള്ളികളിൽ ഭൂരിഭാഗവും അവരവരുടെ പൊതുയോഗ തീരുമാന പ്രകാരം പുതിയ അസോസിയേഷനിൽ മഹത്വം നേടി ഭരിക്കാൻ അവകാശമില്ലേ? കാതോലിക്കാ നേതൃത്വം സർക്കാരിനേയും അധികാരികളേയും കബളിപ്പിക്കാൻ ബോധപൂർവ്വം ശ്രമിച്ചാൽ ഇനിയും വിലപ്പോവില്ല. അല്ലെങ്കിൽ ഇനിയും കേസ്സ് കൊടുത്ത് മുന്നോട്ടു പോകും.

## അനുബന്ധം - III

## അമേരിക്കൻ അറിവുകേടിൻെറ അന്തസ്സില്ലാത്ത അരങ്ങേററം

**(സഭ്യമായ ഭാഗങ്ങൾ മാത്രമേ ചേർത്തിട്ടുള്ളു)**

"അന്ത്യോഖ്യാ എന്ന നാമം മലങ്കര സഭാചരിത്രത്തിൻെറ താളുകളിൽ സ്ഥാനം പിടിച്ചിട്ട്, ചുരുങ്ങിയ കാലങ്ങളേ ആയിട്ടുള്ളു. അത് ഇനി മേലിലെങ്കിലും സഭാ ചരിത്രത്തിൻെറ താളുകളിൽ കടിച്ചുതൂങ്ങിക്കിടന്ന് ഈ സഭയെ നശിപ്പിക്കാൻ അവസരം കൊടുക്കാതെ അത് തുടച്ചു മാററുവാനുള്ള സമയം അതിക്രമിച്ചു കഴിഞ്ഞിരിക്കുകയാണ്.... മലങ്കര സഭാ ഗാത്രത്തിൽ കടിച്ചു പററിക്കിടന്ന് ഇതിനെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ചിതൽപ്പുററാണ് അന്ത്യോഖ്യാ എന്നുള്ളത് നാം കണ്ടുകഴിഞ്ഞു. ഇന്നിതാ മലങ്കര സഭയിൽ പ്രശ്നങ്ങൾ ഉണ്ടാക്കുവാനായി, ഒരു എതിർ കാതോലിയ്ക്കായെയും പടച്ചു വിട്ടിരിക്കുന്നു..... ശീമക്കാരുടെ ഈ ശീമത്തരം മലങ്കരയിൽ തുടരാൻ നാം അനുവദിച്ചു കൂടാ. ആകയാൽ അന്ത്യോഖ്യാ പാത്രിയർക്കീസിൻെറ നാമം നമ്മുടെ* തുബ്ദേനിൽ നിന്നും നമ്മുടെ ഭരണ ഘടനയിൽ നിന്നും തുടച്ചു വെടിപ്പാക്കി ഈ ചിതൽപ്പുററ് തുടച്ചു നീക്കി അതിനെ ശുദ്ധീകരിക്കുവാനുള്ള കാലം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നതിനാൽ സഭാ നേതൃത്വം അതേപ്പററി എത്രയും വേഗം പുന:പരിശോധന നടത്തണമെന്ന് വിനീതമായി അപേക്ഷിക്കുകയാണ്."

### സഭാഭരണഘടനയിലെ അന്ത്യോഖ്യാ

"മലങ്കര സഭാഭരണഘടനയിൽ അന്ത്യോഖ്യാ എന്നൊരു നാമം ഉണ്ടായിരുന്നില്ല എന്നുള്ള കാര്യം നാം ഓർത്തിരിയ്ക്കേണ്ടതാണ്. 1934 ൽ വട്ടശ്ശേരിൽ തിരുമേനി പാസാക്കിയെടുത്ത ഭരണഘടനയിൽ അന്ത്യോഖ്യാ ഉണ്ടായിരുന്നില്ല. പിന്നീട് പ്രസിദ്ധീകരിച്ച പതിപ്പുകളിലൊന്നും തന്നെ അന്ത്യോഖ്യാ കാണുന്നില്ല. ഭരണഘടനയുടെ ഒന്നാമത്തെ ഖണ്ഡികയിൽ പാത്രിയർക്കീസ് എന്നൊരു നാമം ചേർത്തിരിക്കുന്നു. അവിടെ അന്ത്യോഖ്യാ ഉണ്ടായിരുന്നില്ല. എന്നാൽ അടുത്ത സമയത്ത് പ്രസിദ്ധീകരിച്ച ഭരണഘടനയിൽ ചൊരുകിക്കയററിയ* നാമമാണ് അന്ത്യോഖ്യാ എന്നുള്ളത്. സഭാ നേതൃത്വം അറിയാതെ സഭയുടെ അസോസിയേഷൻ അറിയാതെ ആരോ തിരുകിക്കയററിയ അന്ത്യോഖ്യാ എന്നുള്ള നാമം സഭാഭരണഘടനയിൽ നിന്നും മാററിക്കളയുവാൻ ഇനിയുമെങ്കിലും സഭാ നേതൃത്വം ശ്രദ്ധിക്കേണ്ടതാണ്. അഥവാ മലങ്കര സഭയെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന ഈ ചിതൽപ്പുററ് മലങ്കര സഭാ ഭരണഘടനയുടെ ആദ്യത്തെ താളുകളിൽ നിന്നും എത്രയും വേഗം തുടച്ചുവെടിപ്പാക്കേണ്ടതാണ്."

### തുബ്ദേനിലെ പാത്രിയർക്കീസ്

"ഒന്നാം തുബ്ദേനിലും, അന്ത്യോഖ്യാ പാത്രിനർക്കീസന്മാരുടെ നാമം ചൊരുകിക്കയററിയിട്ടുണ്ട്. മലങ്കര സഭയെ തുരന്നു നശിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ ശീമകളുടെ നാമം തുബ്ദേനിൽ സ്മരിക്കേണ്ടതുണ്ടോ എന്ന് നാം അടിയന്തിരമായി ചിന്തിയ്ക്കേണ്ടതാണ്."

"ഇക്കഴിഞ്ഞ ഞായറാഴ്ച മലങ്കരയിലെ ഏതാണ്ട് നാൽപതോളം പള്ളികളിൽ ഞങ്ങൾ അറിഞ്ഞതനുസരിച്ച് അന്ത്യോഖ്യാ പാത്രിയർക്കീസന്മാരുടെ നാമം മാററിക്കളഞ്ഞു കഴിഞ്ഞിട്ടുണ്ട്*. ഈ ഇടവകകളെയും അതിലെ വികാരിമാരെയും ഞങ്ങൾ അനുമോദിക്കുന്നതോടൊപ്പം ധീരന്മാരായ ആ വികാരിമാരുടെ കാല്പാടുകളെ പിന്തുടരുവാൻ മലങ്കരയിലെ മററ് വൈദികരും മുമ്പോട്ടുവരണമെന്ന് ഞങ്ങൾ സ്നേഹപൂർവ്വം അനുസ്മരിപ്പിക്കുകയും, അഭ്യർത്ഥിക്കുകയുമാണ്. മലങ്കര സഭയിൽ ശീമത്തരം കാണിക്കുന്ന

---

* നമ്മുടെയല്ല, 'ശീമ'കളുടെ തുബ്ദേൻ ആണ്. മുഴുവൻ കുർബ്ബാന തക്സയും ശീമകളുടേത് തന്നെയാണ്. നമ്മുടേത് എന്നു പറയുവാൻ ഒന്നുമില്ല. കൈവയ്പ്പും, പൗരോഹിത്യ വേഷങ്ങളും വരെ ശീമകളുടേതു തന്നെ.



www.malankaralibrary.com

www.malankaralibrary.com

ശീമകളുടെ നാമം നാം തുടച്ച് വെടിപ്പാക്കി സഭയെ ശുദ്ധീകരിക്കേണ്ടതാണ്. നമ്മുടെ വരുന്ന തലമുറയുടെ തലച്ചോറിനുള്ളിലെങ്കിലും അവരും വെറും ശീമകളായിപ്പോകാതെ ഈ നാമം തുടച്ചുമാററി നമ്മുടെ* ആരാധനയും ആരാധനക്രമങ്ങളും പവിത്രീകരിക്കേണ്ടതാണ്. അതിനായി സഭാ നേതൃത്വം ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വിനീതമായി അപേക്ഷിക്കുകയാണ്, അഭ്യർത്ഥിക്കുകയാണ്, നിർബന്ധിക്കുകയാണ്. ഞങ്ങളുടെ ദേവാലയങ്ങളും ഞങ്ങളുടെ കുഞ്ഞുങ്ങളും സഭയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചുണ്ടാക്കി വിടുന്ന ഈ ശീമകളുടെ നാമത്താൽ അശുദ്ധമായി പോകാതെ സഭാ നേതൃത്വം അടിയന്തിരമായി ശ്രദ്ധിക്കണമെന്നപേക്ഷിക്കുന്നതോടൊപ്പം കഴിഞ്ഞ ഞായറാഴ്ച ഈ നാമം തങ്ങളുടെ പള്ളികളിൽ നിന്നും തുടച്ചുമാററിയ വികാരിമാരുടെ കാല്പാടുകളെ പിന്തുടരുവാൻ മററുള്ള വികാരിമാരും നേതൃത്വം നൽകണമെന്ന് സ്നേഹപൂർവ്വം അപേക്ഷിക്കുകയും കൂടി ചെയ്യുന്നു.

ഇത്തരം ഉള്ളിലിരുപ്പുമായാണ് ഓർത്തഡോക്സ് നേതാക്കൾ സമാധാന ചർച്ച നടത്തിയത് ! അവയെല്ലാം അലസിപ്പോയതിൻെറ കാരണം വേറെ അന്വേഷിക്കണമോ? ഓർത്തഡോക്സ് സൺഡേസ്കൂളുകളിലും മററും പഠിപ്പിച്ചു വിടുന്ന ഇത്തരം ദൂഷണങ്ങൾ തലയിലാക്കിവച്ചിരിക്കുന്നവരുമായി ഒരു സഭയായി ഒന്നിച്ചു പോകുവാൻ കഴിയുകയി ല്ലല്ലോ. പരിഹാരം നീതിപൂർവ്വമായ വിഭജനം മാത്രം.

## അനുബന്ധം - IV

### 100 വർഷം മുമ്പ് പ. പരുമല തിരുമേനി നല്കിയ കല്പന

നിരണം മുതലായ ഇടവകകളുടെ മോർ ഗ്രീഗോറിയോസു മെത്രപ്പോലീത്തായിൽ നിന്ന് നമ്മുടെ നിരണം മുതലായ എല്ലാ ഇടവകകളിലും ഉൾപ്പെട്ട പള്ളികളുടെ വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയമുള്ളവരെ !

ഈ കാലങ്ങളിൽ വേദതർക്കങ്ങളും കള്ള ഉപദേഷ്ടാക്കളും വർദ്ധിച്ചിരിക്കുന്നു എന്നും നാൾക്കുനാൾ സത്യവിശ്വാസത്തിനെതിരായ മതങ്ങളും തന്നിഷ്ട ഉപദേശങ്ങളും തന്നിഷ്ട നടപടികളും ചില ഗൃഹശാസ്ത്രികൾ പ്രസ്താവിക്കുന്ന വ്യർത്ഥമായ ഗണിതങ്ങളെ കേട്ട് ഭ്രമിച്ചുകൊണ്ട് സ്ഥിരവിശ്വാസികളായ മററുള്ളവരെക്കൂടി ഭ്രമിപ്പിക്കുന്നവരും നമ്മുടെ രക്ഷിതാവിനാലും തൻെറ വി.ശ്ലീഹന്മാരാലും ബാവാമാരാലും സ്ഥിരപ്പെടുത്തപ്പെട്ടിരിക്കുന്ന അടിസ്ഥാനത്തിൽ നിന്നും ലാക്കിൽ നിന്നും തെററി വെറി പിടിച്ചോടി നടക്കുന്നവരും നിഗളത്താലും അഹംഭാവത്താലും ദുഷ്ടാത്മാവിൻെറ വാഹനമായിത്തീർന്നു കൊണ്ട് പരിശുദ്ധാത്മാവുള്ളവരുടെ ഭാവം നടിക്കുന്ന ദുരുപദേശികളും മററും ഇപ്പോൾ എല്ലാ സ്ഥലങ്ങളിലും ഓടിനടക്കാൻ തക്കവണ്ണമുള്ള പരീക്ഷകൾ ഉണ്ടാകുമെന്നും നമ്മുടെ രക്ഷിതാവു കല്പിച്ചിട്ടുള്ള തിരുമൊഴികളെ നിങ്ങൾ പ്രത്യേകം ഓർക്കണം. പിന്നെയും അവരുടെ നടപടികളുടെ അവസാനത്തെ പരിശോധിച്ചു കൊൾവിൻ എന്നു വി.ശ്ലീഹാ കല്പിച്ചിട്ടുള്ളതുപോലെ ഈ ഇടക്കാലങ്ങളിൽ കാണപ്പെട്ട ചില ദുരുപദേശ നടപടികളെയും അവരുടെ അവസാനത്തെയും പരിശോധിച്ചാൽ അവകൾ അബദ്ധമായിട്ടുള്ളതെന്നു വെളിപ്പെടുന്നു.

1) വിദ്വാൻകുട്ടി മുതൽ അവരുടെ ആരംഭത്തെയും അവരുടെ അവസാനത്തെയും ഓർപ്പിൻ. 2) ഡേവിഡ് മുതൽ പേരുടെ ഉപദേശങ്ങളെയും അവരുടെ അവസാനത്തെയും പരിശോധിപ്പിൻ. 3) രക്ഷണീയ സൈന്യങ്ങളുടെ അടിസ്ഥാനമില്ലാത്ത വിശ്വാസത്തെയും അബദ്ധമായ അവരുടെ നടപടികളെയും നോക്കുവിൻ. 4) മേല്പറഞ്ഞ വശങ്ങളോടു കൂടി അല്ലയോ ഇപ്പോൾ ചിലർ നമ്മുടെ ഇടയിൽ വന്നിറങ്ങിയിട്ടുള്ളതും. എന്നാൽ നിങ്ങളിൽ ചിലർ അവരുടെ വചനങ്ങൾക്ക് ചെവികൊടുക്കുന്നതായും മററും അറിഞ്ഞു നാം വ്യസനിക്കുന്നു. പ്രിയമുള്ളവരെ, സത്യാത്മാവിനാൽ ഉള്ളവകളുടെ ആരംഭം ലഘുവായും അവരുടെ അവസാനം വലിപ്പമായും സ്ഥിരമായും ഇരിക്കും. ദുഷ്ടാത്മാവിനാൽ ഉള്ളവക

* അവയെല്ലാം "ശീമ"തന്നെ.



www.malankaralibrary.com

www.malankaralibrary.com

ളുടെ ആരംഭം വിദ്വാൻകുട്ടി മുതൽ പേരുടേതു പോലെ ഘോരമായും അവസാനം നിസ്സാരമായും അബദ്ധമായും ഇരിക്കും. മാതാപിതാക്കന്മാർക്കും ഗുരുഭൂതന്മാർക്കും സഭയ്ക്കും കീഴ്പ്പെട്ടിരിക്കുന്ന മക്കൾ അവരുടെ പിന്നടികളിൽ നിന്ന് വിട്ട് ഉല്ലാസങ്ങൾക്കും ആഹ്ലാദങ്ങൾക്കും, മദ്യപാനം, വേശ്യാദോഷം, ദുർമ്മാർഗ്ഗം മുതലായ തോന്നിയവാസങ്ങളിലേക്ക് പോകുവാൻ വിടാതിരിക്കുന്നതിൽ തൽക്കാലം അവർക്കു ദുഃഖവും അവസാനം അവർക്കു വലിയ സന്തോഷവും ഉണ്ടാകുന്നതാണ്. മേല്പറഞ്ഞ കീഴനുസരണത്തിൽ അല്ലാതെ തന്നിഷ്ടമായി നടക്കപ്പെടുവാൻ ഇടവരുന്ന ബാലന്മാർക്കു തത്സമയം സന്തോഷവും അവസാനം ദുഃഖവും നേരിടുന്നതാകുന്നു. ഗുരുഭൂതന്മാർക്ക് കീഴ്പ്പെട്ട് വരുതിപ്രകാരം നടക്കാതെ തോന്നിയവാസമായി നടക്കുന്ന പൈതങ്ങൾ ക്ലാസിൽ നിന്നു തള്ളപ്പെട്ടവരായി തീരും. ഇടയൻെറ ശബ്ദം ഗണ്യമാക്കാതെ കൂട്ടത്തിൽ നിന്നു തെററിപ്പോകുന്ന ആടുകൾ കുഴിയിലോ ദുഷ്ടമൃഗങ്ങളുടെ കൈയിലോ അകപ്പെട്ടു നഷ്ടമായി തീരുന്നതല്ലാതെ ആട്ടിൻതൊഴുത്തിൽ പ്രവേശിച്ച് ആശ്വസിപ്പാനിടയാകുന്നതല്ല. മാതാപിതാക്കന്മാർക്കു അനുസരണമില്ലാതെ അവരുടെ ശത്രുക്കളോടു ചേർന്നു വിരോധികളായിത്തീർന്നാൽ അവരുടെ ശാപത്തിനു പാത്രീഭവിക്കയും അവരുടെ അവകാശത്തിന് ഇതരന്മാരായിത്തീരുകയും ഇഹത്തിലും പരത്തിലും അവർ അയോഗ്യന്മാരായിരിക്കയും ചെയ്യുന്നതാണ്. എൻെറ പുത്രാ നിൻെറ പിതാവിൻെറ നിയമത്തെ അനുസരിച്ചു കൊൾക എന്നും നിൻെറ മാതാവിൻെറ നിയമത്തെ മറന്നുപോകരുതെന്നും ഉള്ള പരിശുദ്ധ റൂഹായുടെ വചനത്തെ ഓർത്തുകൊൾവിൻ. നമ്മുടെ പിതാവായ സർവ്വശക്തൻ നമുക്കു നിയമിച്ചിട്ടുള്ള വിശ്വാസ നിയമത്തെയും നമ്മുടെ മാതാവായ വിശുദ്ധ സഭ നമുക്കു നിശ്ചയിച്ചിട്ടുള്ള വിശ്വാസ നടപടികളെയും മറന്നു പോകരുത്. ആദ്യം ഏലോഹിംമക്കൾ എന്നു പറയപ്പെടുന്ന ശേത്തിൻെറ മക്കൾ അവരുടെ പിതാവായ ആദാമിൻെറ വരുതിവിട്ട് മനുഷ്യ മക്കൾ എന്നു പറയപ്പെടുന്ന കായേൻ മക്കളോടുകൂടി ചേർന്നുല്ലസിച്ച് ദുർമ്മാർഗ്ഗത്തിൽ നടന്നു ദുഷ്ടസന്തതികൾ ജനിച്ചു പിഴച്ച കൂട്ടമായി തീരുകയാൽ ദൈവകോപം അവരിൽ ഉണ്ടായി. ജലപ്രളയത്താൽ ആ തലമുറ ഒന്നൊയും നശിപ്പിച്ചു കളവാൻ ഇടയായി.

ആകയാൽ പ്രിയമുള്ളവരെ നിങ്ങൾ അനുസരണക്കേടിൻെറ സന്തതികളല്ല, മേല്പറഞ്ഞ പരിശുദ്ധാത്മാവിൻെറയും പരിശുദ്ധ മാതാവിൻെറയും അനുഗ്രഹിക്കപ്പെട്ട ഏലോഹിം മക്കൾ അത്രെ. ആ നമ്മുടെ മാതാപിതാക്കന്മാരുടെ അനുസരണതതത്തിൽ നിന്ന് വിട്ട് പൈശാചിക കൂട്ടത്തോടു ചേർന്ന് തോന്ന്യവാസ നടപടികളിലും വിശ്വാസം തെററിലും ആരും മനസ്സുവെച്ചു പോകരുത്. നിങ്ങളുടെ മക്കളെ, അവർ ദൈവത്തിൻെറ മക്കളായിത്തീരുവാൻ തക്കവണ്ണം അവരെ സത്യവിശ്വാസത്തിലും സത്യ നടപടികളിലും ഭയഭക്തിയിലും അനുസരണത്തിലും സ്നേഹത്തിലും വളർത്തുവാൻ. **പള്ളിയിൽ പട്ടക്കാർ പ്രസംഗിക്കുന്നതും കൂടാതെ തിരഞ്ഞെടുത്ത കൈവെപ്പോടും കല്പനയോടും കൂടെ അയക്കപ്പെടുന്ന ഉപദേശികളെക്കൊണ്ടും പ്രസംഗം നടത്തിച്ചു കൊൾവിൻ. അല്ലാതെ ഉപദേശികളെന്നു പറഞ്ഞു വരുന്ന മതവിരോധികളെക്കൊണ്ടും കല്പിക്കപ്പെട്ടി രിക്കുന്ന നോമ്പ്, നമസ്ക്കാരം, കുരിശുവര, കുമ്പിടീൽ, കുർബാന, കുമ്പസ്സാരം, മാമോദിസ, രോഗികൾക്കുള്ള സൈത്തുപൂശൽ മുതലായ കർമ്മങ്ങളും തമ്പുരാനെ പെററമ്മയോടും, പരിശുദ്ധന്മാരോടുമുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകളും മററും നിസ്സാരമെന്നു വെച്ച് അവയെ ആദരിക്കാതെ നിന്ദിക്കുന്ന കള്ള ഉപദേഷ്ടാക്കളെക്കൊണ്ടും പള്ളിയിൽ വച്ചോ നിങ്ങളുടെ കൂട്ടത്തിൽവച്ചോ പ്രസംഗിപ്പിക്കയും അവരുടെ ദുരുപദേശങ്ങളെ കേൾക്കയും ചെയ്തു പോകരുത്. അങ്ങനെയുള്ളവർ വഞ്ചകന്മാരാകയാൽ അവർക്കു നിങ്ങൾ സ്ഥലം കൊടുക്കയും അരുത്. എന്നാൽ ആരെങ്കിലും അനുസരണംവിട്ട് അതിന് എതിർത്തു പ്രവർത്തിക്കുന്നതായി കാണപ്പെട്ടാൽ അവനെ നമ്മുടെ കൂട്ടത്തിൽ അന്യനായി വിചാരിച്ചു കൊള്ളുകയും വേണം.**

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും വാഴ്വും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. അതു കൃപനിറഞ്ഞിരിക്കുന്ന മാതാവിൻെറയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ ആമ്മീൻ.

1889 ന് കൊല്ലം 1073 മകരം 23-നു കല്ലുങ്കത്ര പള്ളിയിൽ നിന്നും



www.malankaralibrary.com

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com